2025 SEPTEMBER
VOL 24
ISSUE 9
PAGE 48
PRICE ₹50

# കെയ്റോസ്


കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക

## കൊടുങ്കാറ്റിലും അണയാത്ത വഴിവിളക്കുകൾ

സാജൻ സി എ

# "ചെന്നായ്ക്കളുടെ ഇടയിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു"

(മത്തായി 10, 16)



JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



Painting: Virgin Mary in Pray, 1872

## സെപ്റ്റംബർ 8 – പരിശുദ്ധ കന്യകാ മേരിയുടെ ജനന തിരുനാൾ

പരിശുദ്ധ കന്യകാ മേരിയുടെ ജന്മദിനം സെപ്റ്റംബർ 8നാണ് കത്തോലിക്കാ സഭ ആഘോഷിക്കുന്നത്. ഡിസംബർ 8ന് ആഘോഷിക്കുന്ന അമലോത്ഭവ തിരുനാൾ കഴിഞ്ഞ് ഒമ്പതു മാസങ്ങൾക്കു ശേഷമാണ് ഈ തിരുനാൾ. കന്യകാ മേരിയുടെ ജനനത്തെക്കുറിച്ച് ബൈബിൾ വിശദമായി പറയുന്നില്ലെങ്കിലും, പാരമ്പര്യത്തിന്റെയും ആരാധനാക്രമത്തിന്റെയും അടിസ്ഥാനത്തിലാണ് സഭ ഈ ദിനം ആഘോഷിക്കുന്നത്.

**എഡിറ്റേഴ്സ് റൂം -**
**അഡ്വ. കെ.ജെ. ജോൺസൺ**
jjadvocatesjy@gmail.com



# ഒന്നും പകരം വയ്ക്കാനില്ല

റഷ്യൻ സാഹിത്യകാരനായ ആന്റൺ ചെക്കനോവ് 1989ൽ എഴുതിയ ഒരു ചെറുകഥയാണ് 'The Bet'. നഗരത്തിലെ നിശാ പാർട്ടിക്കിടയിൽ കണ്ടുമുട്ടിയ ബാങ്കറും ഒരു നിയമജ്ഞനും പരസ്പരം വാഗ്വാദത്തിൽ ഏർപ്പെട്ട് ഒരു ബെറ്റ് വയ്ക്കുന്നതാണ് ഇതിന്റെ ഇതിവൃത്തം. 15 വർഷം ഏകാന്ത തടവിൽ കഴിഞ്ഞാൽ നിയമജ്ഞന് 200 മില്യൺ റൂബിൾ കൊടുക്കാമെന്ന ബാങ്കറുടെ വെല്ലുവിളി ഏറ്റെടുക്കുന്ന നിയമജ്ഞൻ ഏകാന്ത തടവിൽ കഴിയുന്നു. ബെറ്റിന്റെ കാലാവധി തീരുന്നതിനു മുൻപ് ബാങ്കർ പാപ്പരാകുന്നു. പണം കൊടുക്കാനാവാതെ നിയമജ്ഞനെ കൊല്ലാൻ ശ്രമിക്കുന്ന ബാങ്കർ ബെറ്റിന്റെ അവസാന ദിവസം കണ്ടത്, മരണപ്പെട്ടു കിടക്കുന്ന നിയമജ്ഞനെയാണ്, കൂടെ ഒരു കത്തും. പണം എന്നത് ഒരു മായക്കാഴ്ചയാണ്, എനിക്ക് 200 മില്യൻ റൂബിൾ വേണ്ട എന്നതാണ് അതിലെ വരികൾ.


പണത്തെ ദൈവത്തിനു പകരമായി കാണുന്ന ആധുനിക കാലത്ത് ഈ കഥ കാലിക പ്രസക്തമാണ്. ദൈവത്തിനു പകരം ദൈവം മാത്രം. ഒന്നാം പ്രമാണം നമ്മെ ഓർമപ്പെടുത്തുന്നത് ദൈവത്തിന്റെ അനന്തമായ ശക്തിയിൽ ആശ്രയിക്കാനും ജീവിതത്തിന്റെ പ്രതീക്ഷകളെയും പ്രവർത്തനങ്ങളെയും ദൈവത്തിന്റെ പരിപാലനയ്ക്കു വിട്ടുകൊടുക്കാനുമാണ്. ദൈവത്തെ മാത്രം ആരാധിക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയോടും സഭ ആവശ്യപ്പെടുന്നത്. വിശ്വാസത്തിന്റെ മൂലക്കല്ലായിരിക്കുന്നത് ഈ ദൈവിക ആരാധനയാണ്. പ്രശസ്തനായ ഒരു വ്യക്തി തന്റെ ജീവിതത്തെക്കുറിച്ചു പറഞ്ഞപ്പോൾ ശക്തമായി പ്രചോദിപ്പിച്ച കാര്യം ഇതായിരുന്നു: "കുറച്ചു സമയം ആരാധന ചാപ്പലിൽ ചെലവഴിച്ചുകൊണ്ടാണ് ഞാൻ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാറുള്ളത്."

ദിവസം പതിനായിരം രൂപയിലധികം വരുമാനമുള്ള ഒരു വ്യക്തിയെ പരിചയപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞ ഒരു കാര്യം: ഞാൻ ഒരു ഷൂ വാങ്ങുന്നതിന് മുൻപ് ദൈവത്തിനോട് ആലോചന ചോദിച്ചിട്ടേ വാങ്ങൂ എന്നതാണ്. ഓരോ ചെറിയ കാര്യങ്ങളിലും ദൈവത്തിനു മുൻഗണന കൊടുക്കുവാൻ ശ്രമിക്കുന്നതാണ് ദൈവാരാധനയുടെ കാതലായ വശം.

മിണ്ടാമഠത്തിലെ സിസ്റ്റർമാരെ കുറിച്ച് അറിയാനിടയായി. പുറത്തുനിന്നുള്ളവരെ കാണുന്നില്ലെങ്കിലും സമകാലീന ജീവിതത്തിന്റെ സൗകര്യങ്ങൾ ഇല്ലെങ്കിലും അവരുടെ മുഖങ്ങൾ ദീപ്തമാണ്. ഓരോ ദിവസവും ദൈവത്തിലേക്ക് അടുക്കുകയാണ് അവർ ചെയ്യുന്നത്.

നിയമാവർത്തന പുസ്തകത്തിൽ നാലാമത്തെ അധ്യായത്തിൽ ദൈവം നൽകിയ വർണിക്കാനാകാത്ത അത്ഭുതങ്ങളെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചും പറയുന്നുണ്ട്. അവസാന വാചകം പറയുന്നു, "മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഗ്രഹിച്ച്, അത് ഹൃദയത്തിൽ ഉറപ്പിക്കുവിൻ. ആകയാൽ നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും നന്മയുണ്ടാകാനും ദൈവമായ കർത്താവ് നിങ്ങൾക്ക് ശാശ്വതമായി തരുന്ന ദേശത്ത് ദീർഘകാലം വസിക്കാനുംവേണ്ടി കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും പാലിക്കുവിൻ എന്ന് ഞാൻ നിങ്ങളോട് കൽപിക്കുന്നു."

ദൈവത്തിനു പകരംവയ്ക്കാൻ ഒന്നുമില്ല.



എഡിറ്റർ-ഇൻ-ചീഫ്

Kairos MEDIA

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*
**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*
**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*
**Printer and Publisher**
Reji J. Karot 9447394142
**Managing Trustee**
Ginees Francis 9562379515
**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*
**Editor-in-Chief**
Adv. K.J. Johnson 9447245745
**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)
**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591
**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644
**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106
**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:


Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

contents

06
09
12
14
16
20
24



**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org



## സ്നേഹപൂർവം ഒരു കത്ത്, നിങ്ങൾക്കായി

പ്രിയമുള്ളവരെ, കാൽ നൂറ്റാണ്ടോളം പഴക്കമുണ്ട് കെയ്റോസിന്റെ യാത്രയ്ക്ക്. ഈ നിമിഷംവരെ ദൈവാശ്രയത്തിൽ മാത്രമാണ് ചുവടു വയ്ക്കുന്നത്. അതുകൊണ്ടുതന്നെ ദൈവാത്മാവിന്റെ പരിപാലന എല്ലാ നിമിഷവും എല്ലാകാര്യങ്ങളിലും കാണാനുമാകുന്നു. യാതൊരുവിധ പരസ്യങ്ങളും ഇല്ലാതെയാണ് മാസിക നിങ്ങളുടെ കൈകളിലേക്ക് എത്തുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. മാസികയുടെ സബ്സ്ക്രിപ്ഷൻ തീരുന്ന മുറയ്ക്ക് നിങ്ങളെ ഓഫീസിൽനിന്ന് വിളിക്കുകയും അത് പുതുക്കുന്നതിനു വേണ്ട കാര്യങ്ങൾ ചെയ്യുന്നുമുണ്ട്. നിങ്ങളുടെ പ്രാർഥനയ്ക്കും സഹകരണത്തിനും പ്രത്യേകം നന്ദി പറയുന്നു.


മറ്റൊരു കാര്യംകൂടി ഓർമപ്പെടുത്തട്ടെ. നമ്മുടെ ഇടവകയ്ക്കും അയൽപക്കങ്ങൾക്കും കുടുംബ യൂണിറ്റുകൾക്കും മറ്റു കൂട്ടായ്മകൾക്കും കെയ്റോസ് മാസിക വിതരണം ചെയ്യുന്ന, ഒരു മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി 10 മാസികകളെങ്കിലും എടുക്കുവാൻ നിങ്ങൾക്കാകുമോ? അങ്ങനെയെങ്കിൽ മേൽപറഞ്ഞ ഇടങ്ങളിൽ ആളുകൾക്ക് മാസിക പരിചയപ്പെടാനും വായിക്കാനും മൂല്യങ്ങളെക്കുറിച്ചും ക്രിസ്തീയ ജീവിതശൈലികളെക്കുറിച്ചും പ്രചോദനാത്മകമായ ജീവിതരീതികളെക്കുറിച്ചുമൊക്കെ അറിയാനും അതിടവരുത്തും.

ദൈവവചനം പങ്കുവയ്ക്കാനും ദൈവാനുഭവങ്ങൾ മറ്റുള്ളവരിലേക്ക് പകർന്നു നൽകാനുമുള്ള ഈ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമാകാൻ കെയ്റോസ് നിങ്ങളെ ക്ഷണിക്കുന്നു. അതുവഴി സുവിശേഷവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമാകാനും ദൈവാനുഗ്രഹങ്ങൾ പ്രാപിക്കാനും നമുക്കിടയാകുന്നു.


നിങ്ങൾ ഓരോരുത്തരുടെയും ആത്മാർഥമായ പ്രാർഥനയും സഹകരണവും അഭ്യർഥിക്കുന്നു.

സ്നേഹത്തോടെ

**ചീഫ് എഡിറ്റർ**




വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
ജെ.വൈ. വിചിന്തനം
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും



ഫ്രം ദി ഹാർട്ട് – ഡോ. എഡ്വേർഡ് എടേഴത്ത്

കെമിസ്ട്രി വിഭാഗത്തിലെ എന്റെ സഹപ്രവർത്തകൻ ഒരു പ്രബന്ധാവതരണത്തിനായി ഓസ്ട്രേലിയയ്ക്ക് പോകാൻ ഒരുങ്ങുകയായിരുന്നു. വഴിയിൽ മറ്റു ചില നഗരങ്ങളിൽ തങ്ങേണ്ടതുണ്ടായിരുന്നു. ഭാര്യയും കുട്ടികളും ചേർന്ന് ആ ഇടങ്ങൾ കാണാൻ ചെറിയ പ്ലാനും. മടിച്ചുമടിച്ചാണ് അദ്ദേഹം എന്നെ സമീപിച്ചത്. "ആ രാജ്യങ്ങളിൽ ആരെയെങ്കിലും പരിചയമുണ്ടോ?" "തീർച്ചയായും എനിക്ക് അവിടെ ജീസസ് യൂത്ത് സുഹൃത്തുക്കളുണ്ട്," ഞാൻ മറുപടി നൽകി. സിംഗപ്പൂരിലും ഓസ്ട്രേലിയയിലും മറ്റു സ്ഥലങ്ങളിലുമുള്ള എന്റെ ജെ.വൈ സുഹൃത്തുക്കളുമായി ഞാൻ അദ്ദേഹത്തെ ബന്ധപ്പെടുത്തി. അവിടെ എത്തിയപ്പോൾ, അദ്ദേഹത്തെ അവർ ഊഷ്മളമായി സ്വാഗതം ചെയ്തു, ചുറ്റിനടന്ന് കാണിക്കുകയും ഒക്കെ ചെയ്തു. ഈ ജീസസ് യൂത്ത് സുഹൃത്തുക്കളുടെ ഊഷ്മളമായ സ്വീകരണവും അടുത്ത ബന്ധങ്ങളും അദ്ദേഹത്തിന് ഏറെ അതിശയകരമായിരുന്നു. തിരിച്ചെത്തിയ ശേഷം, ജീസസ് യൂത്ത് എന്ന ഈ അത്ഭുത ശൃംഖലയെപ്പറ്റി പറയാൻ അദ്ദേഹത്തിന് നൂറ് നാവായിരുന്നു.

# ചെറുതാകുന്ന ലോകവും വിശാലമാകുന്ന ഹൃദയങ്ങളും; അതാണ് ജെ.വൈ ശൃംഖല

ജീസസ് യൂത്തിലുള്ളവർക്ക് ഈ അടുപ്പവും കുടുംബസമാനമായ ബന്ധവും ഒക്കെ സാധാരണമാണ്. മറ്റുള്ളവരുടെ പ്രതികരണം കാണുമ്പോഴാണ് ഇതിന്റെ വലിയ പ്രത്യേകത തിരിച്ചറിയുക. ദക്ഷിണേന്ത്യയിൽ ചെറിയ രീതിയിൽ ആരംഭിച്ച ഈ ചെറു മുള, ഇന്ന് എല്ലാ പ്രധാന രാജ്യങ്ങളിലേക്കും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ഈ വ്യാപനത്തിനിടയിൽ നേതാക്കൾക്കിടയിലെ അടുത്ത ബന്ധവും ഹൃദ്യമായ ഇടപെടലുകളും ഈ ശൃംഖലയെ വ്യത്യസ്തമാക്കുന്നു. അതിനുമപ്പുറം ആതിഥ്യമര്യാദയും സേവന സന്നദ്ധതയുമുള്ള ഒരു സംസ്കാരം അതിന്റെ തനിമയാണ്. ഈ സൗഹൃദത്തിന്റെയും ഔദാര്യത്തിന്റെയും ഒരു ചെറിയ ഗുണഭോക്താവായി എന്റെ സുഹൃത്ത്.

## ഇല്ലിമുളം കാടുകൾ – ഒരു കടയിൽ ഒരുമയോടെ

മുള നട്ടുവളർത്തുക എന്റെ ഭാര്യയുടെ വലിയ ഇഷ്ടങ്ങളിൽ ഒന്നാണ്. അങ്ങനെ പുരയിടത്തിൽ കുറേ തരം മുളകൾ നട്ടുപിടിപ്പിച്ചിട്ടുമുണ്ട്, മുളങ്കാടുകളെ ശ്രദ്ധിച്ചിട്ടുണ്ടോ? ഒരുമയോടെ ഉയരത്തിൽ പൊങ്ങി നിൽക്കുന്ന ഈ മരങ്ങൾ ഓരോന്നായി എടുത്താൽ വലിയ ഉറപ്പൊന്നും ഉള്ളതല്ല. പക്ഷേ, മണ്ണിനടിയിൽ വേരുകളും മുകളിൽ ചില്ലകളും ശൃംഖല തീർക്കുന്നതിനാൽ ശക്തമായ കാറ്റിന് പോലും അവയെ വീഴ്ത്താൻ കഴിയാത്തവിധം അവ തലയുയർത്തി നിൽക്കുന്നു. മറ്റ് കൂറ്റൻ മരങ്ങൾ കാലവർഷക്കാറ്റിൽ ആടിയുലഞ്ഞ് നിലം പതിച്ചേക്കാം; പക്ഷേ, ഈ മുളങ്കാടുകൾ അതിനിടയിലും തലയുയർത്തി നിൽക്കും.



എന്റെ ഹൈസ്കൂൾ കാലം കഴിഞ്ഞ് ഏറെ താമസിയാതെ സംഭവിച്ച ഒരു നല്ല കാര്യം ഞാൻ ആഴ്ചയിൽ ഒരിക്കൽ ഒത്തുകൂടുന്ന ഒരു നല്ല പ്രാർഥനാ കൂട്ടായ്മയുടെ ഭാഗമായി എന്നതാണ്. ഒരു ബുധനാഴ്ച പോലും മുടങ്ങാതിരിക്കാൻ ഞാൻ ശ്രമിക്കുമായിരുന്നു. എല്ലാവരും തമ്മിലുള്ള നല്ലൊരു ബന്ധവും ദൈവഹിതം തേടാനും ദൈവസ്തുതിയുടെ ഒരു ജീവിതം കെട്ടിപ്പടുക്കാനും അവരുടെ തീക്ഷ്ണതയും ഒക്കെ എന്റെ ആത്മീയ വളർച്ചയ്ക്ക് വലിയൊരു സഹായമായിരുന്നു. അതുകൊണ്ടുതന്നെയാണ് ആ ഒത്തുചേരലുകൾ ഒഴിവാക്കുക വലിയ നഷ്ടമായി തോന്നിയിരുന്നത്.

രണ്ടുവർഷത്തിനു ശേഷം, മറ്റു യുവജന ഗ്രൂപ്പുകളുമായി ബന്ധപ്പെടാനുള്ള നല്ലൊരു അവസരം ലഭിച്ചപ്പോൾ, ഞങ്ങൾ എല്ലാവരും ഏറെ ആവേശഭരിതരായിരുന്നു. മറ്റു ഗ്രൂപ്പുകളിലെ യുവാക്കളോട് ഒത്തുകൂടാനും സഹകരിക്കാനും താത്പര്യമുണ്ടോ എന്ന് അന്വേഷിക്കാൻ വിവിധ ഇടങ്ങളിലേയ്ക്ക് യാത്ര ചെയ്തത് ഞാനായിരുന്നു. എന്നാൽ, സ്വപ്നങ്ങൾ മെനയാനും ആശയങ്ങൾ രൂപീകരിക്കാനും അതിനു പുറകിൽ വേണ്ട എല്ലാ സഹായങ്ങൾ ചെയ്യാനും എന്റെ കൂട്ടായ്മയിലെ ഔദാര്യമതികളായ അനേകരുണ്ടായിരുന്നു. ഒരു ഹൃദ്യമായ കൂട്ടായ്മയിൽ വേരൂന്നിയേ നന്മയുടെ വലിയ ഒരു ശൃംഖല പണിയാനാകൂ എന്ന് പരിശുദ്ധാത്മാവ് പഠിപ്പിക്കുകയായിരുന്നു. കുറച്ചു മാസങ്ങളും വർഷങ്ങളും കൊണ്ട് യുവ നേതാക്കളുടെയും ഗ്രൂപ്പുകളുടെയും ഒരു ശൃംഖല രൂപപ്പെട്ടു വളർന്നു. പിന്നീട് ഈ മുളങ്കാടിന് ഒരു പേരും ലഭിച്ചു – ജീസസ് യൂത്ത് മുന്നേറ്റം.

## ശൃംഖല തീർക്കണമോ വേണ്ടയോ?

ഇക്കാലത്ത്, പലർക്കും തനിയെ പോകാനാണ് താത്പര്യം. ജീവിതം ഒരു മത്സരമാണെന്നും

വിജയിക്കണമെങ്കിൽ ഒറ്റയ്ക്ക് നടക്കണമെന്നും പലരും വിശ്വസിക്കുന്നു. വ്യക്തികൾ മാത്രമല്ല, അനേക കുടുംബങ്ങളും കൂട്ടായ്മ വിരോധികളാണ്. പല മാതാപിതാക്കളും കുട്ടികളോട് മറ്റുള്ളവരുമൊത്ത് സമയം പാഴാക്കരുതെന്ന് പ്രത്യേകം നിർദേശിക്കാറുണ്ട്. പലരും ഗ്രൂപ്പുകൾ ഉണ്ടാക്കിയാലും മറ്റു ഗ്രൂപ്പുകളുമായി മത്സരിച്ച് വിജയിക്കാനുള്ള ഒരു വഴിയായി മാത്രമാണ് അതിനെ കാണുന്നത്. അതിലും മോശം, ഏകാന്ത പാതയെ പ്രോത്സാഹിപ്പിക്കുകയും വ്യക്തിപരമായ പൂർണതയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്ന ആത്മീയ വഴികൾ ഇന്ന് വർധിച്ചുവരുന്നു എന്നതാണ്. ഇതിന്റെയൊക്കെ പരിണിതഫലമോ? അവർക്ക് അടുത്ത സുഹൃത്തുക്കളില്ലെന്ന് പറയുന്ന ആളുകളുടെ ശതമാനം സമൂഹത്തിൽ ക്രമാതീതമായി വർധിക്കുന്നു. അതോടൊപ്പം ധാർമികവും മാനസികവുമായ വെല്ലുവിളികളും കൂടുന്നു.

ഇക്കാര്യത്തിൽ, ജീസസ് യൂത്ത് നല്ലൊരു വൈരുധ്യത്തിന്റെ അടയാളമാണ്. സുന്ദരമായൊരു  വിപരീത സംസ്കാരം. ഒരാൾ സൂചിപ്പിച്ചപോലെ, ജീസസ് യൂത്തിൽ, ആധ്യാത്മികതയുടെ ആറ് തൂണുകളല്ല, മറിച്ച്, കൂട്ടായ്മ എന്നൊരു വലിയ തൂണും മറ്റ് അഞ്ച് ചെറുതൂണുകളും. ഈ മുന്നേറ്റത്തിൽ, ഒത്തുകൂടുന്നതിനും നല്ല ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും ഒരു ടീം എന്ന നിലയിൽ ദൗത്യം ചെയ്യുന്നതിനും ഏറെ ഊന്നൽ ലഭിക്കുന്നു. ഒന്ന് ചിന്തിച്ചാൽ ഇതു തന്നെയായിരുന്നില്ലേ യേശുവിന്റെ ശൈലിയും? അവൻ തന്നോടൊപ്പം ആയിരിക്കാൻ ശിഷ്യരെ വിളിച്ചു. തന്റെ അനുയായികൾ മുന്തിരിവള്ളിയും ശാഖകളുംപോലെ നന്നായി ബന്ധപ്പെട്ടിരിക്കണമെന്ന് ആഗ്രഹിച്ചു. സൗഹൃദ ഗ്രൂപ്പുകളിൽ പോയി സുഹൃത്തുക്കളുടെ വലിയ ഒരു ശൃംഖല കെട്ടിപ്പടുക്കുക എന്നതായിരുന്നു യേശുവിന്റെ ദൗത്യ പദ്ധതി. അവൻ പറഞ്ഞു: "പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും"  (യോഹ 13, 35).

ചിലരുടെ ചോദ്യം നിങ്ങൾ കേട്ടിരിക്കാം, എന്തിന് ബന്ധങ്ങൾ? എല്ലാവരും സ്വാർഥർ. ഒറ്റയ്ക്കു പോകുന്നതല്ലേ നല്ലത്? മറിച്ചൊന്നു ചിന്തിക്കൂ, യേശു കാണിച്ചുതന്ന ദൈവം ഒരു കൂട്ടായ്മയാണ്. അവൻ നമ്മെ സൃഷ്ടിച്ചത് പരസ്പരം ബന്ധപ്പെടാനും സഹവാസം ആസ്വദിക്കാനുമാണ്. ഇതാണ് അടിസ്ഥാന മനുഷ്യ സ്വഭാവം. ഒത്തുകൂടി ഒരുമിച്ച് ജീവിതയാത്ര ചെയ്യുമ്പോൾ നാം ആനന്ദം അനുഭവിക്കുന്നു, വളരുന്നു.

യുവജന പ്രവർത്തന മേഖലയിൽ ഞാൻ ഇപ്പോഴും കാണുന്ന ഒരു കാര്യമുണ്ട്. ഒരു യുവാവ് ആദ്യമായി കൂട്ടായ്മയിൽ വരുമ്പോൾ ഏറെ അപകർഷതയും അവ്യക്തതയും ഒക്കെയായി അയാൾ കടന്നുവരും. പിന്നെ കുറച്ചു നാളത്തെ പങ്കാളിത്ത യാത്രയ്ക്കു ശേഷം വലിയൊരു മാറ്റം അയാളിൽ കാണാനാകും. മറ്റുള്ളവരുമായി സഹകരിക്കാനും, ജീവിതം ആഘോഷിക്കാനും എന്തെങ്കിലുമൊക്കെ നല്ല കാര്യങ്ങൾ ചെയ്യാനും ഒക്കെ അവളും അവനും പ്രാപ്തരായി തീരുന്നു. പലപ്പോഴും അതൊരു വലിയ

**മറ്റ് കൂറ്റൻ മരങ്ങൾ കാലവർഷക്കാറ്റിൽ ആടിയുലഞ്ഞ് നിലംപതിച്ചേക്കാം; പക്ഷേ. ഈ മുളങ്കാടുകൾ അതിനിടയിലും തലയുയർത്തി നിൽക്കും.**

അത്ഭുതമായി മാറുന്നു. ക്രിസ്തീയ ചിന്തയിൽ ആ വ്യക്തി ക്രിസ്തുഗാത്രത്തിലെ ഒരു കൈയോ കാലോ ഒക്കെയായിത്തീർന്ന് ആ ശരീരത്തിന്റെ വലിയ ദൗത്യത്തിന്റെ സജീവ പങ്കാളിയായിത്തീരുന്നു.

അതിനുമപ്പുറം വേറൊന്നുണ്ട്. അയാൾ ജീവിതത്തിൽ വെല്ലുവിളികൾ നേരിടുമ്പോൾ, ദുർബലനാകുമ്പോൾ, വഴിതെറ്റിപ്പോകുമ്പോൾ ഒക്കെ ഈ ബന്ധങ്ങൾ നിർണായകമായിത്തീരും. ചിലപ്പോൾ കേട്ടിട്ടുള്ള ഒരു കുമ്പസാരമുണ്ട്, "ഗ്രൂപ്പിൽ ഞാൻ വളരെ സജീവമായിരുന്നു; പക്ഷേ, പരീക്ഷയിൽ പരാജയപ്പെട്ടപ്പോൾ ഞാൻ ഏറെ വിഷമിച്ചു; എല്ലാവരിൽ നിന്നും അകലുകയും ചെയ്തു. പക്ഷേ, എന്റെ സുഹൃത്തുക്കൾ എന്നെ വിട്ടില്ല. അവർ എനിക്കുവേണ്ടി പ്രാർഥിച്ചു, എന്നെ അന്വേഷിച്ചു വന്നു; സ്നേഹപൂർവം എന്നെ ഗ്രൂപ്പിലേക്ക് തിരികെ കൊണ്ടുവന്നു. എന്റെ ജീവൻ രക്ഷിച്ചതിന് ഞാൻ അവരോട് ഏറെ കടപ്പെട്ടിരിക്കുന്നു."

വിളവിന്റെയും വരൾച്ചയുടെയും മാറിവരുന്ന സീസണുകൾ വ്യക്തികൾക്ക് മാത്രമല്ല കൂട്ടായ്മകൾക്കും ഉണ്ടെന്ന് തോന്നുന്നു. അതുകൊണ്ട് തന്നെ കൂട്ടായ്മകൾക്കും, കുടുംബങ്ങൾക്കുപോലും, ഏറെക്കാലം തനിയെ യാത്ര ചെയ്യാനാകില്ല. ഒരു ഗ്രൂപ്പ് വിശാലമായ ഒരു ശൃംഖലയുടെ ഭാഗമാകുകയും മറ്റ് കൂട്ടായ്മകളുമായി സജീവമായി ഇടപഴകുകയും ചെയ്യുമ്പോൾ, ആ വരണ്ട സമയങ്ങളെ അതിജീവിക്കുന്നത് എളുപ്പമാകും. അത്തരം പരസ്പര സഹായം എല്ലാവരുടെയും വളർച്ച ഉറപ്പാക്കുന്നു. നെറ്റ്‌വർക്കിംഗിന്റെ അടിയന്തിര ആവശ്യകതയാണിത്.

## ജീസസ് യൂത്തിൽ എങ്ങനെയാണ് ശൃംഖല തീർക്കുന്നത്?

- ✦ മറ്റുള്ളവരുമായി ബന്ധപ്പെടുക, സൗഹൃദങ്ങൾ കെട്ടിപ്പടുക്കുക
- ✦ ഒരു പ്രാർഥനാ ഗ്രൂപ്പിന്റെയോ ചെറുകൂട്ടായ്മയുടെയോ ഭാഗമാകുക
- ✦ ജീസസ് യൂത്ത് ശുശ്രൂഷകളിൽ, മിനിസ്ട്രികളിൽ സജീവമാകുക
- ✦ ടീമുകളും കൗൺസിലുകളും നേതാക്കളെയും ഗ്രൂപ്പുകളെയും പരസ്പരം ബന്ധിപ്പിക്കാൻ ശ്രദ്ധിക്കുക
- ✦ ജീസസ് യൂത്ത് പരിപാടികളും പിക്നിക്കുകളും പരിശീലനങ്ങളും ഒക്കെ ബന്ധങ്ങൾ വളർത്തുന്നതിന് വേദികളാക്കുക
- ✦ ഓരോ വ്യക്തികളെയും മറ്റുള്ളവരുമായി സമയം, കഴിവുകൾ, പണം തുടങ്ങിയവ പങ്കിടുന്നതിന് പ്രോത്സാഹിപ്പിക്കുക
- ✦ ഓൺലൈൻ ഗ്രൂപ്പുകളും നെറ്റ്‌വർക്കുകളും സജീവമാക്കുക
- ✦ ഓരോരുത്തരും കൂട്ടായ്മയുടെ സ്രോതസ്സായ ത്രിത്വൈക ദൈവത്തെ അറിയാനും ബന്ധത്തിലും ചൈതന്യത്തിലും വളരാനും സഹായിക്കുക
- ✦ ഓരോരുത്തരേയും സ്നേഹം, സന്തോഷം, കൂട്ടായ്മ എന്നിവ നിറയുന്ന ഒരു സംസ്കാരം ലോകത്തിൽ വളർത്താൻ പ്രചോദിപ്പിക്കുക

സ്നേഹ ശൃംഖല കെട്ടിപ്പടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ: "സഭയെ കൂട്ടായ്മയുടെ  ഭവനവും അതിനുള്ള പരിശീലന വേദിയുമായി മാറ്റുക. ഈ പുതു സഹസ്രാബ്ദത്തിൽ ദൈവിക പദ്ധതിയോടും ലോകത്തിന്റെ ആഴമേറിയ ആഗ്രഹങ്ങളോടും പ്രത്യുത്തരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നാം ഏറ്റെടുക്കേണ്ട വെല്ലുവിളി അതാണ്"" (പുതു സഹസ്രാബ്ദത്തിലേയ്ക്ക്, 43).

സ്നേഹബന്ധങ്ങൾ ആഗ്രഹിക്കുന്നവരാണ് നാമെല്ലാം. ദൈവത്തിന്റെ ഇഷ്ടവും അതു തന്നെ. നല്ല സുഹൃത്തുക്കൾക്കും സൗഹൃദ വേളകൾക്കുമായി ഏതറ്റംവരെയും പോകാൻ നാം തയ്യാറല്ലേ? പിന്നെ എന്തിന് അമാന്തിക്കുന്നു? ജീസസ് യൂത്ത് മുന്നേറ്റത്തോടൊപ്പം നമുക്ക് ഇറങ്ങി പുറപ്പെടാം!

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



**പാഥേയം - ശശി ഇമ്മാനുവേൽ**

# നമ്മിൽ എപ്പോഴാണ് ദൈവമുള്ളത്?

"ജ്ഞാനം കടന്നു വരുന്നത്, സ്നേഹവും നിശ്ശബ്ദതയും ആത്മനിഗ്രഹവും വഴിയാണ്. നിശ്ശബ്ദരായിരിക്കുക മറ്റുള്ളവരുടെ അഭിപ്രായങ്ങളും, പ്രവൃത്തികളും, ജീവിതങ്ങളും ശ്രദ്ധിക്കാതിരിക്കുക" *(കുരിശിന്റെ വി. യോഹന്നാൻ).*

എവിടെയായിരുന്നു ദൈവം എന്ന് ചോദിക്കുന്നവരുടെ എണ്ണം കൂടി വരുന്ന കാലമാണ്. പ്രത്യേകിച്ച് വല്ല ദുരന്തങ്ങളൊക്കെ വന്നുപെട്ടാൽ. കോവിഡ് വ്യാപനത്തിന്റെ സമയത്തൊക്കെ നിരീശ്വരവാദം ഊണിലും ഉറക്കത്തിലും തലയ്ക്കു പിടിച്ച 'ബുദ്ധിജീവി' കൂട്ടങ്ങൾ സോഷ്യൽ മീഡിയയിലൊക്കെ ഇങ്ങനെ ചോദിച്ചുകൂട്ടുകയായിരുന്നല്ലോ? അപ്രതീക്ഷിത മരണങ്ങൾ സംഭവിക്കുമ്പോഴും ഈ ചോദ്യമുണ്ട് എവിടെ ദൈവം? നമ്മുടെ ചോദ്യത്തിനു നിരവധി അർഥങ്ങളുണ്ടാകാം. പക്ഷേ, നമ്മുടെ ജീവിതം ദുഃഖപൂർണമായി മാറുമ്പോൾപോലും ഇങ്ങനെയൊരു ചോദ്യത്തിനു യാതൊരു പ്രസക്തിയുമില്ല എന്ന പക്ഷക്കാരനാണ് പ്രസിദ്ധനായ പ്രചോദനാത്മക ഗ്രന്ഥകാരൻ ഹരോൾഡ് കുഷ്നർ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, എവിടെയാണ് ദൈവം എന്ന ചോദ്യത്തിന് പകരം, എപ്പോഴാണ് ദൈവം? (When is God) എന്ന എന്ന ചോദ്യമായിരിക്കും കൂടുതൽ അഭികാമ്യമത്രേ.

എപ്പോഴാണു ദൈവമുള്ളത്? ഈ ചോദ്യം ഏറെ ഗഹനമാണെന്ന് ഒറ്റ നോട്ടത്തിൽ തോന്നാം. എന്നാൽ, കുഷ്നറുടെ വീക്ഷണത്തിൽ ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ ലളിതമാണ്. 'ദൈവത്തിന്റെ സമൂഹം' (The Community of God) എന്ന ലേഖനത്തിൽ അദ്ദേഹം എഴുതുന്നു: "നമ്മെ യഥാർഥ മനുഷ്യരാക്കി മാറ്റുന്ന

ഈ തെരുവു മുഴുവൻ മരിച്ചവരുടെ സഞ്ചാരമാണ്. മരിച്ചവർ സീബ്ര ലൈൻ മുറിച്ചുകടക്കുന്നു, മരിച്ചവർ കുഞ്ഞുങ്ങളെ യൂണിഫോമണിയിച്ച് സ്കൂൾ ബസിൽ യാത്രയാക്കുന്നു, മരിച്ചവർ പൊട്ടിച്ചിരിക്കുകയും പോപ്കോൺ കൊറിക്കുകയും ചെയ്യുന്നു..

കാര്യങ്ങൾ നാം ചെയ്യുമ്പോഴാണു നമ്മിൽ ദൈവമുണ്ടാകുന്നത്." തിരുവെഴുത്തിൽ ഈശോയുടെ ഈ വാക്കുകൾ ശ്രദ്ധിക്കാം. "അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5, 16). അദ്ദേഹത്തിന്റെ പുസ്തകത്തിൽ എന്തൊക്കെയാണു നമ്മെ യഥാർഥ മനുഷ്യരാക്കി മാറ്റുന്ന കാര്യങ്ങൾ? എന്ന നിരീക്ഷണം ശ്രദ്ധിക്കാം. "...നാം പാവങ്ങളെ സഹായിക്കുന്നതും നീതിക്കുവേണ്ടി ശബ്ദമുയർത്തുന്നതും സ്വയം എപ്പോഴും അമിത പ്രധാന്യം നല്കുന്ന രീതികൾ നാം ഉപേക്ഷിക്കുന്നതുമൊക്കെ നമ്മെ യഥാർഥ മനുഷ്യരാക്കി മാറ്റുന്ന കാര്യങ്ങളാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവത്തിനു നാം നമ്മിൽത്തന്നെ ഇടം കൊടുക്കുന്നു. ദൈവം അപ്പോൾ നമ്മിൽ വസിക്കുന്നു."

എന്നിട്ട് തിരിഞ്ഞ് ഗുരുവിനെ ആലിംഗനം ചെയ്തു പറഞ്ഞു: "മരിച്ചവരുടെ ഈ ദേശത്ത് ജീവിക്കുന്ന ഒരേയൊരാൾ നിങ്ങളാണ്."



"നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചു കൊള്ളുക; നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്ത്വപ്പെടുന്നു" (യോഹ 15, 7–8).

ബോബിയച്ചന്റെ മനുഷ്യസ്നേഹി എഡിറ്റോറിയലിലാണ് ഈ ഉള്ള് പൊള്ളിക്കുന്ന ശകലം വായിച്ചത് – ഒരിടത്ത്ഒരു ആത്മ പ്രകാശം സിദ്ധിച്ച ഗുരു ജീവിച്ചിരുന്നു. അദ്ദേഹത്തെ തേടി ആശ്രമത്തിൽ ഒരു സാധകനെത്തുന്നു. ഒരു വർഷം നിശ്ശബ്ദനായിരിക്കാനാണ് ഗുരു ആവശ്യപ്പെട്ടത്. ആ കാലത്തിനു ശേഷം അയാളുമായി നഗരചത്വരത്തിലേക്ക് പോകുന്ന ഗുരു ചോദിക്കുന്നു. "നീ എന്തു കാണുന്നു?" പെട്ടെന്ന് അയാൾ നിലവിളിച്ചു: "ഈ തെരുവു മുഴുവൻ മരിച്ചവരുടെ സഞ്ചാരമാണ്. മരിച്ചവർ സീബ്ര ലൈൻ മുറിച്ചുകടക്കുന്നു, മരിച്ചവർ കുഞ്ഞുങ്ങളെ യൂണിഫോമണിയിച്ച് സ്കൂൾ ബസിൽ യാത്രയാക്കുന്നു, മരിച്ചവർ പൊട്ടിച്ചിരിക്കുകയും പോപ്കോൺ കൊറിക്കുകയും ചെയ്യുന്നു."

എന്നിട്ട് തിരിഞ്ഞ് ഗുരുവിനെ ആലിംഗനം ചെയ്തു പറഞ്ഞു: "മരിച്ചവരുടെ ഈ ദേശത്ത് ജീവിക്കുന്ന ഒരേയൊരാൾ നിങ്ങളാണ്." അച്ചൻ ഇതു കൂടെ ചേർത്തിട്ടുള്ള ചിന്തകളാണ് ബഹുവിശേഷം, 'ജീവിക്കുന്നുവെന്ന്' നാം കരുതുന്ന എല്ലാവരും ജീവിക്കുന്നില്ല. –biolgically living and biographically dead.' കൂടെ കേറ്റ് മക്ഗഹന്റെ വാക്കുകളും all souls are lost until they are found *(സ്വയം കണ്ടെത്തുവോളം എല്ലാ ആത്മാവും നഷ്ടപ്പെട്ടതുതന്നെ).*

വെളിപാട് പുസ്തകത്തിൽ നാം കാണുന്ന ഈ വചനം എത്ര ക്ലിയർ ആണ്. "സാർദീസിലെ സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളുമുള്ളവൻ പറയുന്നു: നിന്റെ ചെയ്തികൾ ഞാനറിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്നാണു നിന്നെക്കുറിച്ചു പറയുന്നത്, പക്ഷേ, നീ മൃതനാണ് (വെളി 3, 1).

All souls are lost until they are found (സ്വയം കണ്ടെത്തുവോളം എല്ലാ ആത്മാവും നഷ്ടപ്പെട്ടതുതന്നെ) ഈ വാക്കുകൾ നമ്മെ ആത്മീയമായി അസ്വസ്ഥരാക്കുമോ? 'ചത്തതിനൊക്കുമേ, ജീവിച്ചിരിക്കിലും' എന്ന ഉറക്കം വിട്ട് നമുക്ക് ഉണരണ്ടേ? നമ്മിൽ എപ്പോഴാണ് ദൈവമുണ്ടാവുക!?

***തൃശ്ശൂർ സ്വദേശിയായ ശശി ഇമ്മാനുവൽ തൃശ്ശൂർ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യു എഡ്യൂക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി, മൂന്ന് മക്കൾ.***





**കവർസ്റ്റോറി** - എൽസീന ജോസഫ്



2018ലാണ് പഠനവുമായി ബന്ധപ്പെട്ട് ബംഗളൂരിലേക്ക് പോകുന്നത്. നടന്നുപോകാവുന്ന ദൂരത്തിൽ പള്ളികളുള്ള സ്ഥലം. ഇവിടെയെല്ലാം ഒരുദിവസം തന്നെ പലസമയത്തായി വിശുദ്ധ ബലികളും നിത്യാരാധനയും എന്നുവേണ്ട ആത്മീയ ജീവിതത്തിനാവശ്യമായ എല്ലാം സുലഭമായി ലഭിക്കുന്ന സ്ഥലത്താണ് ഞാൻ നിൽക്കുന്നത്. ആദ്യ ദിവസങ്ങളിൽ പള്ളിയിൽ ചെല്ലുമ്പോൾ അതിശയം തോന്നിയത് ദേവാലയത്തിൽ ചെരുപ്പിട്ട് ആളുകൾ നിൽക്കുന്ന കാഴ്ചയാണ്. നാട്ടിലെ ശീലത്തിൽ നിന്നും വേറിട്ടൊരു ശൈലി കണ്ടപ്പോൾ ആദ്യം പ്രയാസം തോന്നി. പിന്നീട് കൂട്ടുകാരി പറഞ്ഞു, "എടീ അത് ചെരുപ്പ് പുറത്തിട്ടാൽ ആരെങ്കിലുമൊക്കെ അടിച്ചുമാറ്റിക്കൊണ്ടുപോകുന്നത് പതിവായപ്പോളാണ് ആളുകൾ ചെരുപ്പുമായി പള്ളിക്കുള്ളിൽ കയറിത്തുടങ്ങിയത്." ഞാനും ആ നയം സ്വീകരിച്ചു. മറ്റൊരു കാര്യം ശ്രദ്ധയിൽ പെട്ടത്, പെൺകുട്ടികളും മുതിർന്നവരും ഷോൾ/സ്കാർഫ് ഇടാതെ ദിവ്യബലിയിൽ നിൽക്കുന്നതും (വളരെ അപൂർവം ചിലർ അല്ലാതെയും വരുന്നുണ്ട് കേട്ടോ) കുർബാനസ്വീകരിക്കുന്നതുമാണ്. കുഞ്ഞുനാളിൽ വേദപാഠക്ലാസ്സിൽ പറഞ്ഞുതന്നതും ആദ്യകുർബാന സ്വീകരണത്തിന് ഇത്രയധികും താത്പര്യം കാണിച്ചതും നല്ല വെള്ള സ്കാർഫ് കിട്ടുന്നതും അത് തലയിലിട്ട് പള്ളിയിൽ നിൽക്കാനുള്ള കുഞ്ഞുമനസ്സിന്റെ മോഹത്തിൽ നിന്നാണ്. പിന്നീട് അത് കൗദാശിക ജീവിതത്തിന്റെ ബാഹ്യമായ അടയാളമായി മാറുകയാണുണ്ടായത്. ഇവിടെ എത്തിയപ്പോൾ അതുമില്ല. തികച്ചും സ്വാഭാവികമായ എന്തോ കാര്യത്തിലെന്നപോലെ എല്ലാവരും വളരെ കൂളായി പള്ളിയിൽ പോകുന്നു, കുർബാന കൂടുന്നു, സ്വീകരിക്കുന്നു, പ്രാർഥിക്കുന്നു മടങ്ങി പോകുന്നു. ആദ്യം അല്പം അസ്വസ്ഥതയോടെയും പിന്നീട് വളരെ സൗകര്യമെന്ന കണക്കിലും ഈ ശീലം ഞാനും ഏറ്റെടുത്തു.

ആരാധനാ നേരങ്ങളിൽ വിശുദ്ധകുർബാനയുടെ വാഴ്വിന്റെ നേരത്ത് മുഖം നിലത്തു ചേർത്ത് കുമ്പിട്ട് ആരാധിക്കുന്ന



# മകന്റെ ദിവസങ്ങളിലെല്ലാം ഡ്യൂട്ടി അമ്മക്ക് !

കാഴ്ച നാട്ടിൽത്തന്നെ ഇരിപ്പായി. കാരണം ഇവിടെ എല്ലാവരും ബഞ്ചിലാണിരിക്കുന്നത്. മുട്ടുകുത്തുന്നത് പടിയിലും (kneelar). ദൈവത്തെ താണുവണങ്ങാനുള്ള സൗകര്യം ഇത്രേം – ബഞ്ചും കസേരയും പടിക്കെട്ടും ചേർന്നുള്ള – ബാഹ്യസൗകര്യങ്ങൾക്കിടയിൽ ഇന്നാട്ടുകാർക്ക് ഇല്ല. അതുകൊണ്ടുതന്നെ എല്ലാവരും തലയൊന്നു കുനിക്കും. മനസ്സിൽ പ്രാർഥിക്കും.

നാട്ടിൽ നിന്നും വിഭിന്നമായി ഈവിധ സൗകര്യം കൊണ്ട് എനിക്ക് അനുദിനബലിയിൽ മുടക്കം കൂടാതെ പങ്കെടുക്കാൻ സാധിച്ചിരുന്നു. ഒഴിവ് സമയം കിട്ടുമ്പോഴൊക്കെ വിശുദ്ധകുർബാനയും നിത്യാരാധനചാപ്പലും 'നല്ല നേരമ്പോക്കായി' മാറി. കൾച്ചറൽ അഡാപ്റ്റേഷൻ ബാധ കേറിയതുകൊണ്ടു ഷോൾ അല്ലെങ്കിൽ സ്കാർഫില്ല എന്നു പറഞ്ഞു കുർബാന മുടങ്ങിയില്ല. ചെരുപ്പ് പുറത്തിടുന്നിടത്തും സ്ത്രീകൾ തലയിൽ ഇടുന്ന സ്കാർഫിലും അല്ല വിശുദ്ധ ബലിയുടെ മഹത്ത്വമിരിക്കുന്നത് എന്ന് മനസ്സിലാകാത്തതുകൊണ്ടല്ല, മറിച്ചു ഈ ബാഹ്യമായ ഒരുക്കം വിശുദ്ധബലിക്ക് പോകുന്നു എന്ന മനോവിചാരത്തെ കുറച്ചുകൂടി തീക്ഷ്ണമാക്കാൻ എന്നെ സഹായിച്ചിരുന്നതുകൊണ്ടാണ്, എനിക്ക് ഈ ചെറിയ കാര്യങ്ങൾ പോലും വളരെ പ്രാധാന്യമുള്ളതായി തോന്നിയത്. എന്നാൽ, എപ്പോഴോ എനിക്കുതന്നെ തോന്നിത്തുടങ്ങി, ഇത്രയും അനുഗ്രഹങ്ങൾ കൊണ്ടു നിറയ്ക്കുന്ന ഈശോയുടെ സന്നിധിയിലേക്ക് ഞാൻ ചെല്ലുമ്പോൾ എപ്പോഴും തിടുക്കത്തിലും കണ്ടാൽ പരിതാപം തോന്നുന്ന അവസ്ഥയിലും ആണല്ലോ.. വാസ്തവത്തിൽ നമ്മളെ സ്നേഹിക്കുന്ന അല്ലെങ്കിൽ നമ്മൾ ഇഷ്ടപ്പെടുന്നവരെ കാണാൻ പോകുമ്പോൾ നമ്മൾ എത്രത്തോളം നന്നായി ഒരുങ്ങിയാണോ പോകുന്നത് അതിലേറെ പ്രാധാന്യത്തോടെ വേണ്ടേ ഇതിലെല്ലാമുപരി സ്നേഹിക്കുന്ന ഈശോയുടെ അടുത്തേക്ക് ചെല്ലുമ്പോൾ? ഞാൻ അൾത്താരയെയും കർത്താവിന്റെ സാന്നിധ്യത്തെയും അല്പം കൂടി ഒരുക്കത്തോടെ സമീപിക്കണം എന്ന തോന്നൽ ശക്തമായി, പതിയെ ബാഗിൽ ഒരു ഷോൾ സൂക്ഷിക്കാൻ തുടങ്ങി. എപ്പോഴെങ്കിലും പള്ളിയിലേക്ക് പോകാൻ തോന്നുമ്പോൾ അതുകൂടി കൈയിൽ എടുക്കും. ഞായറാഴ്ച കുർബാനയ്ക്ക് പോകുമ്പോൾ മനസ്സുകൊണ്ടും അല്ലാതെയും ഒരുങ്ങാൻ തുടങ്ങി. ഇതിനിടയിലാണ് വേറൊരു കാര്യം നടന്നത്. ഒരുദിവസം കുമ്പസാരത്തിനുവേണ്ടി കാത്തുനിൽക്കുന്ന സമയം. നേരത്തെ തന്നെ ആളുകൾ വന്നിരിപ്പുണ്ട്. ഞാനും അല്പം നേരത്തെ ചെന്ന് ഇരുന്നു. കുമ്പസാരത്തിന് സമയം ആകുമ്പോൾ അച്ചൻ ആദ്യം വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ചശേഷമാണ് പിന്നിൽ കുമ്പസാരം തുടങ്ങുക. അച്ചൻ അരുളിക്ക എടുക്കാൻ തുടങ്ങിയപ്പോൾ എല്ലാവരും മുട്ടിന്മേൽ നിന്നു. ഞാനും. അരുളിക്ക ഉയർത്തിതുടങ്ങിയപ്പോൾ പാട്ടിനോട് ചേർന്ന് എല്ലാരും പതുക്കെ തല കുനിച്ചു. ഒരുനിമിഷം ഞാൻ ഇങ്ങനെ ആലോചിച്ചു, ഈശോയെ ഞാൻ എന്താ ചെയ്യണ്ടേ.. നിന്നെ സാഷ്ടാംഗം വണങ്ങാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ, ഈ ആൾകൂട്ടത്തിൽ ഞാനത് ചെയ്യുമ്പോൾ ഒറ്റയ്ക്കായി പോകില്ലേ എന്ന്? എന്റെ കാതിൽ പതിഞ്ഞ സ്വരത്തിൽ കേട്ടതിങ്ങനെയാണ് 'അവർ എങ്ങനെ എന്നല്ല കുഞ്ഞേ.. നിന്റെ മുന്നിൽ നിൽക്കുന്നത് ആരെന്നാണ് നിനക്ക് തോന്നുന്നത് അതിനനുസരിച്ചു നിനക്ക് പെരുമാറാമല്ലോ' ക്ഷണമാത്രയിൽ ആരാധനാഗാനത്തോട് ചേർന്ന് ഞാനും പാടി വണങ്ങി 'ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം.'

ആറുദിവസത്തെ സൃഷ്ടികർമങ്ങൾക്കൊടുവിൽ ഒരുനാൾ ദൈവം വിശ്രമിച്ചത് മനുഷ്യനൊരു മാതൃകയായിട്ടാവണം എന്നാണ് തോന്നിയിട്ടുള്ളത്. നീണ്ട അലച്ചിലിനിനൊടുവിൽ ഒരു ദിവസത്തെ ഇടവേള കിട്ടാനും, ശാന്തമാകാനും മനസ്സിനും ശരീരത്തിനും വിശ്രമിക്കാനും ചിന്തകളുടെ അന്തമില്ലായ്മക്ക് ബ്രേക്കിട്ടിട്ട് നല്ല തോന്നലുകളോടെ പുതുതായി അടുത്ത ആഴ്ചയെ സമീപിക്കാനുമൊക്കെ ആർക്കാണ് ആഗ്രഹം ഇല്ലാത്തത്. അനിവാര്യമായ ഈ ഇടവേള കർത്താവ് അനാദിയിലെ ഒരുക്കിയിട്ടുണ്ട്. ഒപ്പം ഒരു നിർദേശവും 'അവിടത്തെ ദിവസം പരിശുദ്ധമായി ആചരിക്കണം.' തിരുസഭയുടെ കല്പനയിലും ദൈവപ്രമാണങ്ങളും ഇതിനെ അടിവരയിടുന്നത് ഓട്ടത്തിനിടയിൽ കിതപ്പു മാറ്റാനും കലപില ബഹളത്തിനിടയിൽ കർത്താവിനെക്കൂടി കേൾക്കാനുമുള്ള അനിവാര്യമായ സമയമായിട്ടാണ്. വണ്ടി ഓടിക്കുമ്പോൾ റോഡ് സിഗ്നൽ എത്രത്തോളം പ്രധാനമാണോ അതിലേറെ ഗൗരവമുള്ള സിഗ്നൽ പോയിന്റാവണം നമുക്ക് ദൈവം ഒരുക്കിനിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളും.

ഇതുവരെ ഉഴപ്പിയവർക്ക് ഇനി ഉഴപ്പാതിരിക്കാനുള്ള പൊടിക്കൈ പറയട്ടെ: പരിശുദ്ധ അമ്മയെ കൂട്ടുപിടിച്ചാൽ മതി. മകന്റെ വിരുന്നുമേശയിലേക്ക് പ്രിയപ്പെട്ടവരെ വിധം പോലെ എത്തിക്കുന്ന ഉത്തരവാദിത്വം മറിയത്തിന്റെ കൈയിൽ ഭദ്രം. എത്രയോ ദിവസങ്ങളിൽ ദിവ്യബലിക്കു ചെന്ന് പള്ളിയിൽ നിൽക്കുമ്പോൾ അൾത്താരക്ക് സമീപം പുഞ്ചിരിതൂകി നിൽക്കുന്ന മാതാവിനെ നോക്കി ഞാനും പറഞ്ഞിട്ടുണ്ട്.. 'നന്ദിയുണ്ട് അമ്മേ ഇന്നും ഈ ബലിവേദിയിൽ എന്നെ എത്തിച്ചതിന് !'

***എൽസീന ജോസഫ്: ഗവേഷക വിദ്യാർഥിനി, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.***



**കവർസ്റ്റോറി** - ബിലാസ് ജോസഫ്

# ദൈവസ്നേഹത്തിലേക്കുള്ള 3 വിളികൾ



കത്തോലിക്കാ വിശ്വാസജീവിതം ഒരു ആത്മീയ യാത്രയാകയാൽ, ആ യാത്രയുടെ വഴികാട്ടി പത്തു കൽപനകളാണ്. വിശ്വാസവും ആരാധനയും ആത്മാർഥതയുമായുള്ള ബന്ധം വ്യക്തമാക്കുന്ന ആദ്യ മൂന്നു കൽപനകൾ ആത്മീയ ജീവിതത്തിന്റെ അന്തസ്സാണ്.

## 1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു, ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.

ഏകദൈവ വിശ്വാസത്തിന്റെ ആഴം ഈ കൽപന നമ്മെ ഓർമിപ്പിക്കുന്നു: ദൈവം ഒന്നേയുള്ളൂ, അവൻ മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. നമ്മുടെ ആരോഗ്യം, ജോലി, സമ്പത്ത്, വിശ്വാസം, ആശ്രയം എല്ലാം നമ്മെ ദൈവത്തിലേക്ക് നയിക്കേണ്ടതായി മാറിയില്ലെങ്കിൽ, ഇന്നത്തെ 'ദേവന്മാർ' എവിടെ? എന്ന ചോദ്യത്തിന് ഉത്തരം ലഭിച്ചുകഴിഞ്ഞു.

ഇന്നത്തെ ലോകത്ത് 'മറ്റു ദേവന്മാർ/ദൈവങ്ങൾ' എന്നത് പണ്ടത്തെപോലെ പ്രതിമകളല്ല. ഇന്ന് ഈ ദേവന്മാർ എന്നത്: പണം, ഫെയിം, സോഷ്യൽ മീഡിയ, വിദ്യാഭ്യാസ നേട്ടങ്ങൾ, അധികാരം, ജോലി, സമയം എന്നിവയായി മാറുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഒന്നാം സ്ഥാനം കർത്താവിനാണ്. ഇരുപത് വർഷത്തോളം അധ്യാപകനായി ജോലി ചെയ്ത ഞാൻ സാമ്പത്തികമായി പ്രത്യേക ഉന്നതിയൊന്നും നേടിയില്ല. ഈ അവസരത്തിൽ തമ്പുരാനോട് ചോദിച്ച് ജോലിയിൽ അൽപം മാറ്റം വരുത്തി.

കരിയർ കൗൺസിലിംഗും, ഗൈഡൻസ് ക്ലാസ്സുകളും കൂടുതലായി എടുക്കാനും സ്വന്തമായുള്ള സോഫ്റ്റ്‌വെയർ നിർമാണം കുറച്ചുകൂടെ മെച്ചപ്പെടുത്താനും തീരുമാനമായി. ഈ സമയത്തു ഒരു നല്ലജോലി ലഭിച്ചു. ദൈവേഷ്ടപ്രകാരം ജോലിയിൽ പ്രവേശിക്കുകയും നല്ല രീതിയിൽ മുൻപോട്ടു പോകുകയും ചെയ്തു. എന്നാൽ, ദൈവഹിതമല്ലാത്ത പല കാര്യങ്ങളും ചെയ്യേണ്ട അവസ്ഥയിലേക്ക് ആ ജോലി നയിച്ചതിനാൽ അത് പൂർണമായി ഉപേക്ഷിക്കേണ്ടി വന്നു.

സാമ്പത്തികമായി അൽപം തകർച്ചയുണ്ടായെങ്കിലും കുറച്ചു മാസങ്ങൾ ഞെരുക്കങ്ങളിലൂടെ കടന്നു പോയെങ്കിലും തമ്പുരാനോട് ചേർന്നു നിൽക്കാൻ എനിക്കും കുടുംബത്തിനും സാധിച്ചു. എന്റെ സാഹചര്യങ്ങൾ മനസ്സിലാക്കി മറ്റൊരു വ്യക്തി അയാളുടെ കമ്പനിയിലേക്ക് എന്നെ ക്ഷണിക്കുകയും അവിടെ അതിനേക്കാൾ നല്ല ജോലി തരുകയും ചെയ്തു. ആ വ്യക്തിയോടു ഞാൻ നിലവിലുള്ള കമ്പനി വിടാനുണ്ടായ സാഹചര്യം കൃത്യമായി പറഞ്ഞു ബോധ്യപ്പെടുത്തി; കാരണം, ഇനിയും ഇതുപോലെ ജോലിയിൽ നിന്നുപോകാൻ താത്പര്യമില്ലാത്തതുതന്നെ. രണ്ടു മൂന്ന് മാസങ്ങൾ വളരെ നന്നായി പോയി; എന്നാൽ, ആ കമ്പനിയുടെ പ്രവർത്തനാന്തരീക്ഷത്തിൽ എനിക്കുണ്ടായ അനുഭവം ഞാൻ കമ്പനി ഉടമയെ അറിയിക്കുകയും അതു പരിഹരിച്ചാൽ മാത്രമേ തുടരാൻ സാധിക്കൂ എന്നു ബോധ്യപ്പെടുത്തുകയും ചെയ്തു. എന്നാൽ, തൽസ്ഥിതി തുടർന്നതിനാലും വീണ്ടും മറ്റു ചില സാഹചര്യങ്ങൾ രൂപപ്പെട്ടതിനാലും കമ്പനി ഉടമയെ നേരിൽ വിളിച്ചു, ഇനി മുതൽ എനിക്ക് സാലറി വേണ്ട, ഞാൻ ഓഫിസിൽ വരുന്നില്ല എന്ന് പറയേണ്ട അവസ്ഥയും ഉണ്ടായി.

വേണമെങ്കിൽ ഒന്നു കണ്ണടച്ചാൽ, കിട്ടിയിരുന്ന ശമ്പളം കൃത്യമായി കിട്ടുമായിരുന്നു. ഞങ്ങൾക്ക് തമ്പുരാൻ തന്ന ഉത്തരം 'നിനക്ക് ഞാൻവേണോ അതോ, പണമോ ജോലിയോ വേണമോ' എന്ന മറുചോദ്യമായിരുന്നു. സമ്പത്ത്, ജോലി ഇവയ്ക്കെല്ലാം, ദൈവത്തിനു ഒന്നാം സ്ഥാനം നൽകിയശേഷം മാത്രം സ്ഥാനം നൽകുമ്പോൾ നിത്യജീവനിലേക്ക് നാം കൂടുതൽ അടുക്കുകയാണ്.

## 2. ദൈവത്തിന്റെ തിരുനാമം വ്യഥാ പ്രയോഗിക്കരുത്

യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന ഒരു വ്യക്തി ആയതിനാൽ പലപ്പോഴും പല കാര്യങ്ങളും അവരെ പറഞ്ഞു മനസ്സിലാക്കുന്നതിനും വിശ്വസിപ്പിക്കുന്നതിനുമായി ചില പ്രത്യേക സംസാര രീതികൾ എനിക്കുണ്ടായിരുന്നു. ഉദാഹരണത്തിനു 'സത്യമായിട്ടും അന്ന് അങ്ങനെയാണ് ഉണ്ടായത്' എന്നു പറയുന്ന ഒരു രീതിയും അതുപോലെ മറ്റുള്ളവർ ഒരു നല്ല കാര്യം പറയുമ്പോൾ 'സത്യം' എന്ന് എടുത്തു പറയുന്ന ഒരു രീതിയും.

ജീസസ്‌യൂത്ത് ഫോർമേഷനിലെ എന്റെ ഒരു സുഹൃത്ത് എന്റെ സ്വഭാവം ശ്രദ്ധിക്കുകയും ഒരിക്കൽ എന്നെ വ്യക്തിപരമായി വിളിച്ച്, ഇക്കാര്യങ്ങൾ തിരുത്തിയാൽ നല്ലതെന്ന് പറയുകയും ചെയ്തു. ഒന്നുമാത്രമേ എന്നെ സ്പർശിച്ചുള്ളൂ. സത്യം എന്ന പൂർണ അവസ്ഥയിലുള്ളത് ദൈവം മാത്രമാണ്, ആയതിനാൽ ദൈവത്തിന്റെ നാമം വ്യഥാ ഉപയോഗിക്കരുത് എന്ന കല്പന ഞാൻ അറിയാതെ ലംഘിക്കുകയായിരുന്നു. ആ നല്ല സുഹൃത്തിനു നന്ദി പറഞ്ഞു. ഈയൊരു തിരുത്തൽ എന്റെ ജീവിതത്തിൽ മാറ്റം വരുത്തുവാൻ എനിക്ക് സാധിച്ചു എന്നുള്ളത് ഇപ്പോഴും കൃതജ്ഞതയോടെ ഞാനോർക്കുന്നു.

**വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ ഈ അവസരത്തിൽ വളരെ ശ്രദ്ധേയമാണ്: "പത്ത് കൽപനകൾ സ്വാതന്ത്ര്യത്തിനുള്ള വിലക്കല്ല, മറിച്ച് സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗദർശകങ്ങളാണ്"**

ഇപ്പോൾ പലരും 'OMG/ oh my God' എന്ന വാക്ക് അനാവശ്യമായി ഉപയോഗിക്കുന്നു. വാട്സാപ്പിലും, ഇൻസ്റ്റഗ്രാമിലുമൊക്കെ. ഞങ്ങൾ വീട്ടിൽ കുട്ടികളെ ഈ രീതിയിൽ സംസാരിക്കാതിരിക്കാൻ പഠിപ്പിക്കുന്നു. 'ദൈവത്തിന്റെ നാമം ഒരു തമാശയല്ല, ആ പേര് മഹത്ത്വമുള്ളതാണ്.' ദൈവനാമം വിളിക്കുന്നത് തന്നെ പ്രാർഥനയാണ്. അത് അതിന്റെ പൂജ്യമായ രീതിയിൽ മാത്രം ഉപയോഗിക്കുക. ഇത് വിനോദമല്ല. ഇത് ആത്മാർഥമായ പ്രാർഥനയാണ്. അതിനെ ലഘുവായി കാണരുതേ എന്ന് താഴ്മയോടെ  അപേക്ഷിക്കുന്നു.

## 3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം

ഞങ്ങളുടെ മൂന്നു കുട്ടികൾ സ്കൂളിൽ പഠിക്കുന്നു. ഞായറാഴ്ച സൺഡേ സ്കൂൾ, പള്ളി, വി. കുർബാന, പ്രാർഥന ഇത്രയും മതിയെന്നാണ് വീട്ടിലെ നയം. തിങ്കളാഴ്ച പരീക്ഷയുണ്ടെങ്കിലും അതിനു വ്യത്യാസം ഒന്നുമില്ല. എന്നിട്ടും മൂന്ന് കുട്ടികളും പഠനത്തിന്റെ കാര്യത്തിൽ മുൻപിൽ തന്നെ. മൂത്ത മകൻ പത്താം ക്ലാസ്സിൽ ഒൻപത് എ പ്ലസ്സും ഒരു എയും നേടി. ഇത് അവന്റെ കഴിവിൽ മാത്രം ആശ്രയിച്ചുള്ള വിജയമല്ല. പ്രത്യുത, ദൈവത്തിൽ ആശ്രയിച്ചു ജീവിച്ച് പഠിക്കുന്നതിന്റെ പ്രതിഫലനമാണ്.

"ദൈവത്തോടു ചേർന്നുനിൽക്കുവിൻ; അവിടന്ന് നിങ്ങളോടും ചേർന്നുനിൽക്കും" (യാക്കോ 4, 8).

ആദ്യത്തെ ഈ  മൂന്ന് കൽപനകൾ ഉപദേശമല്ല, ഒരു ക്രൈസ്തവ കുടുംബ ജീവിതത്തിന്റെ അടിസ്ഥാന വഴിയാണ്. നമുക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിക്കുമ്പോൾ, കുടുംബം ദൈവത്തിൽ സ്ഥിരത നേടുന്നു. കുട്ടികളോടും സമൂഹത്തോടും ഞങ്ങൾക്കു പറയാനുള്ളത്: കുടുംബത്തിലും നമ്മുടെ ഓരോരുത്തരുടെയും വ്യക്തിജീവിതത്തിലും ഒന്നാമത്തെ സ്ഥാനം ദൈവത്തിനു നൽകുക. അതിനു വിരുദ്ധമായി എന്തെങ്കിലും നമ്മുടെ ജീവിതത്തിൽ കടന്നു വരുമ്പോൾ അത് മനസ്സിലാക്കി, ദൈവത്തോട് അനുവാദം ചോദിച്ചു അതിൽ നിന്നു പിന്മാറുക. പൂർണമായും അവനിൽ വിശ്വസിക്കുക. അവന്റെ നാമത്തെ ആദരിക്കുക. അവന്റെ ദിനം പരിശുദ്ധമാക്കുക.

വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ ഈ അവസരത്തിൽ വളരെ ശ്രദ്ധേയമാണ്. 'പത്തു കൽപനകൾ സ്വാതന്ത്ര്യത്തിനുള്ള വിലക്കല്ല, മറിച്ച് സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗദർശകങ്ങളാണ്.' ഈ കൽപനകൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിന്റെ വഴികാട്ടിയായി മാറാൻ നമുക്ക് നിരന്തരം പരിശ്രമിക്കാം, ഓരോ ചെറിയ കാര്യങ്ങളിലും എല്ലാ സാഹചര്യങ്ങളിലും, നമ്മുടെ പ്രവൃത്തികളിൽ, ചിന്തകളിൽ, വാക്കുകളിൽ ഈ മാർഗ ദർശനങ്ങളായ കൽപനകൾ എന്നും വഴികാട്ടിയാകട്ടെ... ആമ്മേൻ

"നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ 6, 33).

***ബിലാസ് ജോസഫ്: അധ്യാപകൻ, ഭാര്യയോടും അഞ്ചു കുട്ടികളോടുമൊപ്പം പാലായിൽ താമസം.***





# കാലം മാറുമ്പോൾ കോലം കെട്ടുന്നവർ

**പുതുകാലം വൈബുകൾക്കൊപ്പം ചുവടുവയ്ക്കുമ്പോൾ, പഴമയുടെ പകിട്ടുകൾ ചിലതൊക്കെ ചേർത്തു പിടിക്കണമെന്ന ഓർമപ്പെടുത്തലാണ് ഈ കുറിപ്പ്**



'കാലം മാറുന്നതിനനുസരിച്ച് കോലം മാറണം.' അതായത് നമ്മൾ കാലത്തിനൊപ്പം സഞ്ചരിക്കണമെന്ന്. കുറച്ചു കൂടെ വ്യക്തമാക്കി പറയണമെങ്കിൽ ന്യൂജൻ പിള്ളേരുടെ ഭാഷയിൽതന്നെ പറയണം. അതേ, ഈ തന്ത വൈബും തള്ള വൈബും ഒന്നു വിട്ടുപിടിക്ക്. മാറ്റങ്ങൾ എന്നും ജീവിതത്തിന് അനിവാര്യമാണ്, സമൂഹത്തിനും കുടുംബത്തിനും നാടിനും നല്ലതും ഇറങ്ങിയതുമായ മാറ്റങ്ങൾ നമ്മെ പുരോഗതിയിൽ എത്തിക്കും.

മാറ്റമില്ലാത്ത ജീവിതം നാറ്റമുള്ളതാണെന്ന് നമ്മൾ പറഞ്ഞുകേൾക്കാറുണ്ട്. പക്ഷേ, ഇന്നത്തെ സമൂഹത്തിൽ നാം കണ്ടുവരുന്ന ചില മാറ്റങ്ങളും, ജീവിതരീതികളും, നാം ഇന്നുവരെ പഠിച്ചതും പഠിപ്പിച്ചതുമായവയിൽ നിന്നും ഏറെ വ്യത്യസ്തമാണ്. 'സ്റ്റഫ് ഉണ്ടോ ചേട്ടാ.. ഒന്ന് ലൈൻ ഇട്ട് വലിക്കാൻ. സാധനം ഉണ്ടോ ചേട്ടാ കട്ടയ്ക്ക് ഒരു പഫ് എടുക്കാൻ' എന്നു തുടങ്ങിയ ചോദ്യങ്ങൾ ഇന്നത്തെ ന്യൂജൻ തലമുറയിൽ സർവസാധാരണമായി മാറിയിരിക്കുകയാണ്.

മാതാപിതാക്കളുടെ മുഖത്തു നോക്കി സംസാരിക്കാനും സ്വാതന്ത്ര്യത്തോടെ ഒന്ന് പുറത്തു പോകുവാനും 90s കിഡ്സ് ഭയന്നിരുന്ന കാലഘട്ടത്തിൽ നിന്നും, സമൂഹത്തിൽ അസാധാരണമായി കേട്ടിരുന്ന പല കാര്യങ്ങളും ഇന്ന് സർവസാധാരണമായി നടക്കുന്ന കാലഘട്ടത്തിലേക്ക് പുതിയ തലമുറ വഴി മാറിയിരിക്കുകയാണ്.

'ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം, കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ." പക്ഷേ, ഇന്നത്തെ സമൂഹത്തിലെ ചോരത്തിളപ്പുകളുടെ കാരണങ്ങൾ വളരെ വിചിത്രവും സമൂഹത്തെയും നാടിനെയും ഭീതിയിലാക്കിയിട്ടുള്ളതുമാണ്. പപ്പടം കിട്ടിയില്ല, കറിയിൽ ഉപ്പില്ല, പറഞ്ഞ സ്റ്റൈലിൽ മുടി വെട്ടിയില്ല, ഷർട്ട് ഷേപ്പ് ചെയ്തത് ശരിയായില്ല, ലെയ്സ് ചോദിച്ചിട്ട് തന്നില്ല, എന്നു തുടങ്ങിയ നിസ്സാര കാര്യങ്ങളിൽ ഇന്നത്തെ സമൂഹം വാക്കേറ്റത്തിലേക്കും കയ്യാങ്കളിയിലേക്കും കൊലപാതങ്ങളിലേക്കും നടന്നടുക്കുകയാണ്.

പണ്ട് അപമാനമാണെന്ന് കരുതിയിരുന്ന പല കാര്യങ്ങളെയും, സംഭവങ്ങളെയും ഇന്നത്തെ സമൂഹം അലങ്കാരമായി കണക്കാക്കുന്നു. "അവൻ ഒരാഴ്ച ജയിലിലൊക്കെ കിടന്നിട്ടുണ്ട്, വലിയ പുള്ളിയാണ്.. മുട്ടാൻ നിക്കണ്ട." ഇങ്ങനെ കേൾക്കുന്നതുതന്നെ ഒരു ഹരമായി തീർന്നിരിക്കുന്നു. ആ പറച്ചിൽ ഒന്ന് കേൾക്കാൻ തന്നെ എത്ര സംഗീതാത്മകം..!

ബന്ധങ്ങളെല്ലാം ബന്ധനങ്ങളാകുന്ന കാലമാണിത്, നല്ല സൗഹൃദങ്ങളിൽനിന്നും കൂട്ടുകെട്ടുകളിൽനിന്നും, ബെസ്റ്റിയിലേക്കും സിറ്റുവേഷൻ ഷിപ്സിലേക്കും, ഫ്രണ്ട്സ് വിത്ത് ബെനിഫിറ്റ് അങ്ങനെ അങ്ങനെ... വ്യക്തി ബന്ധങ്ങൾ ഏതൊക്കെയോ അടിത്തറയില്ലാത്ത മേഖലകളിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു.

**സമൂഹത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന വ്യക്തികൾ പോലും ഇത്തരം സാമൂഹിക വിപത്തിന് പ്രമോഷൻ നൽകി ഇന്നത്തെ തലമുറയെ ആശയക്കുഴപ്പത്തിലാക്കുന്നു.**

പുതുതലമുറയുടെ പുറംമോടികളിൽ നമുക്ക് നഷ്ടമാകുന്നത് നമ്മുടെ പഴമയുടെ തനിമകളാണ്. കാലഹരണപ്പെട്ടതെന്നു തോന്നുന്ന പലതും അച്ചടക്കത്തിന്റെ അധ്യായങ്ങളാണ്, വായിച്ചെടുക്കുകതന്നെവേണം. മറ്റു ചിലതോ, നെല്ലിക്കയുടെ സ്വഭാവവും, പിന്നീട് മധുരിക്കും. പുതുകാലത്തിന്റെ മാറ്റങ്ങൾ അനിവാര്യതയായി മാറിയിരിക്കുന്നു..? പഴമയെ പാടെ പറത്തേണ്ട, പലതും ദിശാസൂചകങ്ങളാണ്.

കാലം മാറുന്നതിനനുസരിച്ച് കോലം മാറി, കോലം കെട്ടുന്നവരായി തീർന്നിരിക്കുന്നു ഇന്നത്തെ തലമുറ. 'കുട്ടി വേണ്ട പട്ടി മതി' 'അയാം എൻജോയിങ് മൈ സിംഗിൾ ലൈഫ്' നിസ്സാര കാര്യങ്ങൾക്ക് പിന്നാലെയുള്ള വിവാഹമോചനങ്ങൾ ഇന്ന് അരങ്ങേറുമ്പോൾ പരസ്പരം പങ്കുവയ്ക്കാനോ അഡ്ജസ്റ്റ് ചെയ്യാനോ പ്രശ്നങ്ങൾ പറഞ്ഞു തീർക്കാനോ ആരും മുതിരുന്നില്ല എന്നതാണ് സത്യം.

ആത്മഹത്യാ നിരക്കിലും നാം ഒട്ടും പിന്നിലല്ല, ചെറിയ ചെറിയ കഷ്ടപ്പാടുകളോ ബുദ്ധിമുട്ടുകളോ പ്രശ്നങ്ങളോ കളിയാക്കലുകളോ ഇന്നത്തെ തലമുറയുടെ മനസ്സും മടുപ്പിക്കുന്നു, ഇത്തരം സന്ദർഭങ്ങളിൽനിന്നും ഓടിയൊളിക്കാൻ ആത്മഹത്യ ഒരു കുറുക്കുവഴിയായി സ്വീകരിക്കുന്നു. ജീവിതത്തിലെ തങ്ങളുടെ ലക്ഷ്യങ്ങൾ നിറവേറ്റുക, സ്വപ്നങ്ങൾ എത്തിപ്പിടിക്കുക, മറ്റുള്ളവർക്ക് പ്രയോജനകരമാകുംവിധം ജീവിക്കുക അങ്ങനെയുള്ള നല്ല കാര്യങ്ങൾ മനസ്സിലുള്ളപ്പോഴും മദ്യപാനത്തിന്റെയും ലഹരിയുടെയും ഇടവഴികളിൽ പലർക്കും കാലിടറുന്നു.

ലഹരിയെയും സാമൂഹ്യവിപത്തിനെയും നോർമലൈസ് ചെയ്യുന്ന രീതിയിലുള്ള പാട്ടുകളും സിനിമകളും പുതുതലമുറയിലേക്ക് ഒഴുകിയെത്തുന്നു. സമൂഹത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന വ്യക്തികൾ പോലും ഇത്തരം സാമൂഹിക വിപത്തിന് പ്രമോഷൻ നൽകി ഇന്നത്തെ തലമുറയെ ആശയക്കുഴപ്പത്തിലാക്കുന്നു.

സ്വന്തം വ്യക്തിത്വം എന്തെന്ന് തിരിച്ചറിയാതെയും തിരിച്ചറിയുവാൻ സാധിക്കാതെയും അതിനു ശ്രമിക്കാതെയും സ്വന്തം ഐഡന്റിറ്റി തിരുത്തിക്കുറിക്കാൻ ശ്രമിക്കുമ്പോൾ പുരുഷൻ, സ്ത്രീ അല്ലെങ്കിൽ മനുഷ്യൻ എന്ന സ്രഷ്ടാവിന്റെ, സൃഷ്ടികർമത്തിലേക്കുള്ള കൈകടത്തലുകളാണ് ഇന്ന് നമുക്കുചുറ്റും നാം കണ്ടുമുട്ടുന്നത്. ആധുനിക മനുഷ്യന്റെ വളർച്ചയിൽ നെഞ്ചുവിരിച്ചു നടക്കുന്ന നാം പലപ്പോഴും തലകുനിക്കുന്ന പ്രവണതകൾ ഇനിയും സമൂഹത്തിൽ അരങ്ങേറാതിരിക്കട്ടെ.

സമൂഹത്തെ കാർന്നുതിന്നുന്ന ന്യൂജൻ ആശയങ്ങളിൽ നമുക്ക് നഷ്ടമാകുന്നത് നല്ലൊരു കുടുംബ സാമൂഹിക പശ്ചാത്തലവും നല്ലൊരു നാളെയുമാണ്. മിന്നി മറയുന്ന വർണക്കാഴ്ചകൾക്കു പുറകിൽ, നിമിഷസുഖങ്ങൾക്കു വേണ്ടിയുള്ള നെട്ടോട്ടങ്ങൾക്കു പുറകിൽ തകരുന്നതും തകർക്കുന്നതുമായ ഒരുപിടി നല്ല ജീവിതങ്ങളുണ്ടെന്ന് നാം മനസ്സിലാക്കാതെ പോകരുത്. സമൂഹത്തെ കാർന്നു തിന്നുന്ന ഇത്തരം വിപത്തുകൾക്കെതിരായി നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം; നല്ലൊരു നാളെയ്ക്കായി നമുക്ക് കൈകോർക്കാം; ഒന്നിച്ച് മുന്നേറാം.

***ജിതിൻ ജോസഫ്: സമന്വയ തിയോളജി കോളേജ്, ഭോപ്പാൽ***





# ശ്രദ്ധിക്കൂ, എല്ലാം ക്രമീകരിക്കൂ



**എന്തിനേറെപറയുന്നു, ഞാൻ എന്റെ ദൈവവിളി പോലും ഗൗരവത്തിലെ ടുക്കാനും മനസ്സിലാക്കാനും തുടങ്ങിയത് അതിനു ശേഷമാണ്.**

ജീവിതത്തിൽ ഒരു വ്യത്യാസം വരുത്തണമെന്നും കർത്താവിനുവേണ്ടി എന്തെങ്കിലുമൊക്കെ സീരിയസായി ചെയ്യണമെന്നും ആഗ്രഹിക്കുന്നവരാണ് നിങ്ങളെങ്കിൽ ഈ അനുഭവം നിങ്ങളെ തീർച്ചയായും സഹായിക്കും. വർഷങ്ങൾക്ക് മുൻപുള്ള എന്റെ ആകുലത ഇങ്ങനെയായിരുന്നു. ജോലി തിരക്കുകൾക്കിടയിൽ കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യണം. ദിവസങ്ങൾ ഇങ്ങനെ പോയിക്കൊണ്ടിരിക്കുകയാണ്. ഫലപ്രദമായി എന്തെങ്കിലും വേണം ചെയ്യാൻ. പലതും മനസ്സിലുണ്ട്, പക്ഷേ, ഒന്നും ചെയ്യാൻ പറ്റുന്നില്ല. യഥാർഥത്തിൽ എവിടെ തുടങ്ങണം, എന്ത് തുടങ്ങണം എന്ന് അറിയില്ല. ഞാനിങ്ങനെ നീറിനീറി നടക്കുമ്പോൾ ഒരു വചനം എന്റെ ശ്രദ്ധയിൽപ്പെട്ടു. "മകനേ, പലകാര്യങ്ങളിൽ ഒന്നിച്ച് ഇടപെടരുത്; കാര്യങ്ങൾ ഏറിയാൽ തെറ്റുപറ്റാൻ എളുപ്പമുണ്ട്. പലതിന്റെ പുറകേ ഓടിയാൽ ഒന്നും പൂർത്തിയാകുകയില്ല; പിന്നെ ഒഴിഞ്ഞുമാറാൻ നോക്കിയാൽ രക്ഷപെടുകയുമില്ല" (പ്രഭാ 11, 10) ഈ വചനമായിരുന്നു അത്. ഇതെന്നെ വല്ലാതെ സ്വാധീനിച്ചു.



ഞാൻ കുറച്ചുനേരം സമാധാനത്തിലിരുന്ന് ആ നാളുകളിൽ തലയിട്ടിരിക്കുന്ന എല്ലാക്കാര്യങ്ങളുടെയും ലിസ്റ്റ് ഒന്നെടുത്തു. പ്രൊഫഷൻ, ഫാമിലി, സംഘടന, മിനിസ്ട്രി എന്നിങ്ങനെ ചെറുതും വലുതുമായി പതിനേഴ് കാര്യങ്ങളിലാണ് ഞാൻ അന്നേരം തലയിട്ടിരുന്നത്. ഇനി ഈശോയ്ക്കുവേണ്ടി എന്തെങ്കിലും പുതിയതായി ചെയ്യാൻ കണ്ടെത്തിയാൽതന്നെ അത് പതിനെട്ടാമത്തെ കാര്യമായേ വരൂ. അത്രയ്ക്ക് 'എൻഗേജ്ഡ്" ആയിരുന്നു ഞാൻ.

ഏതായാലും ഒരോന്നൊരോന്നായി ഒഴിവാക്കാൻ ഞാൻ തീരുമാനമെടുത്തു. കുറിച്ചുവച്ച ലിസ്റ്റ് നോക്കി വെട്ടാൻ പറ്റുന്നവ വെട്ടി. ഞാൻ അംഗമായിരുന്ന ഒരു അസ്സോസിയേഷന്റെ ഉത്തരവാദിത്വത്തിൽ നിന്നും അന്നുതന്നെ പിന്മാറി സ്ഥാനം മറ്റൊരാൾക്ക് നൽകി. സമയം കളഞ്ഞിരുന്നതും അനാവശ്യമായിരുന്നതുമായ പലതിൽനിന്നും ഘട്ടംഘട്ടമായി ഞാൻ ഇങ്ങനെ പിന്മാറി. അവസാനം തീരെ ഒഴിവാക്കാൻ പറ്റാത്ത നാലേ നാലുകാര്യങ്ങളിലേക്ക് ഞാൻ എന്നെ ചുരുക്കി. പിന്നീടങ്ങോട്ട് അക്കാര്യങ്ങളിൽ മാത്രമേ ഞാൻ ഇടപെട്ടിരുന്നുള്ളൂ. എന്റെ മനസ്സിൽ അതുവരെ നീറിക്കൊണ്ടിരുന്ന വിഷയം ഏതായിരുന്നുവോ അത് ശരിയായി കണ്ടെത്താനുമായി.

പ്രിയപ്പെട്ടവരെ, ഞാൻ ഉറപ്പിച്ചു പറയുന്നു. അന്നുമുതൽ ഞാൻ അനുഭവിച്ച സമാധാനം പറഞ്ഞറിയിക്കാവുന്നതല്ല. അക്ഷരാർഥത്തിൽ എനിക്കു ലഭിച്ച ആ വചനം എന്നെ രക്ഷിക്കുകയായിരുന്നു. എന്തിനേറെ പറയുന്നു, ഞാൻ എന്റെ ദൈവവിളിപോലും ഗൗരവത്തിലെടുക്കാനും മനസ്സിലാക്കാനും തുടങ്ങിയത് അതിനുശേഷമാണ്. ഇന്ന് ഞാൻ തിരുപ്പട്ടത്തിനുവേണ്ടി ഒരുങ്ങുന്ന ഒരു ബ്രദർ ആണ്.

ഞാനൊന്ന് ചോദിക്കട്ടെ, എന്നേക്കാൾ എത്രയേറെ പൊട്ടൻഷ്യൽ ഉള്ളവരാണ് നിങ്ങൾ. ദൈവിക കാര്യത്തിൽ എത്ര വിശ്വസ്തരും ഉത്സാഹികളാണുമാണ് നിങ്ങൾ ഓരോരുത്തരും. നിങ്ങൾ ഒരേയൊരു കാര്യമേ ചെയ്യേണ്ടതുള്ളൂ. അനാവശ്യ കാര്യങ്ങൾക്ക് സമയം പാഴാക്കാതെ, ഗൗരവമേറിയ കാര്യങ്ങളെ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച്, ലഭിച്ച താലന്തിനെ ഒന്നിരട്ടിപ്പിച്ചാൽ മാത്രം മതി. ദൈവരാജ്യ ശുശ്രൂഷയിൽ നിലവിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും പല പ്രസ്ഥാനങ്ങൾ ഏറ്റെടുത്ത് നടത്തുന്നവരും വളരെ ഗൗരവത്തിൽ ഇക്കാര്യം ശ്രദ്ധിക്കാനുണ്ട് എന്നതാണ് വാസ്തവം. ഉചിതമായി എല്ലാം ക്രമീകരിക്കാൻ ദൈവകൃപ നിങ്ങളെ സഹായിക്കുമെന്ന് എനിക്ക് പ്രത്യാശയുണ്ട്.

വേഗമൊന്ന് സമാധാനത്തിലിരുന്ന്, ഒന്നിച്ച് ഇടപ്പെട്ടിരിക്കുന്ന ആ പലകാര്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി, ഒഴിവാക്കേണ്ടവ ഏതെന്ന് തരംതിരിച്ചു, കർത്താവിന്റെ കാര്യത്തിന് അതീവ പ്രാധാന്യം കൊടുത്ത് അത് സ്ഥിരതയോടെ ചെയ്തുനോക്കൂ. ദൈവഹിതം നിറവേറ്റി ശുശ്രൂഷ ജീവിതം ആസ്വദിക്കൂ.

"കൂടെക്കൂടെ പെയ്യുന്ന മഴവെള്ളം കുടിക്കുകയും, ആർക്കുവേണ്ടി കൃഷിചെയ്യപ്പെടുന്നുവോ അവരുടെ പ്രയോജനത്തിനായി സസ്യങ്ങളെ മുളപ്പിക്കുകയും ചെയ്യുന്ന ഭൂമി ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നു. ഞെരിഞ്ഞിലുകളും മുള്ളുകളുമാണ് പുറപ്പെടുവിക്കുന്നതെങ്കിലോ അതു പരിത്യക്തമാണ്. അതിൻമേൽ ശാപം ആസന്നവുമാണ്. ദഹിപ്പിക്കപ്പെടുക എന്നതായിരിക്കും അതിന്റെ അവസാനം. പ്രിയപ്പെട്ടവരേ, ഞങ്ങൾ ഇങ്ങനെ സംസാരിക്കുന്നുവെങ്കിലും ഉത്തമവും രക്ഷാകരവുമായ ഗുണങ്ങൾ നിങ്ങളിലുണ്ടെന്നു ഞങ്ങൾക്കു ബോധ്യമുണ്ട്. നിങ്ങളുടെ പ്രവൃത്തികളും, വിശുദ്ധർക്കു നിങ്ങൾ ചെയ്തതും ചെയ്യുന്നതുമായ ശുശ്രൂഷയിലൂടെ തന്റെ നാമത്തോടു കാണിച്ച സ്നേഹവും വിസ്മരിക്കാൻ മാത്രം നീതിരഹിതനല്ലല്ലോ ദൈവം. നിങ്ങളിൽ ഓരോരുത്തരും നിങ്ങളുടെ പ്രത്യാശയുടെ പൂർത്തീകരണത്തിനായി അവസാനംവരെ ഇതേ ഉത്സാഹം തന്നെ കാണിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ, നിരുത്സാഹരാകാതെ വിശ്വാസവും ദീർഘക്ഷമയുംവഴി വാഗ്ദാനത്തിന്റെ അവകാശികളായവരെ അനുകരിക്കുന്നവരാകണം നിങ്ങൾ" (ഹെബ്രാ 6, 7-12).

***ബ്രദർ അഗസ്റ്റിൻ ക്രിസ്റ്റി PDM***
***അട്ടപ്പാടിയിലുള്ള Preachers of Divine Mercy (PDM) സന്ന്യാസ സമൂഹത്തിനുവേണ്ടി കോട്ടയം വടവാതൂർ അപ്പസ്തോലിക് സെമിനാരിയിൽ തിയോളജി പഠിക്കുന്നു. Jesus Youth കോഴിക്കോട് സോൺ MEST ടീം-ന്റെ ഭാഗമായിരുന്നു.***








# കൊടുങ്കാറ്റിലും അണയാത്ത വഴിവിളക്കുകൾ

സാജൻ സി എ



സി. വന്ദന ഫ്രാൻസിസ്, സി. പ്രീതി മേരി എന്നീ രണ്ടു ക്രിസ്ത്യൻ മിഷണറിമാരുടെ അറസ്റ്റും തുറങ്കിലടയ്ക്കലും മാധ്യമങ്ങൾ വിളിച്ചുപറയുന്നുണ്ടെങ്കിലും, അനീതിയും അക്രമവും ആസുരമാർന്നാടുന്ന വർത്തമാനകാലം ലോകത്തോട് വിളിച്ചുപറയുന്നതെന്താണ്? സ്നേഹത്തിനും ക്ഷമയ്ക്കും സഹനമെന്നും പരാനുഭൂതിയെന്നുമൊക്കെ വലിയ അർഥതലങ്ങളുണ്ടെന്നതാണ്. "ചെന്നായ്ക്കളുടെ ഇടയിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ, നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപോലെ നിഷ്ക്കളങ്കരുമായിരിക്കുവിൻ" (മത്താ 10, 16). ക്രിസ്തുവിന്റെ ഈ വാക്കുകൾ അക്ഷരാർഥത്തിൽ അന്വർഥമാകുന്ന കാഴ്ചയാണ് ലോകം കാണുന്നത്.

ഇന്ത്യ, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായിരുന്നിട്ടും, അടുത്തകാലത്ത് മതസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ വലിയ വെല്ലുവിളികൾ നേരിടുന്നു. ക്രിസ്ത്യാനികൾക്കെതിരെയുള്ള പീഡനങ്ങൾ വർധിച്ചുവരുന്നത് അന്താരാഷ്ട്ര സംഘടനകൾ റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.



ഇന്ത്യയിൽ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങൾ സമീപ വർഷങ്ങളിൽ വർധിതമായിട്ടുണ്ട്. മതസ്വാതന്ത്ര്യം ഭരണഘടന ഉറപ്പുനൽകുന്നുണ്ടെങ്കിലും, പല പ്രദേശങ്ങളിലും ക്രൈസ്തവർക്കെതിരെ അക്രമവും വിവേചനവും നിലനിൽക്കുന്നു. Open Doors International, US State Department, USCIRF തുടങ്ങിയവയുടെ റിപ്പോർട്ടുകൾ പ്രകാരം, തീവ്രവാദികൾ ക്രിസ്ത്യാനികളെ വിദേശികളായി കണ്ട് ആക്രമിക്കുന്നു. 2024-ൽ 834-ലധികം ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തു, ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് നാലിരട്ടി വർധനവാണ്.


പ്രധാന കാരണങ്ങൾ സമുദായ രാഷ്ട്രീയവും, പരിവർത്തന വിരുദ്ധ നിയമങ്ങളുമാണ്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ നിയമങ്ങൾ ക്രിസ്ത്യാനികളെ ലക്ഷ്യമിട്ട് ദുരുപയോഗം ചെയ്യുന്നു. മണിപ്പൂരിലെ ഗോത്രവംശീയ സംഘർഷത്തിൽ ക്രിസ്ത്യൻ സമുദായങ്ങൾക്ക് വൻ നാശനഷ്ടമുണ്ടായി, പള്ളികൾ തകർക്കപ്പെട്ടു, സ്ത്രീകൾക്കെതിരെ ലൈംഗികാക്രമണങ്ങൾ നടന്നു. ഛത്തീസ്ഗഢിലെ തീവ്രവാദികൾ ക്രിസ്ത്യാനികൾക്കെതിരെ വംശഹത്യാ ഭീഷണി മുഴക്കിയിട്ടുണ്ട്. പരമോന്നത നീതിന്യായത്തിന്റെ, ഭരണഘടനയുടെ അന്തസത്തയും സുതാര്യതയും തേച്ചുമായ്ച്ചു കളഞ്ഞതാരാണ് എന്ന വലിയൊരു ചോദ്യവും ബാക്കിയാകുന്നു.

നാനാത്വത്തിൽ ഏകത്വം ഉയർത്തിപ്പിടിക്കുന്ന ഇന്ത്യാ മഹാരാജ്യത്തെ ഭരണസംവിധാനങ്ങൾ ഈ ആരോപണങ്ങളെ അതിശയോക്തിപരമെന്ന് വിശേഷിപ്പിച്ച്, തൃണവൽഗണിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. നിർബന്ധിത മതപരിവർത്തനം എന്നാണ് ഹിന്ദുത്വവാദികളായ അക്രമികളുടെ ആരോപണം. അന്താരാഷ്ട്ര നിരീക്ഷകർ ഈ പീഡനങ്ങളെ സ്ഥിരീകരിക്കുകയും ചെയ്യുന്നുണ്ട്. നിരന്തരമായ ഈ പീഡനങ്ങൾ ക്രിസ്ത്യാനികളെ സാമൂഹികമായി ഒറ്റപ്പെടുത്താനും, മിഷണറി പ്രവർത്തനങ്ങൾ നിറുത്താനും, നിശ്ശബ്ദമാകാനും നിർബന്ധിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, ക്രൈസ്തവർ തങ്ങളുടെ വിശ്വാസവും സേവനവും തുടർന്ന്, സമാധാനത്തിനും സഹിഷ്ണുതയ്ക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടേയിരിക്കും. ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കാൻ അടിയന്തിര നടപടികൾ ആവശ്യമാണ്. മതസ്വാതന്ത്ര്യം എല്ലാവരുടെയും അവകാശമാണ്. മതസൗഹാർദം ശക്തിപ്പെടുത്താൻ സർക്കാരും സമൂഹവും കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

കൊടുങ്കാറ്റിലും ആടിയുലയാത്ത ദീപനാളങ്ങൾ ആളിക്കത്തി തീപ്പന്തങ്ങളായി ലോകത്തിന്റെ നെറുകയിൽ പ്രശോഭിക്കുമ്പോൾ, ഒരു ശക്തിക്കും തകർക്കാൻ പറ്റാത്ത സ്നേഹത്തിന്റെ വിപ്ലവമാണ് പൊട്ടിപ്പുറപ്പെടുന്നതെന്ന് ഓർക്കേണ്ടതുണ്ട്. ക്രിസ്തുവെന്ന മഹാഗുരുവിന്റെ പാത പിന്തുടരുന്നവർക്ക് മുന്നിലും പിന്നിലും പിന്നെയുൾക്കരുത്തായും ഗുരുവിന്റെ തിരുമൊഴികളാകുന്ന പാഥേയമാണ് ഊർജപ്രവാഹമാകുന്നത്. തീയിൽ കുരുത്തത് എങ്ങനെ വെയിലത്ത് വാടും? ചെന്നായ്ക്കളുടെ ഇടയിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നുവെന്നു ക്രിസ്തു പറയുമ്പോൾ, ആ പാത പിന്തുടരുന്ന ക്രിസ്ത്യാനികളെങ്ങനെ നിശ്ശബ്ദരാകും. സ്നേഹത്തിന്റെ മഹാവിപ്ലവം ഇനിയും തുടരും.. കാരണം, സ്നേഹത്തിൽ ഭയത്തിനിടമില്ല. ക്രിസ്ത്യാനികൾക്കെതിരെയുള്ള പീഡനങ്ങൾക്ക് ക്രിസ്തുവിനോളം തന്നെ പഴക്കമുള്ളതല്ലേ!?

---

*കെയ്റോസ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാകുളത്ത് താമസം.*





# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# JESUS YOUTH FULLTIMERS'

# CHRIST JUBILEE

(33RD BATCH)

# SILVER JUBILEE

(9TH BATCH)

# 2025



 - ഡോ. ജിൻസി മാത്യു, എറണാകുളം

# ജീസസ് യൂത്ത് ഫുൾടൈമേഴ്സിന്റെ
# ക്രിസ്തു ജൂബിലി

( 33-ാം ബാച്ച് )

# സിൽവർ ജൂബിലി

( 9-ാം ബാച്ച് )

FULLT

*നിലത്തുവീണ വിത്ത് പൊട്ടി മുളയെടുത്ത് പടർന്ന് പന്തലിക്കുന്നപോലെ.. ലോകത്തെ കീഴ്മേൽ മറിക്കാൻ തക്കവിധം, ദൈവസ്നേഹത്താൽ നിറഞ്ഞ ക്രിസ്തു സാക്ഷികളായി ജീവിക്കാൻ പ്രതിജ്ഞാബദ്ധരാകുന്ന ചെറുപ്പക്കാർ.. ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഒരു സുപ്രധാന നാഴികക്കല്ല്.*

# ആരാണ് ഈ ഫുൾ ടൈമേഴ്സ്?



എൺപതുകളുടെ പകുതി കഴിഞ്ഞപ്പോഴേയ്ക്കും കേരളത്തിലെ ക്യാമ്പസുകളിൽ പ്രത്യേകിച്ച് കത്തോലിക്കാ കോളേജുകളിൽ കർത്താവിന്റെ ആത്മാവ് ജീസസ് യൂത്തിലൂടെ ആളിക്കത്തുമ്പോൾ തിരുവനന്തപുരം മാർ ഈവാനിയോസിൽ നിന്ന് പ്രീഡിഗ്രി പഠിക്കുന്ന ഒരു പൊടിമീശക്കാരൻ അനിമേറ്റേർഴ്സ് ആയിരുന്ന പ്രൊ. ആലീസ്കുട്ടിയോടും പ്രൊ. ഡോ. എഡ്വേർഡ് എടേഴത്തിനോടും ചോദിച്ചു, കേളേജ് ക്യാമ്പസിൽ മുഴുവൻ സമയ മിനിസ്ട്രി ചെയ്യാൻ പിള്ളേരെ കിട്ടിയാൽ കൂടുതൽ നന്നാവില്ലേ? അനിമേറ്റേഴ്സ് അന്നും ഉത്തരവാദിത്വ ബോധ്യമുള്ളവരായതിനാൽ ചെക്കനെ ഒന്ന് ആശ്വസിപ്പിച്ചു വിട്ടയച്ചു. പക്ഷേ, കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ തിരയൊടുങ്ങാത്ത ആവേശം അലതല്ലുന്ന അക്കാലത്തു ക്യാമ്പസ് ടീമിൽ ആക്ടീവായിരുന്ന തീക്ഷ്ണതയുള്ള യുവജനങ്ങളെയും ജെറ്റ് ട്രെയിനിങ് പാകപ്പെടുത്തിയ നേതൃത്വ പാടവമുള്ളവരെയും ഉൾപ്പെടുത്തി പരീക്ഷണാർഥത്തിൽ കുറച്ചുപേരെ ഒരുവർഷത്തേയ്ക്ക് ക്യാമ്പസുകളിൽ മുഴുവൻ സമയവും പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. ആ പയ്യന്റെ കണ്ണുകൾ വിളഞ്ഞുകിടക്കുന്ന ക്യാംപസുകളെ കണ്ട് വിളവെടുപ്പിന് ആളെത്തേടി പിന്നെയുമിറങ്ങി. കുറേ പോസ്റ്റ് കാർഡ് മേടിച്ചു ചെക്കൻ കുത്തിയിരുന്ന് ക്യാമ്പസുകളിലേയ്ക്കും സോണുകളിലേയ്ക്കും എഴുതി അയച്ചു. കേരളത്തിൽ നിന്ന് അങ്ങോളമിങ്ങോളമായി 27 പേർ ഒന്നിച്ചുവന്നു, 10 യുവാക്കൻമാരും 17 യുവതികളും. ഫുൾടൈം മിനിസ്ട്രിയെക്കുറിച്ചു സ്വപ്നം കണ്ട ആ പൊടിമീശക്കാരനാണ് സന്തോഷ് ജോസഫ് എന്ന വിഷനറി. ഇന്ന് 33 ബാച്ചുകളിൽ എത്തിനിൽക്കുന്ന ഫുൾടൈമേഴ്സ് എന്നറിയപ്പെടുന്ന വലിയ സ്വപ്നം കണ്ട ദീർഘദർശി. അങ്ങനെ നാൽപതു ദിവസത്തെ തുടർച്ചയായ പരിശീലനവും ഒരുവർഷത്തെ മിഷണറി ജീവിതവും പിന്നീടുള്ള കാലമത്രയും ക്രിസ്തു സാക്ഷിയായി ജീവിക്കാനും തയ്യാറായ ബിരുദധാരികളായ ചെറുപ്പക്കാർ ഫുൾടൈമേഴ്സ് എന്നറിയപ്പെടാൻ തുടങ്ങി.

# 40 ദിവസം നീളുന്ന ഫുൾടൈമേഴ്സ് പരിശീലനം

ആദ്യ ട്രെയിനിങ് കൊടുക്കാൻ ഹൈദരാബാദിൽനിന്നും ബാംഗ്ലൂരിൽ നിന്നും പൂനെയിൽ നിന്നുമൊക്കെ മലയാളം അറിയാവുന്ന നേതാക്കളെ ക്ഷണിച്ചു വരുത്തി. ചൊവ്വരയിലുള്ള ഒരു കോൺവെന്റിലായിരുന്നു ആദ്യ പരിശീലനം. പങ്കെടുത്തവരിൽ ഒരാൾ റിഡംപ്റ്ററിസ്റ്റു പുരോഹിതനായ ഫാ. അലക്സ് വിരുതുകുളങ്ങരയായിരുന്നു. ശേഷം കേരള ക്യാംപസുകളിൽ ഫുൾടൈമേഴ്സ് ഓടിനടന്നു ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു. ഫുൾടൈമേഴ്സ് ഒരു വർഷം ക്യാംപസിൽ എന്തൊക്കെചെയ്യും എന്ന സംശയം മാറി. ആദ്യം പോയവർ 37 പുതിയ യുവജനങ്ങളെ പിൻഗാമികളാക്കി മാറ്റിയിരുന്നു. അതോടെ ജീസസ് യൂത്ത് ഫുൾടൈമേഴ്സ് പ്രൊജക്റ്റ് ഓടി തുടങ്ങി, കൃത്യമായ പരിശീന പദ്ധതിയും ക്രമപ്പെടുത്തി. എന്നാൽ, ഈ പരിശീലനത്തിന് വേണ്ട ധനം, താമസം എന്നുവേണ്ട ഒന്നിനെക്കുറിച്ചും വലിയ വ്യക്തതയില്ലായിരുന്നെങ്കിലും രണ്ടാമത്തെ പരിശീലനം കടുത്തുരുത്തിയിൽ SVD ഹൗസിൽ വച്ചു നടത്താൻ തീരുമാനമായി. സ്വയം ശിക്ഷിത ജീസസ് യൂത്ത് നേതാക്കൾ അവർക്കു പരിശീലകരായി, ജോർജ് അച്ചൻ (ഫാ. ജോർജ് മുടുക്കാംപുറം SVD) ഫുൾടൈമേഴ്സിന്റെ കൂടെ ചേരുന്നത് അവിടം മുതലാണ്. തുടർന്ന് പന്ത്രണ്ടാമത്തെ ബാച്ച് വരെ ഫുൾടൈമേഴ്സിന്റെ കൂടെത്തന്നെ അദ്ദേഹമുണ്ടായിരുന്നു. അച്ചന്റെ തീക്ഷ്ണതയും ജാഗ്രതയുമായിരുന്നു ഫുൾടൈമേഴ്സ് ഓഫീസ്, പ്ലേസ്മെന്റ്, നോർത്ത്, നോർത്തീസ്റ്റ് മിഷൻ സ്ഥലങ്ങൾ എല്ലാം വിഭാവനം ചെയ്തത്. അങ്ങനെ ഇന്ത്യാ മഹാരാജ്യത്തിന്റെ ഓരോ കോണിലും ജീസസ് യൂത്തിന്റെ പേര് ശ്രദ്ധിക്കപ്പെട്ടു തുടങ്ങി. മൂന്നാമത്തെ ബാച്ചിൽ ഒരു സെമിനാരിയൻ, അജി മൂലേപ്പറമ്പിൽ CMI പങ്കെടുത്തു, അടുത്തവർഷം കേരളത്തിന് പുറത്തു ചെന്നൈയിൽ നിന്നു തീക്ഷ്ണമതിയായ കാന്റീസ് എന്ന പെൺകുട്ടി പങ്കെടുത്തതു ഒരു പുതിയ തുടക്കമായിരുന്നു, പിന്നീടങ്ങോട്ട് മലയാളി അല്ലാത്തവരും സെമിനാരിയൻസുമായി ധാരാളം പേർ പങ്കെടുത്തു.

# ലോകോത്തര പരിശീലനം

'ജീസസ് യൂത്ത് സിക്സ് പില്ലേഴ്സ്" അടിസ്ഥാനമാക്കി ജീവിതം ക്രമപ്പെടുത്താൻ നാൽപതു ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം വലിയ ഗുണം ചെയ്യുന്നു. ഒരു നേതാവിനു വേണ്ട വ്യക്തിത്വം, കരുതൽ, കാഴ്ചപ്പാടുകൾ, ചിന്താഗതി, ശീലങ്ങൾ, അറിവ്, അനുഭവം, തിരുത്തലുകൾ, പ്രോത്സാഹനങ്ങൾ, മേൽനോട്ടം എന്നുവേണ്ട എല്ലാം ഉൾപ്പെടുത്തിയ പരിശീലനക്കളരി ഇവർക്കു വേണ്ടി അണിയിച്ചൊരുക്കി. ഓരോരുത്തരെയും തച്ചുടച്ചു വാർത്തെടുത്തു. ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന യഥാർഥ സുവിശേഷപ്രഘോഷണ ജീവിതകാലത്തു സ്വന്തം വീട്ടിലെ സുരക്ഷിതത്വവും സൗകര്യങ്ങളും വെടിഞ്ഞ് തങ്ങൾക്കു കിട്ടുന്ന മിഷൻ സ്ഥലത്തു നേതൃത്വത്തോട് ചേർന്ന് ക്രിസ്തുരാജ്യം വളർത്തുന്ന പരിശീലനം അവരെ കൂടുതൽ രൂപാന്തരപ്പെടുത്തി. തിരിച്ചെത്തിയപ്പോൾ പിള്ളേർ അടിമുടി മാറി; അവരുടെ എടുപ്പിലും നടപ്പിലും എന്തിനു, സംസാരത്തിലും ഭാഷയിൽ പോലും നിലവാരമുയർന്നു. സ്വയം വഴിവെട്ടി മുന്നേറിയതിന്റെ ഗാംഭീര്യം അവരുടെ ശിരസ്സിനെ ഉയർത്തി നിറുത്തി. ഓരോ വർഷം കഴിയുന്തോറും ട്രെയിനിങ്ങിന്റെയും കുട്ടികളുടെയും നിലവാരം ഉയർന്നുകൊണ്ടിരുന്നു. ജീവിതകാലം മുഴുവൻ നീളുന്ന ദൗത്യത്തിന് പ്രചോദനമായിത്തീരുന്ന മുദ്രയുമായാണ് അവർ തിരികെ വീടുകളിലേക്ക് മടങ്ങുന്നത്. ജീസസ് യൂത്ത് നേതൃത്വം അത്ഭുതത്തോടെയാണ് ഫുൾടൈമേഴ്സിനെ നോക്കിക്കണ്ടത്, ഒരു സാഹസികത അവരിലുണ്ടായിരുന്നു. പാകപ്പെടുത്തിയ അവരുടെ ആവേശത്തിനെ, ദൈവരാജ്യത്തോടുള്ള തീക്ഷ്ണതയിൽ നിറച്ചു, പരിശുദ്ധാത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്ക് അഴിച്ചു വിട്ടപ്പോൾ കാലം മായ്ക്കാത്ത അത്ഭുതങ്ങൾ അവരിലൂടെ സൃഷ്ടിക്കപ്പെട്ടു. മുന്നേ പോയവർ പിന്നാലെ വന്നവരെ നയിച്ചു, സമ്പാദ്യങ്ങളുടെ പങ്കു നൽകി, സമയവും കഴിവും ആകും പോലെ പകുത്തു നൽകി. ഇപ്പോഴും ചരിത്രം കുറിക്കുന്നു.

അക്കാലത്ത് എന്നെ ഏറെ സ്വാധീനിച്ചത് 'ശിഷ്യത്വത്തെ'ക്കുറിച്ചുള്ള ഒരു പുസ്തകമായിരുന്നു. മൂന്നു വർഷം നീണ്ടുനിന്ന ക്രിസ്തുഅനുഭവം കഴിഞ്ഞു അപ്പസ്തോലന്മാരും അനുയായികളും എങ്ങനെ യേശുവിനെ പിന്തുടർന്നുവെന്ന ചോദ്യം എന്നെ വല്ലാതെ അലട്ടിയിരുന്നു. ധ്യാനത്തിലൂടെ നാം കണ്ടുമുട്ടിയ ക്രിസ്തുവിനെ പ്രഘോഷിക്കാതെയോ സാക്ഷ്യം വഹിക്കാതെയോ ഒരു കോളേജ്/യൂണിവേഴ്സിറ്റി പഠന ശേഷം നമുക്ക് ജീവിക്കാനാകുമോ? അത്രയും നാൾ എനിക്ക് കിട്ടിയ പരിശീലങ്ങളൊക്കെ ലളിതമായ ഒരു കണക്കിലേക്ക് ഞാനിങ്ങനെ ചുരുക്കി; 1000 പേർക്ക് ഒരു ദിവസം ഞാൻ ഈശോയെ കൊടുത്താൽ, 20 വർഷംകൊണ്ട് 730000 പേരോട് എനിക്ക് സുവിശേഷം പങ്കുവയ്ക്കാൻ സാധിച്ചേയ്ക്കും. അനുദിനപ്രാർഥനയും വാരാന്ത്യത്തിലുള്ള കൂട്ടായ്മയും വേദപുസ്തക പഠനവും, സാക്ഷ്യം വഹിക്കാനുള്ള പരിശീലനവുമൊക്കെയായി രണ്ടുപേരെ ഞാൻ വാർത്തെടുത്താൽ ഒരുപക്ഷേ വർഷാവസാനമാകുമ്പോഴേയ്ക്കും എന്നെപ്പോലെ ഞങ്ങൾ മൂന്ന് പേർ ആകും. അടുത്തവർഷം ഞങ്ങൾ 6 പേരെ ഇതുപോലെ രൂപാന്തപരപ്പെടുത്തിയാൽ ഞങ്ങൾ 9 ആകും. അങ്ങനെ നോക്കിയാൽ 20 വർഷംകൊണ്ട് ഏകദേശം 34 ലക്ഷം ആകും. 35 വർഷങ്ങൾക്കു മുൻപു കണ്ട ഒരാളെ ഞാനിന്ന് കാണുമ്പോൾ അവർക്കും അറിയാം ജീസസ് യൂത്ത് ഫുൾടൈമേഴ്സ് ആരാണെന്ന്. യേശു ശിഷ്യന്മാരിലൂടെ പ്രവർത്തിച്ച അതേ അത്ഭുതങ്ങൾ ഇന്ന് നമ്മളിലൂടെ ചെയ്തുകൊണ്ടിരിക്കുന്നു. ഇനിയും നമുക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. - ***സന്തോഷ് ജോസഫ്***



9 -ാം ബാച്ച് ഫുൾടൈമേഴ്സും പരിശീലകരും



സന്തോഷ് ജോസഫ് കുടുംബത്തോടൊപ്പം





പ്രൊ. ആലീസ്കുട്ടി




ഡോ. എഡ്വേർഡ് എടേഴത്ത്



ഫാ. അബ്രാഹം പള്ളിവാതുക്കൽ



മനോജ് സണ്ണി



ഫാ. ജോർജ് മുടുക്കാംപുറം SVD

# ഫുൾടൈം മേഴ്സിന്റെ ആവശ്യകത

സെൻട്രൽ ക്യാമ്പസ് ടീമിന്റെ കൈയിലൊതുങ്ങാതെ ഇടവകകളിലും മുഴുവൻ സമയ സേവനത്തിനു ഫുൾടൈമേഴ്സിന്റെ ആവശ്യകത ഉയർന്നു. എന്നാൽ, ഫുൾടൈമേഴ്സിന്റെ വിദ്യാഭ്യാസ യോഗ്യത, പങ്കെടുക്കാൻ പറ്റുന്നവരുടെ എണ്ണത്തിലുള്ള പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ ചില സോണുകളിലെ ഈ ആവശ്യങ്ങളെ ബാക്കി നിറുത്തി. കോഴിക്കോട് സോണിൽ അവർക്കുവേണ്ടി അവിടത്തെ ചുണക്കുട്ടികളെ പരിശീലിപ്പിച്ചു ഇടവകകളിലേയ്ക്കയച്ചു. ഡൽഹിയിൽ സുനിൽ സൈമണിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ബാച്ച് നഴ്സുമാരെ പരിശീലിപ്പിച്ചു ഫുൾടൈം/പാർട്ട് ടൈം/വിത്ത് ജോബ് കമ്മിറ്റ്മെന്റുകളെടുത്തു. പിന്നീട് സാന്ത്വന കമ്മ്യൂണിറ്റിയുടെയും വിൽസൺ ചേട്ടന്റെയും നേതൃത്വത്തിൽ നാഗ്പൂരിൽ ഹിന്ദിയിലും പരിശീലനം ആരംഭിച്ചു. മനോജ് സണ്ണിയുടെ നേതൃത്വത്തിൽ കൊളംബോയിൽ ആദ്യമായി അന്തർദേശീയ തലത്തിൽ ഫുൾടൈമേഴ്സിനെ പാകപ്പെടുത്തി തുടങ്ങിയത് എടുത്തുപറയേണ്ട മറ്റൊരു പൊൻതൂവലാണ്. ഫുൾടൈമേഴ്സിന്റെ ഇടയിൽനിന്നു വൈദികരും സന്ന്യസ്തരുമുണ്ടായി. ജീസസ് യൂത്ത് വൈദികർതന്നെ ഉണ്ടായി. ജീസസ് യൂത്ത് മിനിസ്ട്രികൾ ഇല്ലാത്തയിടങ്ങളിൽ ഫുൾടൈമേഴ്സ് പോയി ക്രിസ്തുവിന് വഴിയൊരുക്കി. 2019, 2020 ബാച്ചുകൾക്കു കോവിഡ് സമയം ആയിരുന്നതിനാൽ നിയമനം കൊടുക്കാൻ സാധിക്കാത്തതൊഴിച്ചാൽ കഴിഞ്ഞ 32 ബാച്ചുകളും വിജയകരമായി പൂർത്തിയാക്കി. 33-മത്തെ ബാച്ച് ക്രിസ്തു ജൂബിലിയിലൂടെ കടന്നു പോകുന്നു. ഒൻപതാമത്തെ ബാച്ചാണെങ്കിലോ ഈ വർഷം അവരുടെ കമ്മിറ്റ്മെന്റിന്റെ സിൽവർ ജൂബിലി തിരിതെളിച്ച് ആഘോഷത്തിനു തുടക്കം കുറിച്ചിരിക്കുകയാണ്. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും നേതൃനിരയിൽ വിവിധങ്ങളായ ഉത്തരവാദിത്വങ്ങളിൽ ഫുൾടൈമേഴ്സ് ശോഭിച്ചുകൊണ്ടേയിരിക്കുന്നു.

# ഫുൾടൈം മേഴ്സിന്റെ വഴികാട്ടികൾ

തിരുവനന്തപുരത്തുനിന്ന് കേരളത്തിന്റെ ഒട്ടുമിക്ക ക്യാമ്പസുകളിലും നേരിട്ടുവന്നു സാക്ഷ്യം വഹിച്ച സന്തോഷ് ജോസഫ് ആ കാലഘട്ടത്തിലെ ഒരുപാട് യുവജനങ്ങളെയാകർഷിച്ചു. ആത്മീയ പ്രഭാഷണങ്ങളോ ധ്യാനങ്ങളോ അത്ര ലഭ്യമല്ലാതിരുന്നതിനാൽ പ്രൊഫഷണൽ കോളേജുകളിൽനിന്നും ജീസസ് യൂത്ത് ശൈലിയിലുള്ള ദൈവാനുഭവങ്ങൾ തേടി യുവജനങ്ങൾ വന്നു. പള്ളിയച്ചൻ എന്നറിയപ്പെടുന്ന ഫാ. അബ്രാഹം പള്ളിവാതുക്കൽ, പ്രൊ. ആലീസ്കുട്ടി, ഡോ. എഡ്വേർഡ് എടേഴത്ത്, സന്തോഷ് ജോസഫ് എന്നിവരാണ് ഫുൾടൈമേഴ്സിന്റെ വളർച്ചയ്ക്ക് കാതലായ പിന്തുണ നൽകിയതും വഴികാട്ടിയതും. അക്കാലത്തു കേരള കരിസ്മാറ്റിക് പ്രവർത്തനങ്ങളുടെ ആസ്ഥാനമായ എമ്മാവൂസിന്റെ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന റിട്ടയേർഡ് എയർഫോഴ്സ് ഉദ്യോഗസ്ഥൻ മിസ്റ്റർ ബേബി ചാക്കോ എന്ന ബേബിച്ചായന്റെ സാന്നിധ്യവും എടുത്തു പറയേണ്ട ഒന്നാണ്. ആദ്യ മൂന്നു ബാച്ചുവരെ തന്റെ സാന്നിധ്യം അറിയിച്ചെങ്കിലും പിന്നീടങ്ങോട്ട് എല്ലാ ബാച്ചുകൾക്കും ബേബിച്ചായൻ അവിഭാജ്യമായ ഒരു ഘടകമായി മാറി.



9-ാം ബാച്ച് ഫുൾടൈമേഴ്സ് ഇപ്പോൾ

# ജീവിത കാലമത്രയും ക്രിസ്തു സാക്ഷികൾ!

ദൈവരാജ്യത്തോടുള്ള പ്രതിബദ്ധതയിൽ ജീവിതകാലമത്രെയും ക്രിസ്തു സാക്ഷിയായി ജീവിച്ചുകൊള്ളാമെന്ന് ഓരോ ഫുൾടൈമേഴ്സും പ്രതിജ്ഞ ചെയ്യുന്നുണ്ട്. 25 വർഷക്കാലം ഫുൾടൈമർഷിപ്പിന്റെ ചൈതന്യത്തിൽ എങ്ങനെ ജീവിച്ചുവെന്നു ഒൻപതാമത്തെ ബാച്ചുകാർ പറയുന്നു. 52 പേരായിരുന്നു റെജി കൊട്ടുകാപ്പള്ളിയെന്ന ചാച്ചന്റെ കോ-ഓർഡിനേറ്റർഷിപ്പിൽ 2000-ാം ആണ്ടിൽ പരിശീലനത്തിന് ഇറങ്ങിയത്. നാല് വൈദിക വിദ്യാർഥികളും ഉണ്ടായിരുന്നു. പിന്നീട് രണ്ടു വൈദികർ കൂടി ഈ ബാച്ചിൽ നിന്നുണ്ടായി. ഫാ. ലിൻസണും ഫാ. ചിൽട്ടണും. ഫുൾടൈമർഷിപ്പ് കഴിഞ്ഞു പഠനവും ജോലിയും ജീവിതാന്തസ് തെരഞ്ഞെടുക്കലും പിന്നെ വ്യക്തി ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ. നട്ടം തിരിഞ്ഞു പോകുന്ന പ്രതിസന്ധികൾ, മരണത്തിന്റെ നിഴൽ വീണ ജീവിത യാഥാർത്ഥ്യങ്ങൾ, രോഗങ്ങൾ, പ്രായം, എല്ലാം കണ്ണുചിമ്മിയ നേരംകൊണ്ട് കടന്നുപോയി... അപ്പോഴേയ്ക്കും മുടിനരച്ചു.. അങ്കിളും ആന്റിയുമായി.. ഇന്ന് മക്കളൊക്കെ കമ്മിറ്റ്മെന്റെടുക്കാൻ പ്രായവുമായി. സമയം പോയത് അറിഞ്ഞതേയില്ല, അത്ര സുരക്ഷിതമായാണ് ദൈവം തന്റെ വിശ്വസ്തരെ പരിപാലിക്കുന്നതെന്ന് അവർ പറയുന്നു. ജീവിക്കുന്ന ദൈവത്തിന്റെ ഇടപെടലുകൾ അവർ പോലുമറിയാതെ അവരെ ക്രിസ്തു സാക്ഷികളാക്കി; ജീവിത ശൈലിയായി! ജീസസ് യൂത്ത് എന്നത് ഒരു ജീവിത ശൈലി എന്ന ചൊല്ല് അന്വർഥമായി!

***ലേഖിക ഡോ. ജിൻസി മാത്യു, കൊച്ചിയിൽ പാലാരിവട്ടത്തുള്ള 'റെയ്നിങ് ട്രീസ്' കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ സ്ഥാപകയും കൺസൽട്ടന്റ് സൈക്കോളജിസ്റ്റുമാണ്. ഭർത്താവ് സനീഷ് എബ്രാഹം; മകൻ അൽഫോൻസ്. താമസം പാലാരിവട്ടത്ത്.***

**ആയിരക്കണക്കിന് ആളുകളെ മാനസിക സമ്മർദങ്ങളിൽ നിന്ന് കരകയറ്റുമ്പോൾ നാവിൽ സ്തുതിപ്പ് ഉണ്ടെന്നതാണ് കർത്താവിന്റെ മുദ്രയുടെ അടയാളം. അറിവിനും ശാസ്ത്രത്തിനുമപ്പുറത്തു ദൈവത്തിന്റെ ഇടപെടൽ നമ്മളെ വേറിട്ട് നിറുത്തും.**

# കരതീർന്ന വിശ്വാസ പരിശീലനം

അഞ്ചു വർഷത്തെ തയ്യാറെടുപ്പിനൊടുവിലാണ് ഫുൾടൈമറാകാൻ ഞാൻ ഇറങ്ങി പുറപ്പെടുന്നത്. ഒന്നാം വർഷ പ്രീഡിഗ്രി സമയത്തു ഹോസ്റ്റലിലെ ധ്യാനത്തിനുശേഷം, നിർമലഗിരി കോളേജിൽവച്ചു നടന്ന ക്യാംപസ് മീറ്റ് '95 ൽ പങ്കെടുത്തു; അവിടെയായിരുന്നു തുടക്കം. തലശ്ശേരി സോൺ ഫുൾടൈമറായിരുന്ന സുനിത ചേച്ചിയും കണ്ണൂർ ഫുൾടൈമറായിരുന്ന കുളിരാനി ബിജു ചേട്ടനും ജീവിക്കുന്ന സാക്ഷ്യങ്ങളായിരുന്നു, അതെന്നെ വല്ലാതെ സ്വാധീനിച്ചു. ചെറുപ്പം മുതലേ ക്രിസ്റ്റീനും മിഷൻലീഗും തന്ന ദൈവാനുഭവം അവിടെവച്ചു ദിശ മാറിയൊഴുകി. ഫുൾടൈമറായാൽ കൊള്ളാമെന്ന് എനിക്കും തോന്നി. വർഷാവർഷം ഗുജറാത്തിലെ ഗോണ്ടൽ എന്ന ഗ്രാമത്തിൽനിന്ന് ചാച്ചന്റെ പെങ്ങളായ സിസ്റ്റർ ആന്റി (സി. മരിയ മാത്യു FCC) അയക്കുന്ന ക്രിസ്മസ് കാർഡുകൾ മിഷൻ പ്രവർത്തനത്തെക്കുറിച്ചു എന്തൊക്കെയോ ആശയം തന്നിരുന്നു. അതല്ലാതെ മറ്റൊന്നും സുവിശേഷപ്രസംഗത്തെക്കുറിച്ചു എനിക്കറിയില്ലായിരുന്നു. നന്നായി പ്രാർഥിച്ചൊരുങ്ങണം എന്നാലേ ഡിഗ്രി കഴിയുമ്പോൾ ഫുൾടൈമറാകാൻ പറ്റുകയുള്ളു എന്നാണ് സുനിതേച്ചി പറഞ്ഞത്. "വിശുദ്ധ സ്വർഗത്തിൽനിന്ന്, അങ്ങയുടെ മഹത്ത്വത്തിന്റെ സിംഹാസനത്തിൽനിന്ന് ജ്ഞാനത്തെ അയക്കേണമേ. അവൾ എന്നോടൊത്തു വസിക്കുകയും അധ്വാനിക്കുകയും ചെയ്യട്ടെ! അങ്ങനെ അങ്ങയുടെ ഹിതം ഞാൻ മനസ്സിലാക്കട്ടെ" (ജ്ഞാനം 9, 10). ഒത്തിരി ഇഷ്ടമുള്ള ഈ പ്രാർഥന കൂടുതൽ തവണ ഞാനുരുവിട്ടു തുടങ്ങി. അടുത്ത വർഷം 1996 ലീഡേഴ്സ് ട്രെയിനിങ്, ക്യാംപസ് പ്രയർ ഗ്രൂപ്പ്, പിന്നെ DTP 97, കണ്ണൂർ സോൺ സർവീസ് ടീം അടുത്ത മൂന്നു വർഷവും കോളേജിലും സോണിലും എല്ലാം നന്നായി പ്രവർത്തിച്ചു, പ്രാർഥിച്ചൊരുങ്ങി. ദീർഘകാല കാത്തിരിപ്പിനൊടുവിൽ മഹാജൂബിലി വർഷം 2000 ആണ്ടിൽ ഫുൾടൈമർഷിപ്പ് പരിശീലനവും പിന്നെ കമ്മിറ്റ്മെന്റും.

പിന്നീടങ്ങോട്ട് ജീസസ്‌യൂത്ത് ബന്ധുവീടു പോലെയാണ് തോന്നിയത്. എവിടെപ്പോയാലും ജീസസ് യൂത്ത് മിനിസ്ട്രി കണ്ണിൽപ്പെടും; അതു കേരളമോ മറ്റു സംസ്ഥാനമോ വിദേശത്തോ ആയാലും ജെ.വൈ എന്നത് ഒരു കസിനെ കണ്ടുമുട്ടിയ ഫീലാണ്. എന്നാൽ, എന്റെ സൗഹൃദങ്ങൾ ഒരിക്കലും ജീസസ് യൂത്തിൽ ഒതുങ്ങുന്നതായിരുന്നില്ല, വിവിധ മതവും രാഷ്ട്രീയ ചിന്തകളും മൂല്യങ്ങളുമുള്ള ആളുകളുമായി ചേർന്നു പ്രവർത്തിക്കുമ്പോൾ നമുക്ക് കിട്ടിയ പരിശീലനത്തിന്റെ വ്യാപ്തി എത്ര പ്രകടമായിരുന്നു എന്ന് കൃത്യമായി മനസ്സിലാകും. 2001 – 2004 വരെ ഗുജറാത്തിൽ ആയിരുന്നപ്പോൾ, രാജ്കോട്ട് ബിഷപ്പ് ഗ്രിഗറി കരോട്ടെമ്പ്രേലിന്റെ അനുവാദത്തോടെ, അഹമ്മദാബാദിൽ നിന്നും ബറോഡയിൽനിന്നും ഗുജറാത്ത് സർവീസ് ടീം അംഗങ്ങളായ ബൈജുവും ഫുൾടൈമേഴ്സ് കൂടിയായ ഷോബിയും ഷിജിയുമൊക്കെയായി, രാജ്കോട്ട് പ്രേം മന്ദിറിൽ വച്ച് വൺഡേ പ്രോഗ്രാം നടത്തി. അവിടെ ജീസസ് യൂത്ത് പ്രയർ മീറ്റിംഗ് തുടങ്ങി, എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞു യുവജനങ്ങൾ ഒന്നിച്ചുകൂടി പ്രാർഥിച്ചുപോന്നു. അങ്ങനെയൊക്കെ ചെയ്തില്ലെങ്കിൽ എന്തോ കുറ്റബോധം പോലെയാണ് അന്നൊക്കെ തോന്നിയിരുന്നത്. തുടർന്ന് ബംഗളൂരും എറണാകുളവുമായി ശിഷ്യകാലജീവിതം.

എറണാകുളം അങ്കമാലി രൂപതയുടെ ഫാമിലി അപ്പോസ്റ്റലൈറ്റിന്റെ പ്രീമാരിയേജ് കൗൺസിലിങ്,




ജൂബിലി ഉദ്ഘാടനം

പാലാരിവട്ടം സെന്റ് മാർട്ടിൻ പള്ളിയിലെ ഫാമിലി യൂണിറ്റ് പ്രവർത്തനങ്ങൾ, ക്യാറ്റെക്കിസം ടീച്ചർ, ഹെഡ് മിസ്ട്രസ്, POC യിൽ കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ പ്രവർത്തനങ്ങൾ, പാസ്റ്ററൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ സൈക്കോളജി ഫാക്കൽറ്റി അങ്ങനെ സഭയോടുചേർന്ന്, പോയ വർഷങ്ങളിൽ പ്രവർത്തിക്കാൻ സാധിച്ചതും ഇതേ വിശ്വാസ തീക്ഷ്ണതയും നിത്യജീവിതത്തിലെ പ്രായോഗിക ദൈവരാജ്യ പ്രഘോഷണ ദൗത്യവും എന്ന ഉറപ്പിലാണ്.

ജീസസ് യൂത്ത് നാഷണൽ ഓഫീസിലും തുടർന്ന് ഔട്ട്റീച്ച് ചൈൽഡ് സപ്പോർട്ട് പ്രോജക്ട് ഇന്ന് കാണുന്ന നിലയിലേയ്ക്ക് വളർത്തിയെടുക്കുന്നതിന്റെയും ഭാഗമാകാനായി. വലിയ കാര്യങ്ങൾക്ക് വഴിയൊരുക്കി തിരശ്ശീലയ്ക്കു പിന്നിലേയ്ക്ക് മറയുന്നതിന്റെ സുഖം, കമ്മിറ്റ്മെന്റ് കാലഘട്ടത്തിന്റെ പരിണിതഫലമായി കിട്ടിയ വരമാണ്. "എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തൻ; അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ പോലും ഞാൻ യോഗ്യനല്ല" (മത്താ 3, 11) എന്ന് മരുഭൂമിയിൽ വിളിച്ചുപറഞ്ഞവന്റെ ശബ്ദം എനിക്കുശേഷം പ്രളയമല്ലെന്ന് വ്യക്തമായി പറയുന്നുണ്ടല്ലോ.

കണക്കിലും സോഷ്യൽ വർക്കിലും ക്ലിനിക്കൽ സൈക്കോളജിയിലും ബിരുദാനന്തര ബിരുദമെടുത്തു. ന്യൂറോ സൈക്കോളജിക്കൽ ബിഹേവിയറൽ മാറ്റങ്ങളെക്കുറിച്ചു പഠിച്ചു PhD എടുത്തു. ട്രോമാ തെറാപ്പിയിൽ സ്പെഷലൈസ് ചെയ്തു. ജീവിത മാർഗത്തിനായി എറണാകുളത്തു റെയ്നിങ് ട്രീസ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി എന്ന ക്ലിനിക്ക് നടത്തുന്നു. ആയിരക്കണക്കിന് ആളുകളെ മാനസിക സമ്മർദങ്ങളിൽ നിന്ന് കരകയറ്റുമ്പോൾ നാവിൽ സ്തുതിപ്പ് ഉണ്ടെന്നതാണ് കർത്താവിന്റെ മുദ്രയുടെ അടയാളം. അറിവിനും ശാസ്ത്രത്തിനുമപ്പുറത്തു ദൈവത്തിന്റെ ഇടപെടൽ നമ്മളെ വേറിട്ട് നിറുത്തും. "നിന്റെ വഴികളിൽ നിന്നെ കാത്തു പാലിക്കാൻ അവിടുന്ന് തന്റെ ദൂതനോട് കല്പിക്കും" (സങ്കീ 91, 11). ഓഖി, വെള്ളപ്പൊക്കം, ഭൂകമ്പം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളൊക്കെ വരുമ്പോൾ ദുരന്തമുഖത്തേയ്ക്ക് ഓടിച്ചെന്നു മാനസിക രോഗ പ്രതിരോധ ചികിത്സാ പരിപാടികൾക്ക് നിസ്വാർഥമായി നേതൃത്വം കൊടുക്കാൻ പറ്റുന്നത് കറതീർന്ന കത്തോലിക്കാ വിശ്വാസ പരിശീലനം കിട്ടിയതുകൊണ്ടു മാത്രമാണ്. ഇതിനിടയിൽ ആറാം ബാച്ച് ഫുൾടൈമർ സനീഷ് അബ്രഹാമിന്റെ വിവാഹാലോചന വന്നു. ഇപ്പോൾ ഞങ്ങൾക്ക് പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു മകനുണ്ട്. ചുരുക്കത്തിൽ, തിരിഞ്ഞും മറിഞ്ഞും നോക്കിയാലും കുറച്ചു ബാച്ച്മേറ്റ്സും കർത്താവായ യേശു ക്രിസ്തുവും ഇന്നും കൂടെത്തന്നെയുണ്ട്.



ഡോ. ജിൻസി മാത്യുവും കുടുംബവും

# ഒരു വർഷം കർത്താവിന്

"എന്റെ ദൈവം തന്റെ മഹത്ത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി എനിക്ക് ആവശ്യമുള്ളതെല്ലാം നൽകും" (ഫിലിപ്പി 4 :19).

ഞാൻ സോണിയ, എന്റെ വീട് കണ്ണൂർ ജില്ലയിലാണ്. ഞാൻ ഭർത്താവിനും രണ്ടു മക്കൾക്കുമൊപ്പം ഉത്തർപ്രദേശിൽ ഖോരക്പൂർ രൂപതയിലെ ഒരു സ്കൂളിൽ ജോലി ചെയ്യുന്നു. ജൂബിലി വർഷത്തിലേക്കു എത്തിച്ചേരാൻ അനുവദിച്ച എന്റെ തമ്പുരാന് നന്ദി.

25 വർഷങ്ങൾക്കു മുൻപ് അരുണാചൽപ്രദേശിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട് 9th ബാച്ച് ഫുൾടൈമറിൽ ഒരാളായി എത്തിച്ചേരുമ്പോൾ ഞാനനുഭവിച്ചറിഞ്ഞ ദൈവത്തെ തീർത്തും പാവപ്പെട്ടവരായ, പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാതെ ജീവിക്കുന്ന ജനങ്ങൾക്ക് ഈശോയെ കൊടുക്കുവാൻ, അവരിൽ ഒരാളായി ഓരോരുത്തരിലും ഈശോയെ കണ്ടുകൊണ്ടു അവരെ ശുശ്രൂഷിക്കുവാൻ ഈശോ ഞങ്ങളെ ഉപകരണങ്ങളാക്കി. ഞങ്ങൾ (ഫാൻസി, ഷിനോജ്, ജോജോ) ദൈവത്തിന്റെ കരുതലും സംരക്ഷണവും അനുഭവിച്ചറിഞ്ഞ നാളുകൾ.

ഉള്ളിലുള്ള ഈശോയെ അനേകർക്കു പകർന്നു കൊടുക്കാൻ ദൈവം ഒരുക്കിത്തന്ന മനോഹരമായ ദിവസങ്ങൾ. ഒത്തിരി കുറവുകൾ ഉള്ളവരായിരുന്നിട്ടും അതിനെയൊക്കെ നിറവുകളാക്കി കർത്താവു ഞങ്ങളെ ഉപയോഗിച്ചു. പല അത്ഭുതങ്ങളും ഞങ്ങൾ കൺമുൻപിൽ കണ്ടു. ഒരു വില്ലേജിലായിരുന്ന സമയത്ത് ഞങ്ങൾ വൈകുന്നേരങ്ങളിൽ പ്രാർഥിക്കാൻ ഭവനങ്ങളിൽ പോയിരുന്നു. രോഗാവസ്ഥയിൽ എഴുന്നേൽക്കാൻ വയ്യാതിരുന്ന ഒരു ചേച്ചിക്കുവേണ്ടി അവരുടെ ഭവനത്തിലെത്തി ഒരു ദിവസം ഞങ്ങൾ പ്രാർഥിച്ചിരുന്നു. അടുത്ത ദിവസം അവർ നടന്ന് പള്ളിയിലെത്തിയ കാഴ്ചയാണ് ഞങ്ങൾ കണ്ടത്. കർത്താവ് അവർക്കു സൗഖ്യം കൊടുത്ത് അനുഗ്രഹിച്ചു. One year formation and life long commitment ലൂടെ കർത്താവായ ഈശോ മുന്നോട്ടുള്ള എന്റെ ജീവിതത്തിനു ദൈവിക ഊർജം നിറയ്ക്കുകയായിരുന്നു.

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഒത്തിരിയേറെ പ്രതിസന്ധികളിൽ തമ്പുരാന്റെ മുന്നിൽ മുട്ടുകുത്തുമ്പോൾ എനിക്കൊരു ഉത്തരവും ഒരുക്കിവച്ച് എന്നെ കാത്തിരിക്കുന്ന എന്റെ കർത്താവിനെയാണ് ഞാൻ കാണുന്നത്.

ഒരു വർഷം ഞാൻ കർത്താവിനു കൊടുത്തപ്പോൾ മനോഹരമായ ഒരു കുടുംബ ജീവിതം തന്നെന്നെ അനുഗ്രഹിച്ചു. കുഞ്ഞുങ്ങളെ ദൈവവിശ്വാസത്തിലും സ്നേഹത്തിലും വളർത്താനും, പ്രതിസന്ധി ഘട്ടങ്ങളിൽ കൂടെ ഞങ്ങളുണ്ടെന്നുപറഞ്ഞു കൂടെക്കൂടുന്ന ഒത്തിരി കൂടെപ്പിറപ്പുകളെയും 9th ബാച്ചിലൂടെ കർത്താവെനിക്ക് തന്നു.

ഈ ജൂബിലി വർഷത്തിൽ ഇവിടെവരെ എത്താൻ സഹായിച്ച ഓരോരുത്തരെയും നന്ദിയോടെ ഓർക്കുന്നു. പ്രാർഥിക്കുന്നു. 9th ബാച്ചിലെ ഓരോ പ്രിയപ്പെട്ടവർക്കും സ്നേഹത്തോടെ ജൂബിലി ആശംസകൾ.



സോണിയ തോമസും കുടുംബവും

# വിശ്വാസോന്മുഖമായ എന്റെ സഞ്ചാരം

"Forty days training, one year formation, and lifelong commitment" ഫുൾടൈമർഷിപ്പിനെ ക്കുറിച്ചു പറഞ്ഞിരുന്ന ഈ മോട്ടോയിൽ ആകൃഷ്ട രായി ഞങ്ങൾ 52 പേർ ട്രെയിനിങ്ങിനെത്തി ഒരു പുതിയ FOOLish (Focused Only On the Lord) ജീവിതത്തിന് തുടക്കം കുറിച്ചതെന്നാണ് എന്റെയൊരു ഓർമ! ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു കമ്മിറ്റ്മെന്റ് എങ്ങനെയായിരിക്കുമെന്ന് ഒരു ധാരണയോ വ്യക്തതയോ അന്നില്ലായിരുന്നു. എന്നാൽ, ഇന്ന് ഞങ്ങ ളുടെ ഫുൾടൈമർഷിപ്പിന്റെ ജൂബിലിയിലെത്തി നിൽക്കു മ്പോൾ കഴിഞ്ഞ 22 വർഷവും സലേഷ്യൻ സന്യാസജീവി തവും അതിൽ 13 വർഷത്തെ വൈദിക ജീവിതവും 'lifelong commitment' എന്ന പ്രതിബദ്ധതയുടെ ആഴ ങ്ങൾ മനസ്സിലാക്കിത്തന്നു തുടങ്ങി.

മിഷൻ സ്ഥലം തെരഞ്ഞെടുക്കാൻ ട്രെയിനിങ് ടീം അവസരം തന്നപ്പോൾ, അനിശ്ചിതത്വത്തിന്റെ കാണാപ്പുറങ്ങൾ നിറഞ്ഞ നോർത്ത്-ഈസ്റ്റിലോട്ട് കമ്മിറ്റ്മെന്റ് എടുത്തു പോകാൻ ഞാൻ തീരുമാനിച്ചു. പക്ഷേ, ആ സ്ഥലംതന്നെ കിട്ടുമെന്ന് ഞാൻ പ്രതീക്ഷിച്ചതേയില്ല. ഇന്ന് നോർത്ത്-ഈസ്റ്റിൽ 25 വർഷം പൂർത്തിയാക്കുമ്പോൾ യേശു ക്രിസ്തു തന്നെയാണ് എനിക്കുവേണ്ടി തീരുമാനം എടുത്തതെന്നു ഞാൻ വിശ്വസിക്കുന്നു. എന്താണ് പറയുന്നതെന്നുപോലും ഗ്രഹിക്കാതെയാണ് 'ഒരു വൈദി കനായി മണിപ്പൂരിൽ ജീവിക്കാൻ' എനിക്കാഗ്രഹമു ണ്ടെന്നു ഫാ. ഷാജനോട് (Fr. Jacob Chitinapilly) ഞാനന്ന് പറഞ്ഞത്. ക്രിസ്തുവിനുവേണ്ടി മണിപ്പൂരിൽ കിടന്നു മരിക്കാൻ തയ്യാറാണോയെന്നു അദ്ദേഹം തിരിച്ചു ചോദിച്ചു. അപ്പോഴും ആ ചോദ്യത്തിന്റെ ഗൗരവം മനസ്സി ലാക്കാതെ ക്രിസ്തുവിനുവേണ്ടി മണിപ്പൂരിൽ കിടന്നു മരിക്കാൻ തയ്യാറാണെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം എന്താണ് ഉദ്ദേശിക്കുന്നതെന്ന് അപ്പോഴും എനിക്ക് ഒരു തരിപോലും മനസ്സിലായിരുന്നില്ല. എന്നാൽ, മണിപ്പൂരിന്റെ പ്രാന്തപ്രദേശത്തുവച്ച് തീവ്രവാദ ആക്രമണത്തിൽ ഫാ. ഷാജൻ ഒരു രക്തസാക്ഷിയായി മാറിയപ്പോൾ എന്നോട് അദ്ദേഹം ചോദിച്ചതിന്റെ ആഴവും വ്യാപ്തിയും എനിക്ക് മനസ്സിലായി. സമാനമായ വചനങ്ങൾ യേശു വിന്റെ സൂചനയിലുമുണ്ടായിരുന്നു 'സ്വന്തം ജീവനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേ ണ്ടിയോ സ്വന്തം ജീവിതം നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും (മർക്കോസ് 8, 35). ഫാദർ ഷാജന്റെ രക്തസാക്ഷിത്വം ഭയപ്പെടുത്തുന്ന ഒന്നായിരുന്നില്ല; മറിച്ച്, പൂർവാധികം ശക്തിയോടെ മുന്നോട്ടു നയിക്കുന്ന ഊർജ പ്രവാഹമായിരുന്നു. 25 വർഷങ്ങൾക്കുശേഷം ആദ്യമായി, ഒരു വൈദികനായി ഞാൻ മണിപ്പൂരിൽ തിരിച്ചെത്തി. ഇന്നിപ്പോൾ മണിപ്പൂരിലെ വൈദികനാകുകയെന്ന എന്റെ സ്വപ്നസാക്ഷാത്കാരമാണ് നടക്കുന്നത്; അതും ഈ ജൂബിലി വർഷം നടക്കുന്നുവെന്നതു ഇരട്ടിമധുരമാണ്. "യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്തായി 28, 20) എന്ന് പറഞ്ഞവനെ ഞാൻ പിൻഗമി ക്കുക മാത്രമാണ് ചെയ്യുന്നത് .

ഒൻപതാം ബാച്ചിലെ എല്ലാ JYFTകൾക്കും ജൂബിലിയുടെ മംഗളങ്ങൾ നേരുന്നു! ദൈവം 9th ബാച്ചിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!



ഫാ. ലിൻസൺ ലൂയിസ് SDB

# ചെറിയ കാര്യത്തിലെ വിശ്വസ്തനെ ദൈവം വലിയ കാര്യമേൽപിക്കും

ഡിഗ്രിക്കുശേഷം എന്തെങ്കിലും പഠിച്ചാൽ പോരെ, എന്തിനാണ് ഒരു വർഷം കളയുന്നതെന്ന് പലരും ചോദിച്ചു പുച്ഛിച്ചിട്ടുണ്ട്. അതുപോലെതന്നെ ഡിഗ്രി കഴിഞ്ഞപ്പോൾ പഠനത്തിനും ഒരു ബ്രേക്ക് വന്നു. അപ്പോൾതന്നെ എല്ലാവരും പറഞ്ഞു, കണ്ടോ ഫുൾടൈമർഷിപ്പ് എടുത്ത് വെറുതെ ഒരു വർഷം നഷ്ടപ്പെട്ടു, ഇപ്പോൾ പഠിക്കാൻ പറ്റിയില്ലല്ലോ എന്ന്. എന്നാൽ, ആ ഒരു വർഷം കർത്താവിനുവേണ്ടി കൊടുത്തപ്പോൾ അത്ഭുതകരമായ സംഭവങ്ങളാണ് പിന്നീടെന്റെ ജീവിതത്തിൽ നടന്നത്.

ചെറിയ നാൾ മുതലേ അധ്യാപിക ആകണമെന്നതായിരുന്നു എന്റെ ആഗ്രഹം. പക്ഷേ, എന്തുകൊണ്ടോ പ്ലസ്ടുവിന് ഞാൻ കൊമേഴ്സ് എടുത്തു പഠിച്ചു, വീണ്ടും ബികോമിന് ചേർന്നു. അപ്പോഴൊന്നും അധ്യാപിക ആകുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയില്ല. ബികോം കഴിഞ്ഞ് ഏതെങ്കിലും ഒരു കമ്പനിയിൽ അക്കൗണ്ടന്റായി ജോലിചെയ്യാം എന്നതു മാത്രമായിരുന്നു അപ്പോളെന്റെ ലക്ഷ്യം.

ഫുൾടൈമർഷിപ്പിനുശേഷം പഞ്ചാബിൽ മിഷൻ ടീച്ചറായി പോകാനും അവിടെ ഒരു അധ്യാപികയായി സേവനമനുഷ്ടിക്കാനും സാധിച്ചത് ഒരു വലിയ അത്ഭുതത്തോടെയാണ് ഞാൻ നോക്കിക്കണ്ടത്. അങ്ങനെ ഒരു സാധ്യതയെക്കുറിച്ച് അന്നെനിക്ക് അറിയില്ലായിരുന്നു. അത് ദൈവത്തിന്റെ ഒരു പ്രത്യേക ഇടപെടലായി എനിക്കു തോന്നി. വിവാഹശേഷം സാധാരണ കുടുംബജീവിതം നയിച്ച എന്നെ അവിടന്ന് വെറുതെ വിടാൻ ആഗ്രഹിച്ചില്ല. ഏകദേശം 10 വർഷത്തിനുശേഷം വീണ്ടും പഠിക്കണമെന്ന് ആഗ്രഹം എന്നിൽ മുളയെടുത്തു. അങ്ങനെ വീണ്ടും പിജി കോഴ്സിന് ചേർന്നു. ഒരു ബേസിക് പോലുമില്ലാത്ത പത്ത് വർഷത്തിനുശേഷം എല്ലാം മറന്നുപോയ എനിക്ക് വീണ്ടും പഠിക്കാൻ പ്രചോദനമായത് ഫുൾടൈമർഷിപ്പിലൂടെ കിട്ടിയ ഒരു കരുത്താണ്. പിജി പാസായ ഉടനെ തന്നെ എനിക്ക് കോളേജ് അധ്യാപികയായി ജോലി ലഭിക്കാൻ കർത്താവ് ഇടവരുത്തി. മറ്റുള്ളവരോട് സംസാരിക്കാൻ പോലുമാവാതെ, അപകർഷതയുണ്ടായിരുന്ന എനിക്ക് ധൈര്യത്തോടെ ആളുകളുടെ മുൻപിൽ സംസാരിക്കാനും ഇടപഴകാനും പ്രചോദനം കിട്ടിയത് ഈ ഫുൾടൈമർഷിപ്പിലൂടെയാണ്.

ഇന്ന് കൊമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുമ്പോൾ കർത്താവ് നയിച്ച ഓരോ കാര്യങ്ങളും ഞാൻ ഓർക്കുകയാണ്. അസാധ്യമായവയെ സാധ്യമാക്കുന്ന ദൈവത്തിന്റെ ഇടപെടൽ ഞാൻ അനുഭവിച്ചറിയുകയാണ്. ഇന്നും കോളേജിൽ കുഞ്ഞുങ്ങൾക്ക് ദൈവവചനം പകർന്നു കൊടുക്കുവാൻ എന്നെയൊരു ആയുധമാക്കി മാറ്റിയ ദൈവത്തിന്റെ വലിയ സ്നേഹത്തിന് നന്ദി.

*ആലപ്പുഴ മാർ ഗ്രിഗോറിയസ് കോളേജിൽ കൊമേഴ്സ് വിഭാഗത്തിൽ അസി. പ്രൊഫസറായി സേവനം ചെയ്യുന്നു. ഭർത്താവ് മോനിച്ചനും നിഖിൽ, നിമ്മി എന്നീ രണ്ടു മക്കൾക്കുമൊപ്പം ആലപ്പുഴയിൽ താമസിക്കുന്നു.*


എലിസബത്ത് വർഗീസും കുടുംബവും



**ടീൻസ്പിരിറ്റ് റെയിൻബോ** - സുമം ജോസഫ്, എറണാകുളം



# പിന്നീടവന് 'വിശന്നില്ല'

പെരുവയറാ എന്നുള്ള വിളി ഇപ്പോൾ പതുക്കെ പെരുവയറന്റെ അമ്മേ എന്നായി തുടങ്ങിയത് ഒരല്പം നടുക്കത്തോടെയാണ് അവൾ തിരിച്ചറിഞ്ഞത്. ആറ്റുനോറ്റുണ്ടായ ഉണ്ണിയുടെ തീറ്റപ്രാന്ത് കാരണം നാട്ടുകാർ ഉണ്ണിവയറൻ എന്ന് വിളിച്ചപ്പോൾ വലുതാവുമ്പോൾ എല്ലാം ശരിയാകുമെന്നവൾ സമാധാനിച്ചു. പക്ഷേ, വളരുംതോറും ഉണ്ണിവയറൻ പെരുവയറനായി മാറിയെന്നല്ലാതെ മകന്റെ തീറ്റപ്രാന്തിന് കുറവൊന്നും സംഭവിച്ചില്ല. പുറകെ നടന്ന അമ്പിളിമാമനെയോ ഡോറ ബുജിയെയോ കാണിച്ച് കുട്ടിയെ ഭക്ഷണം കഴിപ്പിക്കാൻ ബുദ്ധിമുട്ടുന്ന അമ്മമാരുടെ കാലമല്ലായിരുന്നല്ലോ അന്ന്.

അഷ്ടിക്ക് വയറു നിറയ്ക്കാൻ എന്തെങ്കിലും കണ്ടെത്തുമ്പോൾ തനിക്കൊന്നും ഇല്ലെന്നതോ പോട്ടെ, അവന് തികയില്ല എന്നുകൂടി പരാതിപ്പെടുന്ന ഒരു മകനെ വച്ച് തെല്ലൊന്നുമല്ല ബുദ്ധിമുട്ടിയത്.

പതിയെപ്പതിയെ അവന്റെ ഭാവിയെക്കുറിച്ചുള്ള തന്റെ ആവലാതി തന്റെ ആരോഗ്യം കവർന്നെടുക്കുന്നുവെന്ന് മനസ്സിലായി തുടങ്ങിയപ്പോഴാണ് ആരോ പറഞ്ഞു കേട്ട് അവൾ ആ തച്ചന്റെ മകൻ പ്രസംഗിക്കുന്നത് കേൾക്കാൻ പോയത്. വയലിലെ ലില്ലികളെക്കുറിച്ചും കടുകുമണികളെ കുറിച്ചുമൊക്കെ എന്ത് രസമായിട്ടാണ് അവൻ പ്രസംഗിക്കുന്നത്. തീറ്റ എന്ന ഒറ്റ കാര്യം മാത്രം മനസ്സിൽ വിചാരിച്ചു നടക്കുന്ന എന്റെ മകൻ എന്നെങ്കിലും ഒരിക്കൽ ആ തച്ചന്റെ മകനെപ്പോലെ എല്ലാവരുടെയും പ്രശംസയ്ക്കും ആദരവിനും പാത്രമാകുന്ന ഒരു ദിനം വന്നെത്തുമോ!?

അത് കുറച്ച് അതിരുകടന്ന സ്വപ്നമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവൾ മനസ്സിനെ ശാസിച്ചു. എങ്കിലും തച്ചന്റെ മകന്റെ വാലിൽ തൂങ്ങി നടക്കുന്ന തന്റെ മകനെ കണ്ട് അവൾക്ക് ചെറുതല്ലാത്ത ആശ്വാസം തോന്നി. ചിലപ്പോൾ തന്റെ മകന്റെ തോളിൽ കൈയിട്ട് ആ തച്ചന്റെ മകൻ എന്തൊക്കെയോ പറഞ്ഞു പൊട്ടിച്ചിരിക്കുന്നത് അങ്ങ് ദൂരെ ആൾക്കൂട്ട

**പെറുക്കിയ വിറകെല്ലാം അവിടെത്തന്നെയിട്ട് അവൾ തലയ്ക്കു കൈവച്ചിരുന്നു. മകൻ കഷ്ടപ്പെട്ട് വിയർത്ത് വാതിൽപ്പടി കയറുന്നത് കേൾക്കാം.**



ത്തിനിടയിൽ ഇരുന്ന് അവൾ കാണാറുണ്ട് നാട്ടുകാരെല്ലാം കളിയാക്കുമ്പോൾ വാടിയ മുഖത്തോടെ മാത്രം കണ്ടിട്ടുള്ള അവനെ, അന്നേരം ചെന്താമര പോലെ വിടരുന്ന അവന്റെ മുഖം കണ്ട് അവളുടെ മനസ്സും വിടർന്ന് ഉലയാറുണ്ട്. നന്നായി, അവൻ ഒന്നു ചിരിച്ചു കണ്ടല്ലോ അത്രയും ആയി ആശ്വാസം.

മകന്റെ വിഷാദം മുറ്റിയ മുഖത്ത് പ്രസരിപ്പും സന്തോഷവും നിറയുന്നത് അവൾ മനസ്സിലാക്കി. ഭക്ഷണക്കൊതി കുറഞ്ഞു, ശരീരം തെല്ലൊന്നൊതുങ്ങി മിടുക്കനായ ഒരാൺകുട്ടിയായി അവൻ പണിക്കു പോയി തനിക്ക് എന്തെങ്കിലും സമ്പാദിക്കും എന്നതൊക്കെ അവൾക്ക് സ്വപ്നമായിരുന്നു. വിളമ്പാം അവനെയൂട്ടാം, കുറഞ്ഞത് അവനിപ്പോൾ ചിരിക്കുന്നെങ്കിലുമുണ്ടല്ലോ, അവൾ ആശ്വസിക്കാൻ ശ്രമിച്ചു.

ദിവസങ്ങൾ കടന്നുപോയി അന്നൊരു നാൾ തന്റെ ശരീരവും വലിച്ച് അവൻ ഓടി വരുന്നു അപ്പം എന്നുറക്കെ പറയുന്നുമുണ്ട്. നാട്ടുകാർ പതിവുപോലെ പെരുവയറാ അത്രയ്ക്ക് ധൃതിയാണെങ്കിൽ ഉരുണ്ടു പൊയ്ക്കോ പന്തുപോലല്ലേ ഇരിക്കുന്നത് എന്നുപറഞ്ഞ് കളിയാക്കുന്നതുമെല്ലാം വീടിന് പുറകിലെ ചായ്പ്പിൽ വിറകടുക്കി വയ്ക്കുമ്പോൾ അവൾ കേട്ടു. ദൈവമേ ഈ സന്ധ്യാ സമയത്ത് അപ്പം ചോദിച്ചാൽ ഞാനിനി എവിടെ പോകാനാണ്. കലത്തിലെ മാവും ഭരണിയിലെ എണ്ണയും തീർന്നു പോകാതിരിക്കാൻ ഇവിടെ ഏലിയ ഒന്നുമില്ലല്ലോ.

പെറുക്കിയ വിറകെല്ലാം അവിടെത്തന്നെയിട്ട് അവൾ തലയ്ക്കു കൈവച്ചിരുന്നു. മകൻ കഷ്ടപ്പെട്ട് വിയർത്ത് വാതിൽപ്പടി കയറുന്നത് കേൾക്കാം. അടുത്തുവന്ന്, അപ്പം വേണം അത്യാവശ്യമാണ് എന്നു പറയുന്നത് കേട്ടു. ഇതുവരെ തീറ്റക്കാര്യത്തിൽ അവനെ കുറ്റപ്പെടുത്താത്ത അവൾ അന്നാദ്യമായി വായിൽ തോന്നിയതെല്ലാം വിളിച്ചുപറഞ്ഞു. "എന്ന് നിന്റെ തീറ്റ പ്രാന്ത് നിറുത്തുന്നു, അന്നേ ഈ വീടിന് ഗുണം പിടിക്കൂ" എന്നൊരു വട്ടപ്രാക്കും പ്രാകി. കൂമ്പിയ കണ്ണോടെ അവൻ പറഞ്ഞു: "അവൻ ചോദിച്ചിട്ടാണ്, പെസഹാ മുറിക്കാനാണ്." നെഞ്ചിലൂടെ ഒരു കൊള്ളിയാൻ പാഞ്ഞതുപോലെ തോന്നി. ഒരു വിലയുമില്ലാത്ത തന്റെ മകനെ പൊന്നും വില കൊടുത്ത തച്ചന്റെ മകന് ഒരപ്പം വേണം. അതും കലത്തിൽ ഒരുപിടി മാവുപോലുമില്ലാതെ പെസഹാ മുറിച്ചു ഭക്ഷിച്ചു കഴിഞ്ഞപ്പോൾ.

ഏതൊരു അമ്മയെയും പോലെ അവൾ മുക്കിലും മൂലയിലും തിരയാൻ തുടങ്ങി. പിന്നീട് പുറകിലെ ചായ്പ്പിൽ നല്ലതല്ല എന്നോർത്ത് പാറ്റിക്കളഞ്ഞ ഗോതമ്പ് മണികളിൽ ചിലത് കിളിർത്ത് തളിർത്തു നിൽക്കുന്നതോർത്ത് അങ്ങോട്ടോടി. ഒരു കൈ നിറയെ ഗോതമ്പ് മണികൾ അവിടെ കതിരിട്ടു നിൽക്കുന്നു. ഒരുമണി പോലും കളയാതെ അരച്ചപ്പോൾ കൃത്യം ഒരപ്പത്തിന് തികയും. ഒരപ്പം വേകാനുള്ള സമയം നിശ്ചയമായിരുന്നിട്ടും അന്ന്, അതെങ്ങനെയും വേവിക്കാനുള്ള വ്യഗ്രതയിൽ ഉള്ളതിൽ നല്ല ഉണക്ക വിറകുംവച്ച് ആവുന്നതിലധികം ശക്തിയിൽ ഊതലും അവൾ തുടർന്നു. അപ്പം വെന്തതും എങ്ങനെയോ പൊതിയാക്കി മകന്റെ കൈയിൽ കൊടുത്തുവിട്ടു. ആ പൊതിയിൽ തച്ചന്റെ മകന് നെറുകയിൽ ഒരുമ്മ ഒളിച്ചു വയ്ക്കാനും അവൾ മറന്നില്ല.

പെരുവയറൻ അപ്പവുമായി സെഹിയോന്റെ ഊട്ടുശാലയിൽ എത്തിച്ചിട്ട് താഴെ കാത്തിരുന്നു. മുകളിൽ അവനും അവന്റെ ശിഷ്യന്മാരും പെസഹ ആഘോഷിക്കുകയാണ്. ആ കൂട്ടത്തിൽ കൂടാൻ കഴിയില്ലല്ലോ എന്നോർത്ത് അവൻ കുറച്ചു സങ്കടപ്പെട്ടു. പിന്നെ എന്തൊക്കെയോ ആലോചിച്ച് അമ്മയുടെ കണ്ണുനീരു, ഓർമവയ്ക്കുന്നതിന് മുൻപ് ലോകം വിട്ടുപോയ അച്ഛനെയും ഓർത്ത് മണിക്കൂറുകൾ അങ്ങനെ നിന്നു. ഗോവണിപ്പടികൾ ഇറങ്ങി വരുന്ന ശബ്ദം; ചടുലമായ ആ പാദസ്പന്ദനങ്ങൾ യേശുവിന്റെയാണെന്ന് അവന് നല്ല ഉറപ്പാണ്. ഊട്ടുശാലയ്ക്ക് പുറത്തെത്തിയതും യേശു അവനെ കണ്ടു; കണ്ണുകൊണ്ട് അടുത്തേക്ക് വിളിച്ചു. എന്നിട്ട് തോളിൽ കൈയിട്ട് കുപ്പായ കീശയിൽ എന്തോ തിരഞ്ഞ്, ഏതോ ഒരമ്മ തൻകൈയാൽ അങ്ങ് വാഴ്ത്തി മുറിച്ചൊരാ അപ്പത്തിന്റെ പൊടിഞ്ഞ ഒരു കഷണം എടുത്ത് പെരുവയറന്റെ വായിൽ അവൻ വച്ചു കൊടുത്തു. എന്നിട്ട് നെറുകയിൽ പൊള്ളുന്ന ഒരു ഉമ്മയും നൽകി. പിന്നീട് അവനും ശിഷ്യരും വേഗത്തിൽ എങ്ങോട്ടോ നടന്നു പോയി.

ആ അപ്പക്കഷണം തൊണ്ടയിൽ നിന്ന് ഇറങ്ങുന്നതോടൊപ്പം പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷവും ലഭിക്കാതെ പോയ അച്ഛന്റെ സ്നേഹവും ഒരു കുളിരായി തന്നിൽ നിറയുന്നത് അവൻ അനുഭവിച്ചു. പിന്നീട് അവന് ഒരിക്കലും വിശന്നിട്ടില്ല.

***സുമം ജോസഫ്: ഓപ്പറേഷൻസ് ഹെഡ്, എജ്യു പേരന്റിംഗ് ഹബ്, എറണാകുളം, കുടുംബത്തോടൊപ്പം പാലാരിവട്ടത്ത് താമസിക്കുന്നു.***



**ഫമിലിയ/മൈസ്റ്റോറി** - റോബിൻ സക്കറിയാസ്, കുവൈറ്റ്

# കേൾക്കുന്നുണ്ടോ ചിലയോർമപ്പെടുത്തലുകൾ?

**തല ഭിത്തിയിൽ തുടർച്ചയായി ഇടിക്കുന്നതുകാരണം തലയുടെ ഒരു ഭാഗത്തെ ദശയെല്ലാം നഷ്ടപ്പെട്ട് തലയോട്ടി തെളിഞ്ഞു. മാതാപിതാക്കൾക്ക് ഇതെങ്ങനെ സഹിക്കാൻ കഴിയും.**

ശുശ്രൂഷ മേഖലയിലുള്ള പലരെയും പലപ്പോഴും അസൂയയോടെ ഞാൻ വീക്ഷിച്ചിട്ടുണ്ട്. യൂട്യൂബിലും, സോഷ്യൽ മീഡിയകളിലുമൊക്കെ അവർ വചനം പങ്കുവച്ചുകൊണ്ട് നിറഞ്ഞു നിൽക്കുമ്പോഴും അനേകർ അവരുടെ വാക്കുകളും ദൈവവചന വ്യാഖ്യാനങ്ങളും കേൾക്കാൻ കാതോർത്തിരിക്കുകയുമൊക്കെ ചെയ്യുമ്പോഴും; പലപ്പോഴും തോന്നിയിട്ടുണ്ട് ദൈവം എന്തുകൊണ്ട് അവരെ പ്രത്യേകമായി തെരഞ്ഞെടുത്തുവെന്ന്.

കഴിഞ്ഞ ദിവസം നൈറ്റ് ഡ്യൂട്ടിക്കിടയിലുള്ള ഒഴിവു സമയത്ത് സഭയോടൊത്ത് ശുശ്രൂഷ ചെയ്യുന്ന യൂറോപ്പിലുള്ള എന്റെ ഒരു സുഹൃത്തുമായി സംസാരിക്കാനിടയായി, ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ കടന്നുവന്ന് പിന്നീട് സ്വന്തമായി ശുശ്രൂഷകൾ ഏറ്റെടുത്ത ക്രിസ്തുവിന്റ ഒരു ധീര പടയാളി. സംസാരത്തിനിടയിൽ ഞാനെന്റെ അഞ്ചാമത്തെ കുഞ്ഞിനെക്കുറിച്ചും അവന്റെ വളരെ നിസ്സാരമായ ലേണിംഗ് ഡിസെബിലിറ്റിയെക്കുറിച്ചുമെല്ലാം എന്റെ സുഹൃത്തുമായി പങ്കുവച്ചു. വളരെ ക്ഷമയോടെ അവൻ കേട്ടിരുന്നു.

അതിനു ശേഷം അവൻ അവന്റെ കുഞ്ഞിന്റ കഥ എന്നോട് പറയാൻ തുടങ്ങി; മാരകമായ ലേണിംഗ് ഡിസബിലിറ്റിയും പ്രശ്നങ്ങളുമുള്ള ഒരു കുഞ്ഞാണ് അവനുള്ളതെന്നും വിശുദ്ധ കുർബാനയ്ക്കോ മറ്റു പൊതു ചടങ്ങുകൾക്കോ പോലും ആ കുഞ്ഞിനെക്കൊണ്ട് പോകാൻ പറ്റാത്ത സങ്കടവും കുഞ്ഞുമായി ഫ്ളൈറ്റിൽ ദീർഘ ദൂര യാത്രചെയ്ത് നാട്ടിലേക്ക് വരാൻ പറ്റാത്ത അവസ്ഥയും തനിയെ വിട്ടാൽ താഴെയുള്ള കുഞ്ഞിനെ ഉപദ്രവിക്കുകയും പുറത്തു വിട്ടാൽ മണ്ണ് വാരി തിന്നുകയും ഉറക്കെ കരയുകയും ബഹളം വയ്ക്കുകയുമൊക്കെ ചെയ്യുന്ന കുഞ്ഞ്. ഒരിക്കൽ പോലും സ്കൂളിലെ സ്റ്റേജിൽ ഒരു പ്രോഗ്രാമുമായി ആ കുഞ്ഞിന് കയറാൻ പറ്റാത്ത അവസ്ഥയുമൊക്കെ വിവരിച്ചപ്പോൾ എന്റ കണ്ണുകൾ നിറഞ്ഞൊഴുകി. ഞാൻ വിചാരിച്ചു ഇവയോട് താരതമ്യം ചെയ്യുമ്പോൾ എന്റെ പ്രശ്നങ്ങൾ എത്രയോ നിസ്സാരം. ഇത്രയേറെ വിഷമങ്ങളും പ്രശ്നങ്ങളും ഉള്ളിലൊതുക്കിയാണോ ഈ കൂട്ടുകാരൻ രാപകൽ ദൈവത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുന്നത്.



കൂടാതെ, അവൻ ഞങ്ങളുടെ രണ്ടുപേരുടെയും സുഹൃത്തും അവനോടൊപ്പം യൂറോപ്പിൽ താമസിക്കുന്ന മറ്റൊരു ശുശ്രൂഷകനെക്കുറിച്ചു പറയാൻ തുടങ്ങി; അദ്ദേഹത്തിനും രണ്ടു മക്കളാണ് മൂത്ത മകൻ severe disability ഉള്ള ഒരു കുഞ്ഞാണത്രേ. ആ കുഞ്ഞ് സ്വയം തന്റ തല ഭിത്തിയിൽ ഇടിക്കും. എത്ര ഇടിച്ചാലും ചോരയൊലിച്ചാലും അവൻ ഇടി നിറുത്തില്ല. താഴെ ഒരു കുഞ്ഞുകൂടിയായപ്പോൾ ആ കുഞ്ഞിനേയും ഉപദ്രവിക്കാൻ തുടങ്ങി. ഇത് കുറേ നാൾ തുടർന്നപ്പോൾ അയൽവാസികൾ പോലീസിൽ പരാതി കൊടുത്തു. കുഞ്ഞിനെ അവിടെയുള്ള പ്രത്യേകമായ കുട്ടികളുടെ സംരക്ഷണകേന്ദ്രത്തിലേക്ക് മാറ്റണമെന്ന് പോലീസ് അവരോട് പറഞ്ഞു. മനസ്സില്ലാ മനസോടെ അവർ അതിന് സമ്മതിച്ചു. മാസത്തിൽ ഒരിക്കൽ അവനെ രണ്ടു പോലീസുകാരുടെ അകമ്പടിയോടെ വീട്ടിലേക്ക് കൊണ്ടുവരാം. അവസാന മാസം കൊണ്ടുവന്ന മകനെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞതത്രേ: തല ഭിത്തിയിൽ തുടർച്ചയായി ഇടിക്കുന്നത് കാരണം തലയുടെ ഒരു ഭാഗത്തെ ദശയെല്ലാം നഷ്ടപ്പെട്ട് തലയോട്ടി തെളിഞ്ഞു. മാതാപിതാക്കൾക്ക് ഇതെങ്ങനെ സഹിക്കാൻ കഴിയും. ആ അവസ്ഥയിലും അദ്ദേഹം ഈശോയോടുള്ള സ്നേഹത്തെപ്രതി ശുശ്രൂഷയിൽ നിലനിൽക്കുന്നു.

കൂട്ടുകാരൻ ഇതെല്ലാം പറഞ്ഞവസാനിപ്പിക്കുന്നതിന് മുൻപായി എന്നോട് ഇങ്ങനെ പറഞ്ഞു: പലപ്പോഴും തകർന്നു പോകാറുണ്ട്, തളർന്നു പോകാറുണ്ട്, പക്ഷേ അപ്പോഴൊക്കെ ഈശോ ഇങ്ങനെ ഓർമിപ്പിക്കും: "ഇതുപോലുള്ള സഹനങ്ങൾ സ്വീകരിക്കുന്നതിലൂടെ ഉരുകിത്തീരുന്ന മെഴുകുതിരിയാകാൻ വിളിക്കപ്പെട്ടവരാണ് ഞങ്ങളെന്നും, ഞങ്ങൾ സ്വീകരിക്കുന്ന ഈ സഹനങ്ങളാൽ അനേകം ആത്മാക്കൾക്ക് നിത്യജീവനിലേക്കുള്ള വെളിച്ചമാകാൻ ഞങ്ങളെപ്പോലുള്ളവരെ ഉപയോഗിക്കുന്നുവെന്നുമായിരുന്നു ആ ഓർമപ്പെടുത്തൽ."

ഇപ്പോൾ എനിക്ക് മനസ്സിലായി ഈശോ എന്തുകൊണ്ടാണ് ചിലരെ പ്രത്യേകമായി തന്റെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന്. നമുക്കും അവരോടൊപ്പം പ്രാർഥിക്കാൻ സാധിക്കട്ടെ. ഒരു മെഴുകു തിരിയായി കത്തിത്തീരാനല്ല, ഈശോയ്ക്കുവേണ്ടി ഉരുകിത്തീരാനായി എന്നെയും ഉപയോഗിക്കണേയെന്ന്. "ഞാൻ നിന്നെ ശുദ്ധീകരിച്ചു, എന്നാൽ, വെള്ളിപോലെയല്ല. കഷ്ടതയുടെ ചൂളയിൽ നിന്നെ ഞാൻ ശോധനചെയ്തു. എനിക്കുവേണ്ടി, അതേ, എനിക്കുവേണ്ടി മാത്രമാണ് ഞാനിതു ചെയ്യുന്നത്" (ഏശയ്യ 48,10-11).

*ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു. ഭാര്യ രമ്യയോടും ആറു കുട്ടികളോടുമൊപ്പം കുവൈറ്റിൽ താമസം.*



ഫമിലിയ/മൈസ്റ്റോറി - ചുള്ളി, ഖത്തർ



# എപ്പോഴും ഏറ്റവും നല്ലത് നിങ്ങൾക്ക്

കഴിഞ്ഞ ദിവസം കുടുംബത്തോടൊപ്പം ഖത്തറിലെ Souq waqifൽ ഈന്തപ്പഴ മേളക്ക് പോയപ്പോൾ ഏഴ് വയസുള്ള മൂത്ത മകൾ ഏയ്ഞ്ചലിൻ അവിടത്തെ ഒരു സ്റ്റാളിലെ മാംഗോ പൾപ്പുകൊണ്ടുണ്ടാക്കിയ ജ്യൂസ് രുചിച്ചുനോക്കി. പിന്നീട് ആ ജ്യൂസ് പണം കൊടുത്തു വാങ്ങി കൊടുക്കണമെന്നായി. അതിനായി വാശിപിടിച്ചു. ഞങ്ങൾ ഈന്തപഴ സ്റ്റാളുകൾ എല്ലാം കണ്ടു വന്നിട്ടും മാംഗോ ജ്യൂസ് സ്റ്റാളിന്റെ അടുത്തുനിന്നു അവൾ തിരിച്ചു വന്നില്ല എന്നുമാത്രമല്ല, അപ്പാപ്പനും അമ്മാമയും എല്ലാം അനുനയിപ്പിച്ചു കൊണ്ടു വരാൻ നോക്കിയിട്ടു നടന്നില്ല. ഇനി അവളെ മെരുക്കാനുള്ള ഊഴം അപ്പനായ എന്റേതാണ്. ഞാൻ അവളോടു പറഞ്ഞു, ആ ജ്യൂസ് ഗുണമുള്ളതല്ല, കുറച്ചു മാംഗോ പൾപ്പും പിന്നെ ഐസ് പൊടിച്ചിട്ടതുമാണ് ആ ജ്യൂസ്. അതുകൊണ്ട് അത് നമുക്ക് വാങ്ങേണ്ട. അപ്പുറത്തെ ഒരു സ്റ്റാളിൽ ഈന്തപ്പഴം ആരച്ചുണ്ടാക്കിയ ഒരു ഡ്രിങ്കും ഇന്തപഴം ചേർത്ത നല്ല രുചിയും ഗുണവുമുള്ള ഐസ്ക്രീമും ഉണ്ടെന്നും, അതു വാങ്ങി കൊടുക്കാമെന്നും പറഞ്ഞു അവളെ ഒരുവിധം ജ്യൂസ് സ്റ്റാളിൽ നിന്നുമാറ്റി.

പിന്നീട് വില കൂടുതലാണെങ്കിലും ഈന്തപ്പഴം കൊണ്ടുള്ള ഐസ്ക്രീമും വാങ്ങികൊടുത്തു. അവസാനം ഒരു ഡയലോഗ് അടിച്ചു. 'അപ്പയും അമ്മയും ഏയ്ഞ്ചലിനു എപ്പോഴും നല്ലതേ വാങ്ങിത്തരൂ. ആരോഗ്യത്തിനു നല്ലതല്ലാത്തത് വാങ്ങിത്തരികയുമില്ല. ഞങ്ങൾ ഏറ്റവും നല്ലതേ ഏയ്ഞ്ചലിനു തരൂ. അതുകൊണ്ടു മേലാൽ വാശിപിടിച്ചു കരയരുത് എന്ന് കൂടി പറഞ്ഞവസാനിപ്പിച്ചു.

അതിനു ശേഷം മനസ്സിന്റെ കോണിൽ ഒരു സ്വരമുയർന്നു, 'നീയും ഏയ്ഞ്ചലിനെ പോലെ തന്നെ. ജീവിതത്തിലെ ഞാനാഗ്രഹിച്ച ഒരു കാര്യവും നടന്നില്ല. അതിനെ ചൊല്ലി ഏറെ വിഷമത്തിലും, സാഹചര്യങ്ങളോട് കലഹത്തിലുമായിരുന്നു ഞാൻ. ഇപ്പോൾ ഉള്ളിലെ സ്വരത്തിന്റ അർഥം മനസ്സിലായി. ഞാൻ ആഗ്രഹിച്ചത് എനിക്ക് നിഷേധിച്ചെങ്കിലും, എനിക്ക് ഏറ്റവും നല്ലത് സ്വർഗീയ അപ്പച്ചൻ കാത്തുവച്ചിട്ടുണ്ട്. എനിക്കുവേണ്ടിമാത്രമല്ല, സകലർക്കുവേണ്ടിയും. യോഹന്നാനെപ്പോലെ ഈശോയുടെ വക്ഷസിലേക്ക് ചാഞ്ഞു കിടന്നു നമുക്ക് ആശ്വസിക്കാം. "He will give always best for me".

"മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നൽകും" (മത്താ 7,11). "സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏൽപിച്ചു തന്നവൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നൽകാതിരിക്കുമോ?" (റോമാ 8, 32).

***ചുള്ളി: ഖത്തറിൽ അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്നു കുടുംബമായി ഖത്തറിൽ തന്നെ താമസിക്കുന്നു. ഭാര്യ, രണ്ടു മക്കൾ.***



**സ്പെഷ്യൽ സ്റ്റോറി** - ജോബി ബേബി, കുവൈറ്റ്

# ജീവന്റെ നീർച്ചാലുകൾ ഒഴുകട്ടെ!



"ഇന്ന് മാനവികത നേരിടുന്ന വലിയ വെല്ലുവിളി ജീവനെതിരെ നടക്കുന്ന ക്രൂരതയാണ്. അതിൽ പ്രധാനം കുഞ്ഞുങ്ങളെ കൊല്ലുന്നത്. യഥാർഥ മാനുഷിക വികസനത്തിന് ഒരു ധാർമിക സ്വഭാവമുണ്ട്. മനുഷ്യ വ്യക്തിയോടുള്ള സമ്പൂർണ ബഹുമാനം അതിനുണ്ടായ രിക്കണം" – ജോൺ പോൾ രണ്ടാമൻ പാപ്പ *(ജീവന്റെ സുവിശേഷം).*

"നമ്മുടെ ഗ്രഹത്തിന്റെ പ്രദേശങ്ങളെ സൂക്ഷ്മമായി പരി ശോധിച്ചാൽ മനുഷ്യവംശം ദൈവത്തിന്റെ പ്രതീക്ഷകളെ നിരാശപ്പെടുത്തിയെന്ന് നിഷ്പ്രയാസം കാണാനാകും. കുഞ്ഞുങ്ങളെ കുറയ്ക്കുകവഴി ജീവനെതിരെയുള്ള മനോഭാവം വളർന്നുവളർന്ന് വ്യക്തിയും കുടുംബവും സഭയും രാജ്യവും ഭൂമിയും ഇന്ന് പ്രശ്നങ്ങൾ നേരിടുന്നു"– ഫ്രാൻസിസ് പാപ്പ *(ദൈവത്തിന് സ്തുതി).*

**അരുതരുതെന്നു പറഞ്ഞാലും, പനി മാറാൻ ഡോക്ടറെ കണ്ട് തിരിച്ചുവരുന്നപോലെ ലാഘവത്വ മുള്ളതായി മാറിയിരിക്കുന്നു അബോർഷൻ. ആനുകാലിക പ്രവണതകളും കത്തോലിക്കാ സഭയുടെ നിലപാടുകളും ഇവിടെ നമുക്ക് കാണാം.**

ഈ കഴിഞ്ഞ ജൂൺ മാസത്തിൽ സാക്ഷര കേരളത്തെപ്പറ്റി ഇന്ത്യയിലെ ഒരു പ്രമുഖ പത്രത്തിൽ വന്ന മൂന്ന് വാർത്തകളാണ് ഇത്തരത്തിൽ ഒരു എഴുത്തിന് പ്രേരിപ്പിച്ചത്.

ആദ്യ വാർത്ത, കേരളത്തിലെ പുതു തായി കല്യാണം കഴിഞ്ഞ ദമ്പതി കൾക്ക് (0 - 4 years of marriage) ഉടൻ കുട്ടികൾ വേണ്ട എന്നുള്ളതാ യിരുന്നു. സാമ്പത്തിക വകുപ്പിന്റെ കണക്കുപ്രകാരം വിവാഹം കഴിഞ്ഞ് ആദ്യത്തെ കുഞ്ഞിന് ജന്മം നൽകുന്ന ദമ്പതികളുടെ ശതമാനം 2019 (90.29%) ൽ നിന്ന് 2023 (86.19%) ആയി കുറഞ്ഞു. അതിന്റെ പ്രധാന കാരണമായി സർവേയിൽ ചൂണ്ടിക്കാണിച്ചത് അമ്മയാകു ന്നതിനെക്കാൾ ഉപരി വിദ്യാഭ്യാസത്തിനും, കരിയറിനും, സാമ്പത്തിക ഭദ്രതയ്ക്കും ഒരു കൂട്ടർ കൂടുതൽ പ്രാധാന്യം നൽകുമ്പോൾ ആഗോളവത്ക്കരണം മുതൽ സോഷ്യൽ മീഡിയ വരെയുള്ള നിരവധി ഘടകങ്ങൾ മറ്റു ചിലരെ മാറി ചിന്തിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. 18നും 45നും ഇടയിലുള്ളവർ വ്യാപകമായി ജോലിക്കായി വിദേശത്തേക്ക് കുടിയേറുന്നു. അവിടങ്ങളിൽ ഇൻ ഷ്വറൻസ് പരിരക്ഷ കൂടുതലായതിനാൽ പലരും പ്രസവ ത്തിനായി നാട്ടിലെത്താറില്ല. മറ്റൊരു കൂട്ടർക്ക് ഒരു കുട്ടി മതി. ചിലർക്ക് കുട്ടികൾ വേണ്ടെന്ന നിലപാടും.

രണ്ടാമത്തെ വാർത്ത അല്പം വിഷമം ജനിപ്പിക്കുന്നതാണ്, ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (HMIS) ന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ ഒൻപതു വർഷത്തെ കാലയളവിൽ കേരളത്തിൽ ഗർഭച്ഛിദ്ര കേസുകളിൽ 76% ത്തിലധികം വർധനവ് രേഖപ്പെടുത്തി എന്നുള്ളത്. 2023–24 ൽ സംസ്ഥാനത്ത് 30,037 ഗർഭച്ഛിദ്രങ്ങൾ റിപ്പോർട്ട് ചെയ്തു, 2014–15 ൽ ഇത് 17,025 ആയി രുന്നു, ഇത് 76.43% വർധനവ് കാണിക്കുന്നു. ബോധ പൂർവമായ ഗർഭച്ഛിദ്രങ്ങളിൽ ക്രമാനുഗതമായ വർധന ഉണ്ടായതായാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

മൂന്നാമത്തേത്, പങ്കാളിക്ക് മറ്റു ബന്ധങ്ങളുണ്ടെന്ന സംശയ ത്തിൽ നടത്തുന്ന ആസൂത്രിത കൊലകൾ സംസ്ഥാനത്ത് വർധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ വർഷം ഇത്തരത്തിൽ 15ഓളം കേസുകളാണ് റിപ്പോർട്ടുചെയ്തത്. കൊല്ലപ്പെടുന്ന മിക്ക സ്ത്രീകളും കാമുകനാലോ മറ്റു ബന്ധങ്ങളാലോ ഗർഭം ധരിച്ചവരാണ്. ഗർഭിണിയാണെന്ന കാര്യം മറച്ചുവച്ച് പ്രസവശേഷം സുഹൃത്തുക്കളുടെയോ കാമുകന്റെയോ സഹായത്തോടെ കുഞ്ഞിനെ കൊലപ്പെടുത്തുന്ന സംഭവങ്ങളുമുണ്ട്. കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങളിൽ നിരവധി നവജാത ശിശു ക്കളാണ് ഇപ്രകാരം കൊല ചെയ്യപ്പെട്ടത്. അപ്രതീക്ഷിത ഗർഭധാരണം, മാനഹാനി എന്നിവയാണ് കുഞ്ഞുങ്ങളെ കൊലപ്പെടുത്തണമെന്ന മാനസികാവസ്ഥയിലേക്ക് മാതാവിനെ എത്തിക്കുന്നതെന്ന് ഡോക്ടർമാർ പറയുന്നു. ദുഷ്ടചെയ്തിയിൽ ലവലേശം കുറ്റബോധം ഇവർക്കില്ലെ ന്നതാണ് മറ്റൊരു കാര്യം. ഈ മൂന്ന് സംഭവങ്ങളും വിരൽ ചൂണ്ടുന്നത് നിരപരാധിയായ കുഞ്ഞുങ്ങളുടെ ജീവനിലേ ക്കാണെന്നുള്ളതാണ് വസ്തുത.

## മാറുന്ന സംസ്കാരം

ഉഭയസമ്മതപ്രകാരമുള്ള ലൈംഗികബന്ധം നിയമപ്രകാരം തെറ്റല്ല എന്ന മാറിയ നിലപാടും ഇതിനോട് കൂട്ടി വായി ക്കേണ്ടതുണ്ട്. സമൂഹത്തിന്റെ ധാർമിക നിലവാരത്തെയും കുടുംബങ്ങളുടെ കെട്ടുറപ്പിനേയും വിലകൽപിക്കാതെ യുള്ള ഇത്തരം നിലപാടു മാറ്റങ്ങളുടെ തുടർച്ചയായി, ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള മനോഭാവവും മാറുന്നത് അപകടകരമാണ്. കുത്തഴിഞ്ഞ ജീവിത ശൈലിയിലേക്ക് തിരിയുന്നവരുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്ന പശ്ചാത്തലത്തെ കൂടുതൽ ഗൗരവമായി കാണേണ്ടിയി രിക്കുന്നു. ലഹരിയുടെ ഉപയോഗം, സൗഹൃദവലയങ്ങളുടെ സ്വാധീനം എന്നിങ്ങനെ വിവാഹപൂർവ ലൈംഗീകതയി ലേക്ക് അനേകരെ വലിച്ചടുപ്പിക്കുന്ന സാഹചര്യങ്ങൾ വളരെയധികം വർധിച്ചിട്ടുണ്ട്. വിവാഹപൂർവ ലൈംഗീകത, ഒന്നിൽ കൂടുതൽ പേർ തമ്മിലുള്ള ബന്ധങ്ങൾ തുടങ്ങി ഉഭയ സമ്മതപ്രകാരമുള്ള ലൈംഗീക ബന്ധങ്ങളിലൂടെയു ണ്ടാകുന്നതും, അശ്രദ്ധകൊണ്ടു സംഭവിക്കുന്നതുമായ ഗർഭധാരണങ്ങളാണ് കൂടുതലും അബോർഷനുകളി ലേക്ക് എത്തപ്പെടുന്നത്. വാസ്തവത്തിൽ, ഇത്തരം സാഹചര്യങ്ങളെ 2021 MTP നിയമം പരിഗണിക്കുന്നില്ല. ബലാൽസംഗം മൂലം ഉണ്ടാകുന്ന ഗർഭസ്ഥാവസ്ഥയും, അതുണ്ടാക്കിയേക്കാവുന്ന മനോവൈഷമ്യവുമാണ്.

***ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.***




ഇങ്ങനെയൊന്ന് സങ്കൽപിച്ചുനോക്കൂ. നിങ്ങൾ വീട്ടിൽ സ്വസ്ഥമായിരിക്കുമ്പോൾ വാതിലിൽ ഒരു മുട്ട് കേൾക്കുന്നു. 'ഇതിപ്പോ ആരായിരിക്കും? വീട് വൃത്തിയായിട്ടാണോ കിടക്കുന്നത്? അതിഥികളെ സത്കരിക്കാനുള്ളത്ര സമയം ഇപ്പോഴുണ്ടോ?' എന്നതൊക്കെ ഞൊടിയിടയിൽ നിങ്ങൾ കണക്കുകൂട്ടുന്നു. തികച്ചും സ്വാഭാവികമായ ഈ ചോദ്യങ്ങൾ, കൂടുതൽ ഗൗരവമുള്ള മറ്റൊന്ന് ചോദിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആതിഥ്യമര്യാദ അസൗകര്യമായി തോന്നുന്ന സമയങ്ങളിൽ എങ്ങനെയാകണം ക്രിസ്തീയമായ പ്രതികരണം? വ്യക്തിപരമായി വലിയ വില കൊടുക്കേണ്ടിവന്നാൽപോലും പ്രിയപ്പെട്ടവരെയും അപരിചിതരേയുമെല്ലാം സ്വാഗതം ചെയ്യുന്ന, വിശ്വസ്തരായ കുറേയേറെ ജീസസ് യൂത്തിന്റെ ജീവിതങ്ങളിൽ ആ മിഷണറി വിളി പ്രകടമായി കാണാവുന്നതാണ്.

'Hospitality' (ആതിഥേയത്വം) എന്ന വാക്കിന്റെ ലാറ്റിൻ മൂലപദമായ 'hospes' അതിഥിയെയും ആതിഥേയനെയും ഒരുപോലെ സൂചിപ്പിക്കുന്നു എന്നത് പരസ്പരം ആതിഥ്യമര്യാദ കാണിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. തിരുവചനം പറയുന്നപോലെ, അതിഥികളെയോ അപരിചിതരെയോ സ്വഭവനത്തിൽ സ്വീകരിക്കുന്നതിലൂടെ അറിയാതെ നമ്മൾ ദൈവദൂതന്മാരെയും സത്കരിച്ചേക്കാം. അതുപോലുള്ള

കണ്ടുമുട്ടലുകളിലൂടെ അതിഥിയും ആതിഥേയനും ഒന്നുപോലെ ആത്മീയോന്നതി പ്രാപിക്കുന്നു.

'hospital' (ആശുപത്രി) എന്ന വാക്കും അതേ ലാറ്റിൻ മൂലരൂപം പങ്കിടുകയും ക്രിസ്തീയതയിലധിഷ്ഠിതമായ ആതിഥ്യത്തിന്റെ മറ്റൊരു മാനം വെളിപ്പെടുത്തുകയും ചെയ്യുന്നു. ആശുപത്രികൾക്ക് തുടക്കം കുറിച്ചത് പ്രധാനമായും ക്രൈസ്തവരുടെ അശ്രാന്ത പരിശ്രമഫലമായാണ്. ആദ്യകാല ക്രിസ്ത്യാനികളും, പിന്നീട് സഭാസ്ഥാപനങ്ങളും രോഗികളെ ശുശ്രൂഷിക്കുന്ന ഉദ്യമം ഏറ്റെടുത്തുകൊണ്ട് അവരുടെ അനുകമ്പയിലൂടെ സുവിശേഷ ദൂതിനെ ജീവസ്സുറ്റതാക്കി. അങ്ങനെ, സമ്പന്നർക്കും 'യോഗ്യർക്കുമായി' ഒരിക്കൽ സംവരണം ചെയ്യപ്പെട്ടിരുന്നത്, പരിചരണം ആവശ്യമുള്ള എല്ലാവർക്കും ലഭ്യമായി. 'പതിതർക്കായുള്ള ആതുരാലയങ്ങൾ' ആയിത്തീരേണ്ടതാണ് നമ്മുടെ ജീവിതങ്ങളും ഭവനങ്ങളും, എന്നു ചിന്തിക്കുമ്പോൾ കർത്താവ് നമ്മെയെല്ലാം ഈ ദൗത്യത്തിലേക്കാണ് വിളിച്ചിരിക്കുന്നത് എന്ന് അനുഭവവേദ്യമാകും. ആളുകൾക്ക് വേണ്ടത് ശാരീരികമോ ആത്മീയമോ ആയ പരിചരണം ആയാലും, അതിനൊപ്പം അഭയവും കരുതലും സൗഖ്യവും ആശിക്കുന്ന ഒരുപാട് മനസ്സുകളുണ്ട് ഈ ലോകത്ത്.

ഇങ്ങനെ സുവിശേഷത്തിലധിഷ്ഠിതമായ ആതിഥ്യത്തിനുവേണ്ട പ്രായോഗികവും ആധ്യാത്മികവുമായ നടപടികൾ എന്താണെന്ന് നമുക്കൊന്നു നോക്കാം. ഒരു ആംഗ്ലിക്കൻ പാസ്റ്റർ ഉപയോഗിച്ച 'അനൗപചാരിക അതിഥി സത്കാരം' (scruffy hospitality) എന്ന പദം, ക്രിസ്തീയ ആതിഥ്യം എങ്ങനെയായിരിക്കണം എന്നതിനെ വ്യക്തമായി വരച്ചു കാണിക്കുന്നു. സന്ദർശകരെ സ്വാഗതം ചെയ്യാനായി നല്ലവണ്ണം എല്ലാം ഒരുക്കി വയ്ക്കേണ്ടതിന്റെ ആവശ്യകതയെ നിരാകരിക്കുന്നില്ലെങ്കിലും, നമ്മുടെ ദൈനംദിനജീവിതത്തിൽ സാധാരണമായ അലങ്കോലപ്പെടലുകളുടെ ഒരു ഭംഗി കൂടി പങ്കുവയ്ക്കാനുള്ള സന്നദ്ധതക്കാണ് ആ പദപ്രയോഗം ഊന്നൽ നൽകുന്നത്. ചുറ്റിനും കുട്ടികൾ ഓടിക്കളിക്കുന്ന സ്നേഹസമ്പന്നമായ ഒരു വീടാവാം, ചെറിയൊരു പഠന മുറിയാവാം, ഒരു താത്കാലിക ഓഫീസ് മുറിയാവാം, ഇതെല്ലാംതന്നെ കുറച്ചു ഭക്ഷണം പങ്കുവയ്ക്കാനോ സംസാരിക്കാനോ അനുയോജ്യമായ നല്ല സ്ഥലങ്ങൾ തന്നെയാണ്. പലപ്പോഴും മനോഹര അലങ്കാരങ്ങളോ വിഭവസമൃദ്ധമായ ഭക്ഷണമോ അല്ല, സ്നേഹപൂർവം വിളമ്പി ഊട്ടുന്ന ഭക്ഷണമേശകൾ, ഊഷ്മളമായ ചിരി, പിരിമുറുക്കമില്ലാത്ത അന്തരീക്ഷം.. ഇതൊക്കെയാണ് നമ്മെ സന്തോഷിപ്പിക്കുന്നത്. യേശു തന്നെയും ഔപചാരികതകളുടെ കൂട്ടുകാരനായിരുന്നില്ല, അവൻ മലമുകളിലും കടൽ തീരത്തും ചുങ്കക്കാരോടൊത്തു പോലും അപ്പം മുറിച്ചല്ലോ.

സന്നാഹങ്ങളെക്കുറിച്ചുള്ള ആകുലത നമുക്കുണ്ടായേക്കാം; പക്ഷേ, മിക്കപ്പോഴും നമ്മുടെ തന്നെ ബലഹീനതകളാണ് മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിൽ നിന്ന് നമ്മെ പുറകോട്ടു വലിക്കുന്നത്. പൂർണമായി ഒരുങ്ങാത്ത നമ്മുടെ ഇടങ്ങൾ തുറന്നു കാണിക്കുന്നതിലൂടെ, നമ്മുടെ കുടുംബത്തെക്കുറിച്ചോ ജീവിതശൈലിയെപ്പറ്റിയോ തെരഞ്ഞെടുപ്പുകളെക്കുറിച്ചോ എന്തെങ്കിലും വിമർശനമോ വിധിക്കലുകളോ നേരിടേണ്ടി വരുമെന്ന ചിന്ത നമ്മെ ഭരിച്ചേക്കാം. നമ്മുടെ സ്ഥലവും നമ്മൾ തന്നെയും ദൈവവേലയ്ക്കായി അപര്യാപ്തവും അയോഗ്യരും ആണെന്ന് തോന്നിയേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, ദിവ്യവൈദ്യനായ ക്രിസ്തുവിനെത്തന്നെ വിശിഷ്ടാതിഥിയായി സ്വാഗതം ചെയ്തേക്കണം. 'കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെടും' (മത്താ 8, 8), എന്നുപറഞ്ഞ ശതാധിപന്റെ വിശ്വാസം നമ്മിൽ പ്രതിധ്വനിക്കട്ടെ. നമ്മുടെ വിശ്വാസത്തെപ്രതി, ദിവ്യനാഥൻ നമ്മൾ ക്ഷണിച്ചവരോട് അനുഭാവപൂർവം ഇടപെടുന്നു. നമ്മുടെ വിശ്വാസം, ഔദാര്യം, ആതിഥ്യം എന്നിവവഴി അവിടന്ന് നമ്മെ സൗഖ്യപ്പെടുത്തുന്നു. നമ്മൾ അവരെ കാണണം, അറിയണം, സ്നേഹിക്കണം എന്ന് ആഗ്രഹിച്ചുകൊണ്ട് ഇതുപോലെ നമ്മുടെ വീട്ടിൽ വരുകയും നമുക്ക് നൽകാനാവുന്നതിലുമപ്പുറമുള്ള പരിചരണം അനുഭവിക്കുകയും ചെയ്യുന്ന നമ്മുടെ അതിഥികളിൽ പലരും വേഷപ്രച്ഛന്നരായ ദൈവദൂതന്മാരാണെന്ന് നമുക്കു മനസ്സിലാകും.

മിഷണറിയാവാൻ നമുക്കെല്ലാമുള്ള വിളിക്ക് ഒരു പ്രത്യുത്തരമെന്ന നിലയിൽ, ക്രിസ്തീയ ആതിഥ്യം സുവിശേഷസാക്ഷ്യത്തിനുള്ള ശക്തവും ഫലപ്രദവുമായ ഒരു മാർഗമായി മാറുന്നു. നമ്മളിൽ ചിലർ സുവിശേഷവുമായി അന്യനാടുകളിൽ പോയേക്കാം; പക്ഷേ, നമ്മുടെ ഭവനങ്ങളിലേക്കും നിത്യജീവിതത്തിലേക്കും സുവിശേഷത്തെ കൊണ്ടുവരുക എന്ന വെല്ലുവിളി എല്ലാവർക്കുമുള്ളതാണ്.

അങ്ങനെ ആതിഥ്യമര്യാദ, മറ്റുള്ളവർക്കുള്ള സമ്മാനവും, ദൈവത്തിൽ നിന്നുള്ള ദാനവും വിശ്വാസം ജീവിച്ചു കാണിക്കാനുള്ള മനോഹരമായ വഴിയുമായി മാറുന്നു.


***ജിലു ചെങ്ങാട്: അമേരിക്കയിലെ മാസ്സാച്ചുസെറ്റ്സിൽ ഭർത്താവിനും നാല് മക്കളുമൊത്ത് താമസിക്കുന്നു. ജീസസ് യൂത്ത് യു.എസ്.യുടെ ദേശീയ കോ – ഓർഡിനേറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.***



**വാർത്താവിചാരം – സണ്ണി കോക്കാപ്പിള്ളിൽ**









# വെളിച്ചം പകരരുത്

യേശു വീണ്ടും അവരോട് പറഞ്ഞു, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8, 12).

യേശു വരുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പ് ഏശയ്യ പ്രവാചകൻ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്; "അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്ന അവരുടെ മേൽ പ്രകാശം ഉദിച്ചു" (ഏശ 9, 2).

ജീവന്റെ പ്രകാശമുള്ളവർ, അതായത് യേശുവിനെ അനുഗമിക്കുന്നവർ ലോകത്തിന്റെ പ്രകാശമായിട്ടു മാറുന്നു. ഇരുളിൽ കഴിയുന്ന ജനങ്ങളുടെ ഇടയിലേക്ക് അവർ ഇറങ്ങിച്ചെല്ലുന്നു, അവരുടെ ജീവിതം പ്രകാശമാനമാക്കുന്നു. എന്നാൽ, അവരെ എന്നും ഇരുട്ടിൽ തളച്ചിടാൻ ആഗ്രഹിക്കുന്നവർക്ക് ഇത് സ്വീകരിക്കാൻ കഴിയുന്നില്ല. തന്നാലാകുന്ന വിധത്തിൽ അവർ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ദുരാരോപണങ്ങൾ കെട്ടിച്ചമയ്ക്കുന്നു. ഇരുട്ടിന്റെ മക്കൾ ഒരിക്കലും വെളിച്ചത്തിൽ വരരുത്. അവർ വിദ്യ അഭ്യസിക്കരുത്, ജോലി നേടരുത്, എന്നും തങ്ങളുടെ അടിയാളരായി കഴിയണം, പുറംലോകത്ത് ജീവിക്കാതെ എന്നും വനത്തിനുള്ളിൽ കഴിയുക. ജോലിക്ക് കൊടുക്കുന്ന നിസ്സാര വേതനംകൊണ്ട് തൃപ്തിപ്പെടുക, തങ്ങളുടെ ചൂഷണത്തിന് വിധേയരായി എന്നും ജീവിച്ചു കൊള്ളുക, തങ്ങൾ നിശ്ചയിച്ചു തരുന്ന ദൈവങ്ങളെ മാത്രം ആരാധിച്ചുകൊള്ളുക.

നിങ്ങൾ എന്തിനാണ് നല്ല ഭക്ഷണം കഴിക്കുന്നത്? നിങ്ങൾ എന്തിനാണ് നല്ല വസ്ത്രം ധരിക്കുന്നത്? നിങ്ങൾ എന്തിനാണ് രോഗം വന്നാൽ ചികിത്സിക്കുന്നത്? നിങ്ങൾ എന്തിനാണ് അവകാശങ്ങൾ ചോദിക്കുന്നത്?

അന്ധകാരത്തിൽ കഴിഞ്ഞവരെ വെളിച്ചത്തിലേക്ക് കൊണ്ടുവന്നതാണ് മിഷണറിമാർ ചെയ്ത കുറ്റം. മേൽജാതിക്കാരെന്ന് സ്വയം നടിക്കുന്ന ജന്മികളുടെ ചൂഷണത്തിനെതിരെ അവർ ഗോത്രവർഗങ്ങളെ ഉണർത്തി. വിദ്യാഭ്യാസവും ചികിത്സയും തൊഴിലും കൃഷിയും നൽകി. സ്വന്തം കാലിൽ നിൽക്കാൻ അവർക്കു കഴിഞ്ഞു. ക്രിസ്തുവിന്റെ പ്രകാശത്തെ തിരിച്ചറിഞ്ഞപ്പോൾ അവരിൽ കുറേപ്പേർ ആ ജീവിക്കുന്ന ദൈവത്തെ ആരാധിച്ചു. ഇന്ത്യയിലെ പല പ്രദേശങ്ങളിലും ക്രൈസ്തവ മിഷണറിമാരെ പീഡിപ്പിക്കുന്നതിന്റെ അടിസ്ഥാന കാരണം ഇതാണ്.

കേരളത്തിൽ പോലും തീവ്രചിന്ത പുലർത്തുന്ന ചിലരുടെ അബദ്ധജടിലമായ വാദങ്ങൾ കേൾക്കുമ്പോൾ മൂക്കത്ത് വിരൽ വച്ചു പോകും. മഹത്തായ ഇന്ത്യൻ ഭരണഘടനയെ പോലും തിരുത്തി തങ്ങൾക്ക് അനുകൂലമായ വിധത്തിൽ രൂപപ്പെടുത്താൻ നടക്കുന്നവരുടെ തനിനിറം പ്രവൃത്തികളിലൂടെ മനസ്സിലാക്കണം. ജനാധിപത്യം മലിനമായാൽ സ്വേച്ഛാധിപത്യത്തിലേക്കും ഫാസിസത്തിലേക്കും എത്തിച്ചേരും. ഞങ്ങൾ പറയുന്നത് നിങ്ങൾ അനുസരിച്ചാൽ മതി എന്ന നില വന്നാൽ മറ്റുള്ളവർക്ക് ഇവിടെ നിലനിൽപ്പില്ല. ഭരണഘടനാ സ്ഥാപനങ്ങളും കോടതിയുമൊക്കെ വിലയ്ക്കെടുത്ത് തങ്ങളുടെ ഇംഗിതമനുസരിച്ച് അതിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്നവരെ തിരിച്ചറിയണം. സംഘടിതമായ നീക്കംകൊണ്ട് ഭരണഘടന അവകാശങ്ങളെ നിഷേധിക്കുന്നത് ജനാധിപത്യത്തിന്റെ മരണമാണ്. ഇത്തരം നീക്കങ്ങൾക്കെതിരെ പ്രതിരോധം സൃഷ്ടിച്ചില്ലെങ്കിൽ മഹാത്മാക്കൾ കെട്ടിപ്പടുത്തതൊക്കെ ചീട്ടുകൊട്ടാരം പോലെ തകർന്നടിയും.




# സർക്കാർ ജോലികൾ അകലേ !!

ഈയിടെ അടുത്തടുത്ത ദിനങ്ങളിലായി മൂന്ന് സർക്കാർ ഓഫീസുകളിൽ പോകാനിടയായി. ഒരിടത്ത് 22 ജീവനക്കാരുണ്ട്. എന്നാൽ, ഒറ്റ ക്രൈസ്തവ നാമധാരി പോലുമില്ല. മറ്റൊരു വിഭാഗത്തിൽ 15 പേരുള്ള ഒരു ഓഫീസിൽ ഒറ്റ ക്രിസ്ത്യാനിയെയും കണ്ടില്ല. പിന്നെ പോകാൻ ഇടയായത് ഒരു പൊതുമേഖല ബാങ്കിലാണ്. ബ്രാഞ്ചിൽ 20 ഓളം ജീവനക്കാർ ഉണ്ടെങ്കിലും ഒറ്റ ക്രിസ്ത്യാനിയെയും കാണാൻ കഴിഞ്ഞില്ല. ക്രിസ്ത്യാനികൾ അവിടെ ഇല്ലാത്തതിനാൽ പോയ കാര്യം നടക്കാതെയുമിരുന്നില്ല. അതല്ല കാര്യം, എന്താണ് ഇപ്പോൾ സർക്കാർ ഉദ്യോഗങ്ങളിൽ ക്രൈസ്തവർ കടന്നുചെല്ലാത്തത്? സംവരണം ഇല്ലാത്തതുകൊണ്ടാണെന്ന് ചിലർ പറഞ്ഞേക്കാം. ചുരുക്കം ചില ക്രൈസ്തവ വിഭാഗങ്ങൾക്ക് സംവരണം ഉണ്ടുതാനും. എന്നിരുന്നാലും ഇത്തരം ജോലികൾക്കുള്ള ഒരു പരിശ്രമം ക്രൈസ്തവരുടെ ഭാഗത്തു നിന്നും വളരെ കുറവാണെന്നുള്ളതാണ് വസ്തുത. പി.എസ്.സി., യു.പി.എസ്.സി. തുടങ്ങിയ പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകൾ ബിരുദ പഠനകാലത്തല്ല, സ്കൂൾ തലത്തിൽ എങ്കിലും പരിശ്രമിക്കുന്ന ഒരു രീതി കടന്നുവരണം. ഇന്ത്യയിലെ ഉന്നത പഠന കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കാനുള്ള അന്വേഷണവും ഒരുക്കവും നാം ഉപേക്ഷിക്കരുത്. അധികാരത്തിന്റെ ശക്തി വലുത് തന്നെയാണ്. വിദേശ സ്വപ്നം മാത്രം ലാക്കാക്കി എല്ലാ പ്രവർത്തനങ്ങളും ആ വഴിക്ക് മാത്രമായാൽ സ്വന്തം നാട്ടിൽ നിന്ന് പുറന്തള്ളപ്പെടുന്ന അവസ്ഥ താമസിയാതെ കടന്നുവരും.

ഏതൊരു കാര്യവും നേടിയെടുക്കാൻ പ്രയത്നം ആവശ്യമാണ്. ക്രൈസ്തവ യുവജനങ്ങൾ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന് പലരും പറയുന്നു. വിദേശ സ്വപ്നങ്ങൾ എന്നും സാഫല്യമടയും എന്ന ചിന്തയ്ക്കവർ അധീനരായി പോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിവിധ തലങ്ങളിലുള്ള അധികാര ശ്രേണിയുടെ ഭാഗമാകാൻ കഴിഞ്ഞില്ലെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ടു പോകുമെന്ന യാഥാർഥ്യത്തെ വിസ്മരിക്കാൻ പറ്റില്ല.

# മുനമ്പത്ത് ഒരു സമരമുണ്ട്





മുനമ്പം വേളാങ്കണ്ണി ദേവാലയ അങ്കണത്തിൽ നടക്കുന്ന സമരം മുന്നൂറിൽ പരം ദിനങ്ങൾ പിന്നിട്ടു കഴിഞ്ഞു. 610 കുടുംബങ്ങൾക്ക് നീതി കിട്ടാതെ സമരം ഇഴഞ്ഞു നീങ്ങുമ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്ന് കനിവുണ്ടാകുമോ എന്ന് സംശയമാണ്. സർക്കാർ വിചാരിച്ചാൽ തീർക്കാവുന്ന ഒരു സമരം അലംഭാവംകൊണ്ട് അവർക്ക് നീതി നിഷേധിക്കപ്പെടുന്നു. നീതിബോധം നഷ്ടപ്പെട്ടവരുടെ ദുഷ്പ്രവൃത്തികൾ നൂറുകണക്കിന് സാധാരണക്കാരെയാണ് ബാധിച്ചിരിക്കുന്നത്. സമരത്തിന്റെ ആദ്യഘട്ടങ്ങളിൽ മാധ്യമശ്രദ്ധയും പൊതുജന പങ്കാളിത്തവും സമരത്തിന് ഉണ്ടായിരുന്നെങ്കിലും ഇന്ന് എല്ലാവരും കൈയൊഴിഞ്ഞ നിലയിലായോ എന്ന് സംശയം തോന്നുന്നു. പുതിയപുതിയ വിഷയങ്ങൾ ഉണ്ടാകുമ്പോൾ മാധ്യമങ്ങൾ ആ വഴിക്ക് പോകും. എന്നാൽ, ന്യായമായ ഈ സമരത്തോട് അനുഭാവം കാട്ടേണ്ട പലരും പിന്തിരിഞ്ഞോയെന്ന് സംശയം തോന്നുന്നു.

അധികാരി വർഗത്തിന്റെ ബോധപൂർവമായ കണ്ണടച്ചിരിപ്പിന്റെ തന്തോന്നിത്തരത്തിന് യാതൊരു ന്യായീകരണവുമില്ല. നീതിക്കും ധർമത്തിനും വിരുദ്ധമായി വോട്ട് ബാങ്കിന്റെ ശക്തിക്കുമുമ്പിൽ തലകുനിക്കുന്ന ലജ്ജാവഹമായ സമീപനങ്ങളാണ് അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. 610 കുടുംബങ്ങളുടെ ഭാവിയെക്കുറിച്ച് യാതൊരു ആകുലതയും ഇല്ലാത്ത അധികൃത സമീപനത്തിന് എതിരെ അതിശക്തമായ മുന്നേറ്റം നടത്താൻ മുനമ്പം ജനതയോട് അനുഭാവം പുലർത്തുന്നവർ തയ്യാറാകണമെന്ന് അഭ്യർഥിക്കുന്നു.

സ്മാർട്ട് കിഡ്സ് – ചിത്രീകരണം:  വെങ്കി  കഥ: സി. ജിയ എം.എസ്.ജെ

# സന്ന്യാസിയും ധനികനും



ഒരു മലയോര ഗ്രാമത്തിൽ, ശാന്തനും സമാധാനപ്രിയനുമായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യം. ഓരോ ദിവസവും അദ്ദേഹം ഗ്രാമങ്ങൾതോറും നടന്ന് ഭിക്ഷ യാചിക്കുമായിരുന്നു. ലഭിക്കുന്ന നാണയത്തുട്ടുകൾ അദ്ദേഹം സൂക്ഷിച്ചുവച്ച്, ആ പണം ഉപയോഗിച്ച് തന്റെ ഗ്രാമത്തിലെ പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണം വാങ്ങി നൽകി. വിശന്നു വലഞ്ഞിരിക്കുന്ന കുട്ടികളുടെ മുഖത്തെ സന്തോഷം കാണുമ്പോൾ അദ്ദേഹത്തിന്റെ മനസ്സ് നിറയുമായിരുന്നു.


ഗ്രാമത്തിലെ ഒരു പിശുക്കനായ ധനികൻ, സന്ന്യാസിയുടെ ഈ പ്രവൃത്തികൾ കൗതുകത്തോടെ നോക്കിക്കാണാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം സന്ന്യാസിയുടെ അടുത്തുചെന്ന് ചോദിച്ചു, "സ്വാമി, അങ്ങ് എന്തിനാണ് ഇങ്ങനെ

കഷ്ടപ്പെട്ട് ഭിക്ഷ യാചിക്കുന്നത്? അങ്ങേയ്ക്ക് ഈ പണം ഉപയോഗിച്ച് സുഖമായി ജീവിച്ചുകൂടെ?" സന്ന്യാസി പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "പണം സുഖസൗകര്യങ്ങൾ നൽകുമെന്നത് ശരിയാണ്. എന്നാൽ, വിശക്കുന്ന കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിലൂടെ ലഭിക്കുന്ന സന്തോഷം അതിനെക്കാൾ വലുതാണ്. അവരുടെ നിറഞ്ഞ വയറും സന്തോഷമുള്ള മനസ്സും കാണുമ്പോൾ എന്റെ ഹൃദയം നിറയുന്നു. എനിക്ക് തോന്നുന്നു ദൈവത്തിനും ഏറ്റവും ഇഷ്ടപ്പെടുന്ന കർമവും ഇതുതന്നെയായിരിക്കും. പിന്നെ മറ്റുള്ളവർക്കുവേണ്ടി നന്മ ചെയ്യുമ്പോൾ നമ്മുടെ ജീവിതം കൂടുതൽ അർഥപൂർണമാകും." സന്ന്യാസിയുടെ മറുപടി ധനികന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. പണത്തിന് അതീതമായ ഒരു സന്തോഷം ഉണ്ടെന്ന് അദ്ദേഹത്തിന് മനസ്സിലായി. അന്നുമുതൽ ആ ധനികൻ സന്ന്യാസിയെ മനസ്സറിഞ്ഞ് സഹായിക്കാൻ തുടങ്ങി. പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണം നൽകാൻ വേണ്ട പണം അയാൾ നൽകി. അവർ ഒരുമിച്ച് കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്തു.

അവരുടെ നല്ല പ്രവൃത്തികൾ ഗ്രാമത്തിലെ എല്ലാവർക്കും പ്രചോദനമായി. ഗ്രാമത്തിലെ മറ്റു പലരും പാവപ്പെട്ടവരെ സഹായിക്കാൻ മുന്നോട്ടുവന്നു. അങ്ങനെ, ആ ഗ്രാമം സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഒരു മാതൃകയായി മാറി. വർഷങ്ങൾ കഴിഞ്ഞുപോയി. സന്ന്യാസിയും ധനികനും തങ്ങളുടെ നല്ല പ്രവൃത്തികളിലൂടെ ഒരുപാട് പേരുടെ ജീവിതത്തിൽ വെളിച്ചം പകർന്നു. തങ്ങൾക്ക് ലഭിച്ച നല്ല കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടതിന്റെ പ്രാധാന്യം അവർ കുട്ടികളെ പഠിപ്പിച്ചു. പണം മാത്രമല്ല, സ്നേഹവും ദയയുമാണ് ജീവിതത്തിൽ യഥാർഥ സന്തോഷം നൽകുന്നതെന്ന് അവർ കുട്ടികൾക്ക് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു.

ഒരുനാൾ, പ്രായാധിക്യം കാരണം സന്ന്യാസിക്ക് തന്റെ യാത്രകൾ തുടരാൻ സാധിക്കാതെയായി. എന്നാൽ, അദ്ദേഹത്തിന്റെ അഭാവം ആരും അറിഞ്ഞില്ല. കാരണം, ധനികൻ സന്ന്യാസിയുടെ ദൗത്യം ഏറ്റെടുത്ത് മുന്നോട്ട് പോകാൻ തുടങ്ങി. പുതിയ ആളുകളും സന്നദ്ധപ്രവർത്തകരും ഈ ദൗത്യത്തിൽ പങ്കുചേർന്നു. ഗ്രാമത്തിലെ ഓരോ കുട്ടിക്കും വയറുനിറയെ ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ധനികൻ ഉറപ്പുവരുത്തി. സന്ന്യാസി ആരംഭിച്ച സ്നേഹത്തിന്റെ ഈ പ്രവാഹം ഒരിക്കലും നിലച്ചില്ല. സന്ന്യാസിയുടെ അവസാന നാളുകളിൽ, ധനികൻ അടുത്തുണ്ടായിരുന്നു. സന്ന്യാസിയുടെ കണ്ണുകളിൽ സംതൃപ്തിയുടെ തിളക്കം ധനികൻ കണ്ടു. അർഥപൂർണമായ ഒരു ജീവിതം നയിക്കാൻ തന്നെ പഠിപ്പിച്ച ഗുരുവിനോടുള്ള ആദരവിൽ ധനികന്റെ കണ്ണുകൾ നിറഞ്ഞു. സന്ന്യാസിയുടെ വേർപാട് ഗ്രാമത്തിന് ഒരു നഷ്ടമായിരുന്നെങ്കിലും, അദ്ദേഹം കത്തിച്ച നന്മയുടെ ദീപം എന്നെന്നും പ്രകാശിച്ചുനിന്നു. ധനികൻ ആ ദീപം കെടാതെ സൂക്ഷിച്ചു. പിന്നീട്, ആ ധനികൻ മരിച്ചപ്പോൾ, ഗ്രാമം മുഴുവൻ അവർക്കായി ദുഃഖിച്ചു. കാരണം, അവരുടെ ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും കൊണ്ടുവന്ന ആ രണ്ട് മഹത്വ്യക്തികളെ അവർക്ക് ഒരിക്കലും മറക്കാൻ കഴിയില്ലായിരുന്നു.


അവരുടെ ഓർമകൾക്ക് മുന്നിൽ ഗ്രാമം ഒരു സ്മാരകം നിർമിച്ചു. അതിൽ ഇങ്ങനെ എഴുതിച്ചേർത്തു: "സ്നേഹവും ദയയും പങ്കിടുമ്പോൾ ജീവിതം കൂടുതൽ മനോഹരമാകുന്നു." ഇന്നും, ആ ഗ്രാമം സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും മാതൃകയായി നിലനിൽക്കുന്നു. അവരുടെ കഥ പുതിയ തലമുറകൾക്ക് പ്രചോദനമായി, നന്മയുടെ പാതയിൽ മുന്നോട്ട് പോകാൻ അവരെ പ്രേരിപ്പിക്കുന്നു.




# വഴുതന മാത്തൻ



കാർട്ടൂൺ - സിനിൽ കെ.ജെ.






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos MEDIA

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Date of publication: 01/09/2025, ₹50.00


## കെയ്റോസ്

**കാൽ നൂറ്റാണ്ട് പിന്നിടുന്ന ജൈത്രയാത്ര...**


*ദൈവപരിപാലനയുടെ ചരിത്ര വഴികൾ..!*




**കെയ്റോസ് (മലയാളം)**

കൗമാരക്കാർക്കും യുവജനങ്ങൾക്കും...

*വിശ്വാസ ജീവിതത്തിന്റെയും ദൈവപരിപാലനയുടെയും നേർസാക്ഷ്യങ്ങൾ*




**Kairos Buds**

**Magazine for Kids**

*Faith formation & Character formation*

*Interactive & Informative*

*Creative & Dynamic*

AWARD WINNING MAGAZINE
MAGAZINE FOR YOUTH AND YOUNG FAMILIES

CMA AWARD 2025
(CATHOLIC MEDIA AWARD)
KAIROS GLOBAL - MAGAZINE OF THE YEAR

CATHOLIC MEDIA ASSOCIATION





kairos MEDIA

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030

0484 2984327 62382 79115 kairosmag@jykairosmedia.org

Scan QR code for subscriptions

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662